REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം
# ചിത്രവാരിക

16th DHANU 1110

31st DECEMBER 1934.



ഇംഗ്ലണ്ടിലെ പരമസുന്ദരി

മിസ്സ് യൂറോപ്പ് എന്ന സ്ഥാനത്തിനുള്ള ഹേസ്റ്റിംഗ്സിലെ സൗന്ദര്യമത്സരത്തിൽ ബ്രിട്ടന്റെ പ്രതിനിധി 'മിസ്സ് ഇംഗ്ലണ്ട്'. ഇവരുടെ യഥാർത്ഥനാമം മിസ്സ് ജൂൺ തോമസ് എന്നാണ്.

U. P. S.

VOL. VII. NO. 17

Price As. 2. വില ൨ ണ.

# ശ്രീരാമവിലാസം ബുക്ക് ഡിപ്പോ—കൊല്ലം

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## ഉപനിഷത്തുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| ഈശാവാസ്യോപനിഷത്ത് | 0 | 10 | 0 |
| കേനോപനിഷത്ത് | 0 | 6 | 0 |
| കാഠകോപനിഷത്ത് | 1 | 2 | 0 |
| പ്രശ്നോപനിഷത്ത് | 0 | 12 | 0 |
| മുണ്ഡകോപനിഷത്ത് | 0 | 12 | 0 |
| മാണ്ഡൂക്യോപനിഷത്ത് | 1 | 8 | 0 |
| തൈത്തരീയോപനിഷത്ത് | 1 | 4 | 0 |
| ഐതരേയോപനിഷത്ത് | 0 | 10 | 0 |
| ഛാന്ദോഗ്യോപനിഷത്ത് | 5 | 0 | 0 |

## ഇതിഹാസപുരാണാദി

| | ക. | ണ. | സ. |
|---|---|---|---|
| അദ്ധ്യാത്മരാമായണം (സവ്യാഖ്യാനം) | 1 | 8 | 0 |
| ടി (വലിയ അക്ഷരം) ഒന്നാംതരം | 1 | 8 | 0 |
| ടി (പത്തിതിരിച്ചു അച്ചടിച്ചത്) ടി | 1 | 8 | 0 |
| ടി (ആരണ്യകാണ്ഡം മാത്രം.) | 0 | 6 | 0 |
| ടി (ഉത്തരയോടുകൂടിയതു) | 0 | 8 | 0 |
| ശ്രീമഹാഭാരതം (കിളിപ്പാട്ട്) | 0 | 8 | 0 |
| ശ്രീമഹാഭാഗവതം (കിളിപ്പാട്ട്) | 1 | 0 | 0 |
| ടി (കട്ടിക്കടലാസിൽ, | 1 | 12 | 0 |
| ടി മേനിക്കടലാസിൽ (തോൽബയന്റ) | 3 | 0 | 0 |
| തുളസീദാസരാമായണം (ഭാഷാഗദ്യം) | | | |
| ഒന്നാംഭാഗം | 1 | 4 | 0 |
| രണ്ടാംഭാഗം | 1 | 4 | 0 |
| ജ്ഞാനവാസിഷ്ഠം (കിളിപ്പാട്ട്) | 2 | 0 | 0 |
| ശ്രീമഹാദേവീഭാഗവതം(സംപൂർണ്ണഗദ്യഗ്രന്ഥം) | 1 | 8 | 0 |
| കണ്ണശ്ശരാമായണം (ഉത്തരകാണ്ഡം) | 0 | 12 | 0 |
| രുഗ്മാംഗദചരിതം. | 0 | 4 | 0 |
| കിരാതാർജ്ജുനീയം കിളിപ്പാട്ട്. | 0 | 4 | 0 |
| അഘനാശപദ്ധതി. | 0 | 2 | 0 |
| ഹരിഹരപുത്രചരിത്രം | 0 | 3 | 0 |

## വേദാന്തഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശ്രീമദ് ഭഗവദ്ഗീത | 0 | 8 | 0 |
| സ്വാമി രാമതീർത്ഥൻ (ഒന്നാം ഭാഗം) | 0 | 12 | 0 |
| സ്വാമി രാമതീർത്ഥൻ (2-ം 3-ം ഭാഗങ്ങൾ) | 1 | 4 | 0 |
| സ്വാമി വിവേകാനന്ദന്റെ 1004 ഉപദേശങ്ങൾ അഥവാ അദ്ധ്യാത്മചിന്താമണി | 1 | 0 | 0 |
| ജീവോൽപത്തിചിന്താമണി | 0 | 2 | 0 |
| നാരദഗീത | 0 | 1 | 0 |
| പുനർജ്ജന്മസിദ്ധാന്തം | 0 | 4 | 0 |
| മോക്ഷപ്രദീപവിമർശം അഥവാ അന്ധവിശ്വാസങ്ങൾ | 0 | 6 | 0 |
| ദിവ്യരഹസ്യപ്രകാശിക | 1 | 4 | 0 |
| ദിവ്യരഹസ്യപ്രകാശിക രണ്ടാംഭാഗം | 0 | 12 | 0 |
| ഹഠയോഗപ്രദീപിക. | 0 | 8 | 0 |
| കേരളാചാരനാഡീപരിക്ഷ അഥവാ ക്ഷേത്രപ്രവേശവാദം | 0 | 4 | 0 |
| ഏകാദശിമാഹാത്മ്യം | 0 | 4 | 0 |

## സ്തോത്രഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| നാരായണീയം ഭാഷാവ്യാഖ്യാനസഹിതം | 0 | 12 | 0 |
| നാരായണീയം പാക്കറ്റുബുക്ക് | 0 | 4 | 0 |
| സംക്ഷിപ്തഭാരതം | 0 | 8 | 0 |
| ദേവീമാഹാത്മ്യസംഗ്രഹം സവ്യാഖ്യാനം | 0 | 2 | 0 |
| ശ്രീഗുരുഗീത. | 0 | 4 | 0 |
| സ്തോത്രരത്നാകരം വ്യാഖ്യാനസഹിതം. | 1 | 0 | 0 |
| സൌന്ദര്യലഹരി. | 0 | 6 | 0 |
| ശ്രീകൃഷ്ണലീലകൾ. | 0 | 2 | 0 |
| സംഗീതസ്തവാമൃതതരംഗിണി | 0 | 2 | 0 |

## സാഹിത്യഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| കൃഷ്ണഗാഥ പി. കെ നാരായണപിള്ളയുടെ അവതാരികയോടുകൂടിയതു് | 1 | 4 | 0 |
| 111-ആട്ടക്കഥകൾ സാധാരണബയന്റ്. | 3 | 0 | 0 |
| തോൽ, കാലിക്കോ. | 3 | 8 | 0 |
| 60-തുള്ളൽകഥകൾ സാധാരണ | 2 | 8 | 0 |
| തോൽബയന്റ് | 3 | 0 | 0 |
| ശ്രീകൃഷ്ണചരിതം മണിപ്രവാളം(സവ്യാഖ്യാനം) | 0 | 12 | 0 |
| മേഘദൂതം ഖണ്ഡകാവ്യം. | 0 | 8 | 0 |
| അഭിജ്ഞാനശാകുന്തളം സവ്യാഖ്യാനം. | 1 | 0 | 0 |
| ഭർത്തൃഹരി വ്യാഖ്യാനസഹിതം | 0 | 8 | 0 |
| വടക്കൻപാട്ടുകൾ. | 0 | 8 | 0 |
| എഴുത്തച്ഛൻ. | 0 | 9 | 0 |
| പദ്യമഞ്ജുഷ. | 0 | 6 | 0 |
| വേലുത്തമ്പിദളവാ | 0 | 8 | 0 |
| വ്യാസഭാരതം (ഗദ്യം) | 1 | 0 | 0 |
| വിജ്ഞാനരഞ്ജിനി (പരിഷ്കരിച്ചപതിപ്പ്) | 0 | 12 | 0 |
| പ്രബന്ധരത്നാവലി വ്യാഖ്യാനസഹിതം | 1 | 0 | 0 |
| ഗദ്യരത്നാവലി. | 0 | 12 | 0 |
| ഗദ്യമുക്താവലി. | 0 | 12 | 0 |
| ഉപന്യാസമാല ഒന്നാം ഭാഗം. | 0 | 10 | 0 |
| രണ്ടാം ഭാഗം. | 0 | 12 | 0 |
| കർണ്ണപർവ്വം സവ്യാഖ്യാനം | 0 | 4 | 0 |
| ചില കവിതാപ്രതിധ്വനികൾ | 0 | 13 | 6 |
| പ്രബന്ധമാല്യം. | 0 | 8 | 0 |
| പ്രസംഗതരംഗിണി രണ്ടാംഭാഗം | 0 | 8 | 0 |
| ശ്രീകൃഷ്ണകഥാവർണ്ണനം | 0 | 8 | 0 |
| ശ്രീപത്മനാഭദാസൻ. | 0 | 4 | 0 |
| ഭാരതീയമഹതികൾ. | 0 | 6 | 0 |
| പുഷ്പമാല. | 0 | 6 | 0 |
| സീതാദേവി | 0 | 6 | 0 |

# മലയാളരാജ്യം

## ചിത്രവാരിക.

പുസ്തകം ൧ | ൧൧൧൦ ധനു ൧൩-ാംനു- തിങ്കളാഴ്ച. | ലക്കം ൧൭.


അഖിലേന്ത്യാപ്രദർശനവും വിനോദശാലയും

ചിത്രനഗരം—തിരുവനന്തപുരം




പ്രവേശനദ്വാരം

Photo, Krishnan Nair Bros.

# മറവി.

(മൂത്തിരിങ്ങോട്ടു ഭവത്രാതൻനംപൂതിരിപ്പാട്.)

പാൽമഴപൊഴിക്കുന്ന പനിമതി പാതിരാവിൻെറ മറവിയാണു്; കതിർചിതറുന്ന കൊള്ളിമീൻ കൂരിരുളിൻെറ മറവിയാണു്; പൂച്ചെടികളുടെ പൂന്തണൽ പകലവൻെറ മറവിയാണു്; പച്ചപിടിച്ച പുൽത്തകിടികൾ പട്ടവേനലിൻെറ മറവിയാണു്; മുഴക്കെക്കരിതേക്കുവാൻ പാതിരാവും, തുത്തു കരിമ്പടംകെട്ടുവാൻ കൂരിരുളും, എമ്പാടും കൈനടത്തുവാൻ പകലവനും, എങ്ങും ഉണക്കിക്കരിക്കുവാൻ ആ പട്ടവേനലും തീരെ മറന്നുപോയി!

മറവിയുടെ ചിത്രകലാനൈപുണ്യം, ഹാ! അതു മനുഷ്യൻെറ ജീവിതഫലകത്തിൽ ആകാരരമ്യങ്ങളും അകൃത്രിമരമണീയങ്ങളുമായ സുമധുരരൂപങ്ങൾ വരച്ചുവെയ്ക്കുന്നു. മറവിയുടെ തയ്യൽപ്പണിവിരുതു്, അതു മനുഷ്യൻെറ ജീവിതപ്പൂമ്പട്ടിൽ തങ്കപ്പൂക്കൾ തുന്നിപ്പിടിപ്പിക്കുന്നു. മറവിയുടെ മനോഹരമന്ദഹാസം, അതു് മനുഷ്യൻെറ ജീവിതഭിത്തിയിൽ വെള്ളവലിക്കുന്നു.

മറവി, മുഗ്ദ്ധമായ മറവി, അമ്പമ്പോ! അതിൻെറ മഹനീയത; അതിൻെറ മനോഹാരിത! മറക്കുക; അന്യായങ്ങളായ അപരാധങ്ങൾ ആരെത്രതന്നെ ചെയ്താലും, അത്യന്തഗർഹിതങ്ങളായ അക്രമങ്ങൾ ആരെത്രതന്നെ കാണിച്ചാലും, അതെല്ലാം മന്ദഹാസപൂർവ്വം മറക്കുക; എത്രയൊരുൽകൃഷ്ടമനഃസ്ഥിതിയാണതു്! മറവിയെപ്പോലെ ഇത്ര അനുകമ്പപൂണ്ട ഒന്നില്ല; ഇത്ര ഔദാര്യമുള്ള ഒന്നില്ല! എന്തൊരന്തസ്സാണു് മറവിക്കുള്ളതു്; എന്തൊരാഭിജാത്യമാണു് മറവിയുടേതു്!

മറവി മനുഷ്യൻെറ കൂടപ്പിറപ്പാണു്. അതു മേലെടുത്തിട്ടിട്ടേ അയാൾ പുറത്തിറങ്ങി നടക്കാറുള്ളു. അതുകൊണ്ടു മൂടപ്പുതച്ചിട്ടേ അയാൾ കിടന്നുറങ്ങാറുള്ളു. അതുകൊണ്ടു വരുത്തിട്ടിട്ടേ അയാൾ സപാദ നോക്കാറുള്ളു.

ജീവിതത്തിൽ മനുഷ്യനെ മടുപ്പിക്കാതിരിക്കുന്നതു് മറവിയാണു്. മറവിയുടെ രസതന്ത്രവൈദഗ്ദ്ധ്യമാണു് ഓരോ സംഗതിയേയും സാധനത്തേയും മിനുക്കിത്തുടച്ചു മാറ്റുകൂട്ടുന്നതു്; നിറംകയററി നവംനവമാക്കുന്നതു്. നാം ഇന്നലെ അനുഭവിച്ചുകഴിഞ്ഞതിനെത്തന്നെ ഇന്നേയ്ക്കു മറവി പുതുതാക്കി കാണിക്കുന്നു. നമുക്കിന്നലെ മടുപ്പുതോന്നിയതുതന്നെ ഇന്നേയ്ക്കു മറവി സപാദുള്ളതാക്കിത്തീർക്കുന്നു. മറവിയില്ലെങ്കിൽ മനുഷ്യനു എത്ര വലിയ പഞ്ചാരപ്പായസവും ഒരിക്കൽ രുചിക്കുന്നതിനുമാത്രം; എത്ര വലിയ സൗന്ദര്യവും ഒരിക്കൽ നുകരുന്നതിനുമാത്രം! മനോജ്ഞമായ മട്ടമലക്കാവു് ഒരുതവണയേ നോക്കുവാൻതോന്നു. ചേതോഹരമായ ചെന്താമരപ്പൊയ്ക ഒരു പ്രാവശ്യമേ കാണുവാൻകൊതിക്കൂ. അഴകൊഴുകുന്ന ചന്ദ്രബിംബം രണ്ടാമത്തെനോട്ടത്തിൽ അഴുക്കിഴുകിയ ചാണകവരളിയായി. വരിഷ്ഠങ്ങളായ വൈരക്കല്ലുകൾ രണ്ടാമത്തെനോട്ടത്തിൽ വെറും വെള്ളാരങ്കല്ലുകളായി. അഹോ! മറവിയുടെ മഹിമയേറിയ മായാവിദ്യ; എതിരില്ലാത്ത ഇന്ദ്രജാലം!

മനുഷ്യരെല്ലാം വലിയ കമ്പക്കാരാവുക, അന്യോന്യം കല്ലെറിഞ്ഞും കൂക്കിവിളിച്ചും കിടന്നലയുക, കീറപ്പഴന്തുണിയുടുത്തു കുത്സിതരൂപത്തിൽ കഴിഞ്ഞുകൂടുക; ഇതു വിചാരിക്കുമ്പോൾത്തന്നെ നിങ്ങൾക്കു പേടിയാവുന്നില്ലേ? കിടുകിടെ വിറക്കുന്നില്ലേ? മനുഷ്യസമുദായത്തെ അങ്ങനെ കമ്പംപിടിക്കാതെ കാത്തുരക്ഷിച്ചതു മറവിയാണു്. എന്തും മറക്കുന്നതുകൊണ്ടാണു നാം കമ്പക്കാരാവാതിരിക്കുന്നതു്. നമ്മെ വട്ടംപിടിച്ചുകുലുക്കുന്നതും ഒന്നോടെ എടുത്തു വിഴുങ്ങുന്നതുമായ നിരവധി സംഗതികളോടു നാം നേരിട്ടിട്ടുണ്ടാവാം. നമ്മുടെ തലച്ചോറിനെ ഊതിയുലർത്തുന്ന അസംഖ്യം സംഭവങ്ങൾ നമുക്കനുഭവപ്പെട്ടിട്ടുമുണ്ടാവാം. അപ്പോഴെല്ലാം മറവിയുടെ തണുത്ത കാററാണു നമ്മുടെ ചുട്ടുപഴുത്ത തലമണ്ടയെ വിരാമമില്ലാതെ വീശിത്തണുപ്പിക്കുന്നതു. മറവിയുടെ അനവരതമുള്ള അമൃതധാരയാണു മനുഷ്യൻെറ പുകഞ്ഞ തലച്ചോറിനെ കുറച്ചെങ്കിലും കുളുപ്പിച്ചുവെക്കുന്നതു്.

അതുപോലെ മനുഷ്യഹൃദയത്തിലെ വെന്തുനീറുന്ന വ്രണങ്ങളിൽ മരുന്നുപുരട്ടുന്നതും മറവിയാണു. നമ്മുടെ ജീവിതത്തിൽ ഹൃദയത്തെ കുത്തിമുറിവേല്പിക്കുന്നതും വേദനിപ്പിക്കുന്നതും ആയ സംഗതികളില്ലായ്കയല്ല, അവയെയെല്ലാം മറക്കുന്നതുകൊണ്ടാണു് നാം നീറി നീറി നശിക്കാതിരിക്കുന്നതു്; വെന്തു വെന്തു വെണ്ണീറാവാതിരിക്കുന്നതു്. കഴിഞ്ഞുപോയ കഷ്ടപ്പാടുകൾ പിന്നേയും പിന്നേയും ഉയിർത്തെഴുന്നേൽക്കുവാൻ തുടങ്ങിയാൽ, കുടിച്ചുതീർത്ത ചെളിവെള്ളമത്രയും വീണ്ടും വീണ്ടും നികന്നുവരുവാനാണു് ഭാവമെങ്കിൽ, ദുസ്സഹദുഃഖങ്ങളെല്ലാം പുതിയ പുതിയ രൂപത്തിൽ മുഖംകാണിക്കുവാൻ പുറപ്പെട്ടാൽ, നമ്മളെന്തുകാട്ടും. ഒന്നുകിൽ ഹൃദയം നുറുങ്ങിപ്പോവുക, അല്ലെങ്കിൽ തലയോടു പൊട്ടിപ്പിളരുക; ഇതുരണ്ടും കൂടാതെ കഴിക്കുന്നതു മനസ്സുതുന്നുന്ന മറവിയാണു്.

മനുഷ്യനു നേർവഴി കാണിക്കുന്ന ഒരു നേതാവാണു് മറവി. കഴിഞ്ഞ കാര്യങ്ങളുടെ നേർക്കു കഷ്ടംവെച്ചും നെടുവീർപ്പിട്ടും പിന്തിരിച്ചുനിർത്താതെ മനുഷ്യനെ എപ്പോഴും മുന്നോട്ടു നയിച്ചുകൊണ്ടു പോകുന്നതു് മറവിയുടെ പ്രബലഹസ്തങ്ങളാണു. മറവിയില്ലായിരുന്നെങ്കിൽ മനുഷ്യൻ അയാളുടെ ജീവിതമാർഗ്ഗത്തിൽ എതിരിടുന്ന ഓരോ കുപ്പക്കുണ്ടിൻെറയും വിചാരപ്പെടുക്കുന്ന ഓരോ പാഴ്ക്കുററൻപർവ്വതത്തിൻെറയും മുമ്പിൽ മിഴിച്ചു നിന്നേനെ. കാണപ്പെടുന്ന ഓരോ ചെഞ്ചോരപ്പുഴയിലും അയാൾ ചത്തൊടുങ്ങിയേനെ. കണ്ടുമുട്ടുന്ന ഓരോ ശവത്തിന്നരികിലും അയാൾ കാവലിരുന്നേനെ. മറവി പതിച്ച കണ്ണീരിനെ തുടച്ചുകളയുന്നു; പട്ടടക്കുഴിയെ പട്ടിട്ടുമൂടുന്നു.

മറവി ഒരേസമയത്തു് ഒരു കവിയും ആചാര്യനുമാണു്. സദാചാരത്തിന്നും നീതിബോധത്തിന്നും അണുവും കോട്ടംതട്ടാതെ ഇത്ര ഔചിത്യഭംഗിയോടും സന്ദർഭശുദ്ധിയോടും പെരുമാറുവാൻ മനുഷ്യനെ പഠിപ്പിച്ചതു് മതാചാര്യനായ മറവിയാകുന്നു. അല്ലെങ്കിൽ മനുഷ്യൻ ജായയോടും ജനയിത്രിയോടും പുത്രനോടും പിതാവിനോടും ഒരേരീതിയിൽ പെരുമാറുമായിരുന്നു. പ്രണയിനിയുടെ പട്ടുമേനി സപ്രേമം തൊട്ടുതലോടുവാനും അമ്മയുടെനേർക്കു കരളുഴിഞ്ഞു കൈകൂപ്പുവാനും പൂജ്യപാദനായ പിതാവിനെ പരമഭക്തിയോടെ പരിചരിക്കുവാനും പ്രിയപ്പെട്ട പുത്രനെ പിന്നെയും പിന്നെയും പരിലാളിക്കുവാനും മാറിമറിയാതെ പരിശീലിപ്പിച്ചതു മറവിയുടെ അദ്ധ്യാപനപാടവമാണു്. അതുപോലെ മറവിയുടെ കരൾകക്കുന്ന കവിതകളാണു് മനുഷ്യൻെറ ഉൾക്കാമ്പിൽ വികാരങ്ങളേയും, മുഖകമലത്തിൽ രസഭേദങ്ങളേയും മാററി മാററിക്കൊണ്ടിരിക്കുന്നതു്. മറവിയുടെ മോഹനവിദ്യയില്ലായിരുന്നെങ്കിൽ പ്രേയസിയുടെ സുമധുരരൂപവും മാതാവിൻെറ മഹനീയാകൃതിയും അച്ഛൻെറ അഭിവന്ദ്യാകാരവും പുത്രൻെറ പൂവുടൽവടിവും അയാൾ ഒരേ ചേഷ്ടയോടെ ഒരേ വികാരത്തോടെ ഒരേ രസസ്ഫൂർത്തിയോടെ നോക്കിക്കാണുമായിരുന്നു.

വാർദ്ധക്യത്തിൻെറ വന്ദ്യഭാവം മറവിയിലാണു്. മറവിയുടെ മന്ദഹാസമേററിട്ടാണു് വാർദ്ധക്യമിങ്ങനെ വെളുവെളുത്തിരിക്കുന്നതു്. വാർദ്ധക്യത്തിൻ വെള്ളിക്കമ്പിവലിക്കുന്നതു വാസ്തവത്തിൽ മറവിയുടെ ചന്തമുള്ള വിരലുകളാണു. അതിൻെറ തോളുകളിലാണു് വാർദ്ധക്യം വടിയൂന്നുന്നതു്. അതിൻെറ വിരിമാത്തട്ടിലാണു് വിശ്രമിക്കുന്നതു്. മറക്കുക; അതാണു് ഒരു വൃദ്ധൻെറ മുദ്രവാക്യം! എല്ലാം മറക്കുവാനല്ലാതെ ഒന്നിനോടും മറുക്കുവാൻ അയാൾക്കു വശമില്ല. എത്ര പരിപാകപമാണു് ഒരു വൃദ്ധൻെറ ഹൃദയം; എത്ര രുചികരങ്ങളാണു് അയാളുടെ മനോഭാവങ്ങൾ! പ്രതീകാരേച്ഛ അയാളുടെ വെണ്മപൂണ്ട ഹൃദയത്തിൽ ഒരിക്കലും കരിനിഴൽ കയററാറില്ല. പ്രതിക്രിയാവാഞ്ഛ അയാളുടെ സുരഭിലചിന്തയിൽ ഒരുനാളും പൂതിഗന്ധം പരത്താറില്ല. അയാൾ എന്തും പുഞ്ചിരിപൂണ്ടു പൊറുക്കും; മഹിതമനഃസ്ഥിതിയോടെ മറക്കും!

കൌമാരത്തിൻെറ കമനീയതയും മറവിയിലാണു് മുങ്ങിക്കിടക്കുന്നതു്. മറവിയുടെ മരന്ദമാണു് കൌമാരത്തിൻെറ അവ്യക്തമധുരങ്ങളായ കൊഞ്ചലുകളിൽ ഊറിക്കാണുന്നതു് മറവിയുടെ തളിക്കൈകളാണു് ആ കുഞ്ഞോമനയുടെ കുഞ്ഞിക്കാൽവെപ്പുകളിൽ പൂവിതറിക്കൊണ്ടിരിക്കുന്നതു്. മറവിയുടെ മനോഹാരതയാണു് ആ പിഞ്ചുപൈതലിൻെറ മുഖമലരിൽ തെളിഞ്ഞുകാണുന്നതു്. ആ ചെങ്കതിർക്കുമ്പിൽ ചെ

# മരണത്തിൻെറ പിടിയിൽനിന്നു്.

ഞാറവീട്ടിൽ അപ്പുക്കുട്ടമേനോൻ ബി. എ.

ജീവിതം അസ്ഥിരമാണു്; മരണം സുനിശ്ചിതവും. തൻമൂലം എല്ലാക്കാലങ്ങളിലും എല്ലാ രാജ്യത്തും ദീർഘായുസ്സിനുള്ള മാർഗ്ഗങ്ങളെ ആരായുന്ന ചിന്ത മനുഷ്യനെ ആകർഷിച്ചിട്ടുണ്ടു്. ആത്മാവിൻെറ അനശ്വരത്വം ആന്തരമായ ഒരു വിശ്വാസത്തെ ആശ്രയിച്ചിരിക്കുന്നു. പക്ഷെ മാംസളിതമായ ദേഹം ബാഹ്യദൃഷ്ടിക്കു ഗോചരമാണു്. വയോവൃദ്ധനാകുന്നതുവരെ ജീവിക്കണം; ഇതാണു് എല്ലാവരുടെയും പരിമിതമായ ഒരാഗ്രഹം. ആയുർവർദ്ധനയ്ക്കു സഹായകരമായുള്ള ആരോഗ്യത്തെ സംബന്ധിച്ചും ജീവിതചര്യയെക്കുറിച്ചും ചില സാമാന്യനിയമങ്ങളുണ്ടു്. എങ്കിലും പലപ്പോഴും പല യാദൃശ്ചികാപകടംകൊണ്ടും രോഗംകൊണ്ടും ഏററവും അരോഗദൃഢഗാത്രമായ ജീവിതംപോലും പെട്ടെന്നു പര്യവസാനിക്കുന്നു; മനുഷ്യർ പരസ്പരം പടവെട്ടി മരിക്കുന്ന യുദ്ധത്തെക്കുറിച്ചു പിന്നെ പറയേണ്ടതില്ലല്ലൊ.

ജീവിതത്തോടുള്ള സ്നേഹംകൊണ്ടല്ല, ആ അജ്ഞാതമായ മരണത്തോടുള്ള ഭയവിഹ്വലതകൊണ്ടാണു മനുഷ്യൻ ജീവിതത്തോടു പററിപ്പിടിച്ചുകിടക്കുന്നതു്. മരണം എല്ലാവരെയും സമീപിയ്ക്കും; പക്ഷെ മരണം എന്നാൽ എന്താണെന്നോ, മരിച്ചു കഴിഞ്ഞാൽ പിന്നീടെന്തു സംഭവിയ്ക്കുമെന്നോ ആർക്കും അറിഞ്ഞുകൂടാ. പുനർജ്ജന്മത്തെക്കുറിച്ചും നാകനരകങ്ങളെക്കുറിച്ചും മററുമുള്ള സകല അഭിപ്രായങ്ങളും ഭാവനയേയും വിശ്വാസപ്രതീക്ഷയേയും അടിസ്ഥാനപ്പെടുത്തിയുള്ളതാണു്; അല്ലാതെ അവ അനുഭവപരിചയങ്ങളുടെ ഫലമല്ലതന്നെ. ജീവാവസാനത്തിൽ ദേഹവും ദേഹിയും ശൂന്യമായിത്തീരുമെന്ന ചിന്ത ഹൃദയത്തെ ക്ഷീണിപ്പിക്കുന്നു. ഏതെങ്കിലും ഒരു ജീവിതരീതിയുടെ അപ്രതിരോധ്യമായ തുടർച്ചയിലും വിശ്വാസത്തിലും ഹൃദയം സംതൃപ്തിനേടുന്നു. നരകത്തിലെ കഷ്ടാരിഷ്ടാനുഭവങ്ങൾ നിശ്ശേഷമുള്ള അനാസ്തിക്യതയിലും ഭേദമാണു്. മരണത്തിൻെറ അജ്ഞാതമായ നിഗൂഢഭാവനയും അതേക്കുറിച്ചു നിശ്ചിതമായ ഒരു നിശ്ചയത്തിൽ എത്താനുള്ള വൈഷമ്യവും അതിൻെറ ഭയാനകതയെ വർദ്ധിപ്പിക്കുന്നു. മരണത്തെക്കാൾ ചിരപരിചിതമായ മറെറാന്നു ലോകത്തിൽ ഇല്ല; അതേക്കാൾ നിഗൂഢരഹസ്യമായിട്ടും മറെറാന്നില്ല. തൻെറ ഏകസന്താനത്തിൻെറ അകാലനിര്യാണത്തിൽ പരവശചിത്തയായ ഒരു അബലാജനത്തോടു അതുവരെ മരണമുണ്ടായിട്ടില്ലാത്ത ഒരു ഗൃഹത്തിൽനിന്നും അല്പം കടുകുകൊണ്ടുവരാൻ ബുദ്ധദേവൻ അരുളിച്ചെയ്തു എന്നും തൻെറ പരിശ്രമത്തിൽ ആ സ്ത്രീ പരാജിതയായി എന്നും മററുമുള്ള കഥകൾ ഈ സന്ദർഭത്തിൽ സ്മരണീയമാണു്. എവിടെ ജീവിതമുണ്ടോ അവിടെ മരണവുമുണ്ടു്; മാത്രമല്ല, മരിച്ചവരുടെസംഖ്യ ജീവിക്കുന്നവരുടേതിനെക്കാൾ എത്രയോ വലിയതാണു്!

ഭൂലോകംമുഴുവൻ മരണത്തിനധീനമാണു്. ആയുഷ്കാലത്തെ വർദ്ധിപ്പിച്ചു മരണത്തെ കീഴടക്കിക്കളയാമെന്നുള്ള മനുഷ്യൻെറമോഹം വെറും വ്യാമോഹമാണു്. ജീവിതത്തിൻെറ നിത്യത ആത്മാവിനെ സംബന്ധിച്ചേടത്തോളം യഥാർത്ഥമായേക്കാം. പക്ഷെ മനുഷ്യൻെറ പരിശ്രമംമുഴുവൻ ദേഹത്തിൻെറ അനശ്വരത്വത്തിനുവേണ്ടിയാണു്. ദേവന്മാരുടെ അനുഗ്രഹഫലമായി പലപ്പോഴും ദേഹത്തിനുതന്നെ നിത്യതലഭിച്ചതായി പുരാണേതിഹാസങ്ങൾ ഉൽഘോഷിക്കുന്നു. പ്രാചീനകാലത്തു ചില രാജ്യങ്ങളിൽ രാജാവിനെ വന്ദിച്ചിരുന്നതു "അവിടുന്നു ചിരകാലം ജീവിക്കട്ടെ" എന്ന സംബോധനകൊണ്ടായിരുന്നു. ഭാരതത്തിൽ അനുഗ്രഹത്തിൻെറ സാമാന്യരീതി "ആ അനുഗ്രഹീതൻ ആയുഷ്മാനായി ഭവിക്കട്ടെ" എന്നാണു്. മരണത്തെക്കുറിച്ചുള്ള ഒരു ഭയവും അതിൽനിന്നും രക്ഷനേടുവാനുള്ള ഒരാഗ്രഹവും ഈ സങ്കല്പങ്ങളുടെയെല്ലാം പിറകിൽ ഒളിഞ്ഞുകിടപ്പുണ്ടു്. പക്ഷെ ഒരു രാജാവു് ഭിക്ഷക്കാരനെപ്പോലെതന്നെ മരണത്തിനധീനനാണെന്ന സത്യത്തിനു ഇന്നുവരെ മാററമൊന്നും സംഭവിച്ചിട്ടില്ല. ദൈവികമായ വരത്തിനോ, മനുഷ്യൻെറ ആഗ്രഹത്തിനോ ആ നിശ്ചിതമായ സമയത്തുള്ള മരണത്തിൻെറ സമാഗമത്തെ തടയുവാൻ കഴികയുമില്ല.

ആയുഷ്കാലം നീട്ടിക്കിട്ടുവാനുള്ള മനുഷ്യൻെറ അത്യാശക്കു സുനിശ്ചിതമായ തെളിവുകൾ ചില പ്രാചീനഗ്രന്ഥങ്ങളിലുണ്ടു്. ജൂതന്മാരുടെഇടയിലുള്ള കുടുംബപിതാവു് (Patriarch) ദീർഘകാലം ജീവിച്ചിരുന്നു എന്നതു് സമ്മതിച്ചുകൊടുക്കുക. പക്ഷെ ക്രിസ്ത്യാനികളുടെ പഴയ നിയമത്തിലെ (Old Testament) സവിസ്തരമായ ചില പ്രസ്താവനകൾ വിശ്വസിക്കാൻ വേണ്ട ന്യായങ്ങളില്ല. ഉദാഹരണമായി ആദാമിനു മരണസമയത്തു തൊള്ളായിരത്തിമുപ്പതു വയസ്സായി എന്നു അതിൽ ഒരുഭാഗത്തു പറയുന്നു. ആദാം ഒരു ഇതിഹാസകഥാപാത്രമായിരുന്നില്ലെങ്കിൽതന്നെ അദ്ദേഹത്തിൻെറകാലത്തുനടന്ന സംഭവങ്ങളെ ശരിയായി രേഖപ്പെടുത്തുക കേവലം അസാദ്ധ്യമാണു്. അന്നു എഴുതുവാനുള്ള സാമഗ്രികളുണ്ടായിരുന്നില്ല; കാലത്തിൻെറ വർഷമാസങ്ങളെ രേഖപ്പെടുത്തുവാൻ ഉപകരണമുണ്ടായിരുന്നില്ല; വർഷവും മാസവുംതമ്മിലുള്ള വിഭജനമുണ്ടായിരുന്നില്ല. തൻമൂലം ആദാമിനു കല്പിച്ചിട്ടുള്ള വയസ്സു് ശുദ്ധമേ സാങ്കല്പികമാണു്. ആദാമിൻെറ വംശത്തിൽപ്പെട്ടവനും തൊള്ളായിരത്തിഅറുപത്തൊൻപതുവർഷം ജീവിച്ചിരുന്നവനുമായ മെത്തുസല (Methuselah) യ്ക്കാണു് ഏററവുംവലിയ ദീർഘായുസ്സ് കല്പിച്ചിട്ടുള്ള

നുചേർന്നിട്ടുള്ളതു് മറവിയുടെ പൊന്നൊളിയാണു്. ആ ഓമനക്കണ്ണുകളിൽ ഒളിഞ്ഞുകിടക്കുന്നതു് അതിൻെറ അഭിരാമത്വമാണു്. ആ കരുണഹൃദയത്തിൽ കുരുത്തുകാണുന്നതു് അതിൻെറ മഹിമാതിശയമാണു

അപ്പോൾ മറവിയുടെ മറെറാരു പേരാണു് നിഷ്കളങ്കത. നിഷ്കളങ്കനെന്നുവച്ചാൽ മറവിക്കാരനെന്നാണർത്ഥം. ഒരു മറവിക്കാരൻെറ മുഖംനിറയെ മന്ദഹാസമാണു്; അകംനിറയെ ആഹ്ളാദമാണു്. ആരുടെ വദനവും വാടിക്കാണുവാൻ അയാൾക്കു വയ്യ. ആരുടെ കരളും കരിഞ്ഞുകാണുവാൻ അയാൾക്കു കഴിവില്ല. അയാൾ പാറിപ്പറക്കുന്നതു് ഔദാര്യത്തിൻെറ നറുനിലാവത്താണു്, ചുററിത്തിരിയുന്നതു് അനുകമ്പയുടെ അനന്താന്തരിക്ഷത്തിലാണു്, കോൾമയിർക്കൊള്ളുന്നതു് കാരുണ്യത്തിൻെറ കുളുർകാററിലാണു്.

ആകപ്പാടെ മറവി മനുഷ്യൻെറ കരൾച്ചെടിയിൽ കുളുക്കെ മൊട്ടിട്ടുവിരിയുന്ന ഒരു പൊന്മലരാണു്. അതിൻെറ നിറകതിരാണു് ജീവിതമാർഗ്ഗത്തിൽ വെളിച്ചം കാട്ടുന്നതു് അതിൻെറ പൂന്തേനാണു് ജീവിതചഷകത്തെ സുമധുരമാക്കുന്നതു്.

കാലചക്രം ലോകത്തേയും വലിച്ചുകൊണ്ടു ചുററിത്തിരിയുന്നതു് മറവിയുടെ അച്ചുതണ്ടിന്മേലാണു് മറവിയുടെ അഭാവത്തിൽ സർവ്വം നിശ്ചലം; സർവ്വത്ര നിശ്ശബ്ദം! പ്രകൃതിയുടെ അടിക്കല്ലു മറവിയാകുന്നു. കലാകുശലനായ ഈശ്വരൻ അണ്ഡഗോളമാകെ അടുക്കിപ്പടുത്തിട്ടുള്ളതു മറവിയിന്മേലാണു്. ഇന്നു നാം പ്രകൃതിയിൽ കാണുന്നതോരോന്നും മറവിയുടെ വികാരമാകുന്നു. പൂച്ചെടികൾ പലവുരു തളിർത്തുകുളുക്കുന്നതും പൈങ്കിളികൾ പിന്നേയും പിന്നേയും പല്ലവിപാടുന്നതും വാരൊളിത്തിങ്കൾ വീണ്ടുംവീണ്ടും തിളങ്ങിവിളങ്ങുന്നതും ആകാശം അനുദിനം അമന്ദിരുന്ന നക്ഷത്രമാല കോർക്കുന്നതും അങ്ങേഅററം മനുഷ്യൻ തൻെറ ശവം ചവുട്ടി മുന്നോട്ടുപോകുന്നതുപോലും മറവിയുടെ മാഹാത്മ്യത്തെയാണു് വിളിച്ചുപറയുന്നതു്

അതുകൊണ്ടു് ഞാനാഗ്രഹിക്കുന്നതു് ഇതൊന്നുമാത്രമാണു്: എന്നുമെന്നും മറവിയിൽ ജനിക്കുക, മറവിയിൽ ജീവിക്കുക, മറവിയിൽ മരിക്കുക.

—*—

തു്. തൊള്ളായിരത്തിഅൻപതുവയസ്സുവരെ ജീവിച്ച നോവാ (Noah) ഇതിലും വളരെ പിറകിലല്ല.

ഭാഷയുടെ വൈശിഷ്ട്യത്തിലും കാലത്തിന്റെ ഗണനയിലും പ്രഥമസ്ഥാനം പ്രാചീനഭാരതത്തിലെആര്യന്മാൎക്കാണു്. ബുദ്ധിസാമൎത്ഥ്യത്തിലും ആദ്ധ്യാത്മികസംസ്കാരത്തിലും പഴയകാലത്തെ സകല സമുദായങ്ങളേക്കാളും ഉന്നതമായ ഒരു നില അവൎക്കുണ്ടായിരുന്നു. ചിന്തയുടെ കേന്ദ്രീകരണത്തിലും ഭാഷയുടെ പ്രാഗത്ഭ്യത്തിലും അവൎക്കുണ്ടായിരുന്ന പാടവത്തിന്നു് ഉപനിഷത്തുകളും അവരുടെ തത്വജ്ഞാനവും ലക്ഷ്യമാണു്. പുരാണേതിഹാസങ്ങളിലാവട്ടെ ഈ നിബന്ധനകളൊക്കെ ഇല്ലാതാവുകയും ഭാവനയുടെ സ്വച്ഛന്ദവിഹാരത്തിനു് സ്വാതന്ത്ര്യം ലഭിക്കയും ചെയ്യുതായിട്ടാണു് കാണപ്പെടുന്നതു്. അവൎക്കു കാലത്തിന്റെ പരിമാണഗണനയിൽ അത്യധികമായ അധിക്ഷേപമായിരുന്നു. കെട്ടുകഥകളുടേയും നിൎമ്മാണസാഹിത്യത്തിന്റേയും ജനയിതാക്കളായ ഇക്കൂട്ടർ കാലനിരീക്ഷണത്തിൽ അനാവശ്യമായ ശ്രദ്ധ പതിപ്പിച്ചുപോന്നു. ക്രിസ്ത്യാനികളുടെ പഴയ നിയമത്തിൽ ഏററവും ദീൎഘമായ മനുഷ്യജീവിതം ആയിരം വൎഷത്തിലധികമായിരുന്നില്ല. പുരാണഭാരതീയ ഇതിഹാസങ്ങളിലാവട്ടെ നാം നിമിഷങ്ങൾ ചിലവഴിക്കുന്നതു പോലെയുള്ള ലാഘവത്തോടെ മനുഷ്യജീവിതത്തിനു ആയിരക്കണക്കിനു ആയുസ്സു നൽകിപ്പോന്നു. മൂന്നു നാലുസ്ഥാനത്തിലുള്ള സംഖ്യ ആ പ്രാചീന ആൎയ്യകവിയുടെയും ഇതിഹാസകാരന്റേയും വിശാലമായ ഭാവനയ്ക്കു് നിസ്സാരമായിരുന്നു. കോടീശ്വരന്മാർ ധനത്തെക്കുറിച്ചു ചിന്തിക്കുന്നതുപോലെ ഭാവനയുടെ സ്വേച്ഛാധികാരികളായ ഇവർ വലിയസംഖ്യകളിൽ ചിന്തിച്ചുപോന്നു ആൎയ്യന്മാരുടെ കണക്കുശാസ്ത്രം അഗാധമായ ബുദ്ധിശക്തിയുടെ പ്രതിഫലനമാണെന്നു സമ്മതിക്കാം. പക്ഷെ അതിശയോക്തി അതിന്റെ നിശ്വാസത്തെ മൂടിവച്ചുഎന്നുമാത്രം. അവരോളം കെട്ടുകഥ നിൎമ്മിക്കാൻ ഇന്നുവരെ മററാൎക്കും കഴിഞ്ഞിട്ടില്ല. തൂലികയുടെ സ്വപ്നത്തിൽ അവർ നിധി മൂടിവച്ചു. സഹസ്രവൎഷകണക്കിനു് മനുഷ്യൎക്കായുസ്സും, രാജാക്കന്മാൎക്കു രാജ്യഭരണവും നൽകപ്പോന്നു. അന്നു കാലമോ അതിന്റെ ഗണനയോ ഇല്ലായിരുന്നുവെന്നു പറഞ്ഞുവല്ലൊ. ഭാവനയെ മനുഷ്യഹൃദയത്തിൽ കത്തിവയ്ക്കണമെന്നായിരുന്നു അവരുടെ ഉദ്ദേശം. ആയുസ്സിന്റെ യഥാൎത്ഥമായ ദൈൎഘ്യം ഈ ഉദ്ദേശസിദ്ധിക്കു പൎയ്യാപ്തമല്ലാതെ വന്നതാണു് സാങ്കല്പികമായ ദീൎഘായുസ്സിനു കാരണം. ഈ പ്രാചീനകഥാകൃത്തുക്കൾ സൂക്ഷ്മനിരീക്ഷകന്മാരായിരുന്നു. കാലത്തിന്റെമീതേ യാതൊന്നുമില്ലെന്നും, കാലയവനികയ്ക്കുള്ളിൽ തങ്ങൾക്കു നിൎഭയം വിഹരിക്കാമെന്നും അവൎക്കുറപ്പുണ്ടായിരുന്നു.

ഭാവനയുടെ അടിസ്ഥാനത്തിന്മേൽ പടുക്കപ്പെട്ടിരുന്ന സാങ്കല്പികദീൎഘായുസ്സു് കാലം മുന്നോട്ടുനീങ്ങുംതോറും കുറഞ്ഞുകാണുന്നു. എങ്കിലും ഈ അടുത്തകാലത്തുതന്നെ ഉണ്ടായിട്ടുള്ള ചില ആഖ്യായികകളിലും മററും ഇതിന്റെ പ്രതിഫലനം കാണുന്നുണ്ടു്. ലിററൻ (Lord Lytton) അലക്സാന്തർ ഡ്യൂമാസ് (Alexander Dumas) തുടങ്ങിയവരുടെ ചില നോവലുകളിൽ കാലത്തെ അധികരിച്ചു് ആയിരം വൎഷവും മററും ജീവിച്ചിരുന്ന കഥാപാത്രങ്ങൾ ഉണ്ടു്. ഈ കഥാപാത്രങ്ങൾ സാങ്കല്പികമാണെന്നുള്ള വസ്തുത മനുഷ്യന്റെ പരിശ്രമോപായങ്ങളുടെ ഫലമായി ആയുസ്സു ദീൎഘിപ്പിക്കാൻ കഴിയുമെന്നുള്ള വിശ്വാസത്തെ തെല്ലും ഇല്ലായ്മ ചെയ്യുന്നില്ല. കാഥികന്മാരെ ഉപേക്ഷിച്ചാൽതന്നെ ആധുനികശാസ്ത്രജ്ഞന്മാർ വൃദ്ധനായ മനുഷ്യന്റെ ദേഹത്തിൽ വാനരശോഷപിണ്ഡങ്ങൾ കൂട്ടിച്ചേൎത്തു മനുഷ്യായുസ്സു ദീൎഘിപ്പിക്കാനുള്ള പരീക്ഷണങ്ങൾ നടത്തിവരുന്നതായി കാണാം. ഒരുനൂറുവൎഷം ജീവിച്ചിട്ടും തന്റെ ബുദ്ധിശക്തിയും വിവേകവും നഷ്ടപ്പെടാത്ത വ്യക്തി ഒരു അത്ഭുതപുരുഷൻതന്നെ. ആയുസ്സു ദീൎഘിപ്പിക്കുന്നതിനു് വേണ്ട സൂത്രങ്ങൾ ആ ഭാഗ്യവാനിൽനിന്നും ആരാഞ്ഞറിയാൻ ജനങ്ങൾ അത്യാസക്തി കാണിക്കുന്നു; അയാളെക്കുറിച്ചു ശ്വാസംവിടാതെ വാദപ്രതിവാദം നടത്തുന്നു. പ്രകൃതിദത്തമായ ആയുസ്സിലും കൂടുതൽ കാലം ജീവിക്കുന്നതിനുള്ള ഒരു തൃഷ്ണ മനുഷ്യനിൽ ലീനമായിട്ടുണ്ടു്.

മനുഷ്യന്റെ ജീവിതകാലം ഇന്നത്തേതിൽനിന്നും രണ്ടോ മൂന്നോ ഇരട്ടിയായി വൎദ്ധിപ്പിക്കുകയാണെങ്കിൽ അവൻ സംതൃപ്തനാകുമെന്നു മുൻ സൂചിപ്പിച്ച ഭാവത്തെ അടിസ്ഥാനമാക്കി നമുക്കുദ്ദേശിക്കാമോ? അങ്ങനെയാണെങ്കിൽ അന്നു അവൻ സസന്തോഷം മരണത്തിന്റെ കൈകാട്ടിവിളിക്കു് വഴിപ്പെടുമോ? മരണത്തെക്കുറിച്ചുള്ളഭയം ഇല്ലാതാകുമോ? ഇതൊന്നും സംഭവ്യതകളല്ലെന്നു് നമുക്കറിയാം. മരണത്തിന്റെ പിടിയിൽനിന്നും രക്ഷനേടാമെന്നുള്ള ആശയിൽനിന്നാണു് ആയുസ്സു് വൎദ്ധിപ്പിക്കാനുള്ള ആഗ്രഹം സംജാതമാകുന്നതു്. തൻമൂലം കൂടുതൽ കാലം ജീവിക്കുന്തോറും മരണത്തെക്കുറിച്ചുള്ള ഭയവും വൎദ്ധിക്കുന്നു ജീവിതം അതിന്റെ പരിപൂൎണ്ണതയിലും ശക്തിയിലും വികസിക്കുന്ന കാലത്താണു് മനുഷ്യനു മരണത്തെക്കുറിച്ചു ഏററവും കുറവുഭയം. ജീവിതത്തിന്റെ മാധുൎയ്യവും ആഹ്ലാദവും ആസ്വദിച്ചു ജീവിക്കുന്ന യുവജനങ്ങളാണു് മരണാനുഭവം നിശ്ചയമായിട്ടുള്ള സന്ദൎഭങ്ങളിലും മററും സധൈൎയ്യം രംഗപ്രവേശം ചെയ്യുന്നതു്. യുവതികളും ഇതുപോലുള്ള ധീരത പ്രദൎശിപ്പിച്ചു കണ്ടിട്ടുണ്ടു് തികഞ്ഞ യൌവനദശയിൽ അരോഗദൃഢമായ ദേഹത്തിലെ രക്തസിരകളിൽകൂടി ചുടുചോര തിളച്ചുപൊങ്ങിക്കൊണ്ടിരിക്കുമ്പോളാണു് മരണഭീതി ഏററവും കുറവായി കണ്ടിട്ടുള്ളതു. പ്രായംകൂടി ഇന്ദ്രിയങ്ങൾ ക്ഷീണിച്ചു മന്ദത വൎദ്ധിക്കുന്തോറും അനുഭവം മറിച്ചുമാണു്. അതിന്റെ മുന്നോട്ടുള്ള പ്രവാഹം നിന്നു്, ജലം നിശ്ചലമാകുമ്പോഴാണു് മനുഷ്യൻ നിരാശയോടും ഭയത്തോടും കൂടി ജീവിതസാഗരത്തിന്റെ കരയെ അഭയം പ്രാപിക്കുന്നതു്.

പുരാണേതിഹാസങ്ങളിലെ ആയുസ്സിന്റെ അസാധാരണമായ ദൈൎഘ്യം വൎഗ്ഗത്തെയല്ല വ്യക്തിയെ മാത്രം ബാധിക്കുന്നൊന്നാണു്. ഒരുവൻ നൂറോ ആയിരമോ വൎഷം ജീവിച്ചിരുന്നതായി സങ്കല്പിക്കുക. ഇതു യഥാൎത്ഥത്തിൽ സാദ്ധ്യമായിരുന്നെങ്കിൽ അയാളുടെ നില അസൂയാൎഹമാണോ? പ്രകൃതിയുടെ സാമാന്യനിയമമനുസരിച്ചു് അയാൾ പുത്രപൌത്രാദികളുടെ മരണശേഷം പലതലമുറകൾ ജീവിക്കുന്നു. അയാൾ അവിവാഹിതനാണെങ്കിൽ അയാളുടെ സുഹൃത്തുക്കളെയെല്ലാം പിരിഞ്ഞു് ഭൂമിയിൽ ഏകാന്തവാസം അനുഭവിക്കുന്നു. അയാൾ ലോകത്തെ വിസ്മരിക്കുന്നില്ലെങ്കിലും ലോകം അയാളെ വിസ്മരിക്കുന്നു. ജീവിതത്തിൽ അയാൾക്കുള്ള സ്ഥാനം ദുഃഖഭൂയിഷ്ഠമായ ഒരു ഏകാന്തതയാകുന്നു. ദിനംപ്രതിയുണ്ടാകുന്ന പരിവൎത്തനത്തിൽ അയാൾ പരിഭ്രാന്തനാകുന്നു; കഴിഞ്ഞുപോകുന്ന തലമുറയോടൊപ്പം ആചാരോപചാരങ്ങളും മാറുന്നു. അയാൾ ഉൾപ്പെട്ട രാഷ്ട്രീയഘടനതന്നെ അപ്രത്യക്ഷമായെന്നും വരാം. രാജധാനികളും സാമ്രാജ്യങ്ങളും ഒരുസന്ദൎഭത്തിൽ ഉദിച്ചുയരുന്നു; അടുത്ത സന്ദൎഭത്തിൽ തകൎന്നുപോകുന്നു. അനന്തമായ പിന്തുടൎച്ചയിൽ മനുഷ്യർ ലോകത്തിൽ ജനിക്കുകയും മരിക്കുകയും ചെയ്യുന്നു. പുതിയ ശാസ്ത്രീയകണ്ടുപിടിത്തങ്ങളൊന്നും അയാളെ അത്ഭുതപ്പെടുത്തുന്നില്ല പ്രത്യുത, അയാളുടെ ആ പഴയ ലോകത്തെക്കുറിച്ചുള്ള വിശ്വാസവിജ്ഞാനത്തെ പരിഭ്രാന്തമാക്കുകയാണു ചെയ്യുന്നതു. അയാളുടെ ഹിതത്തിനും വിജ്ഞാനത്തിനും വിധേയമായിരുന്ന ലോകം വിവേചിക്കാൻ കഴിയാത്ത രീതിയിൽ മാറിയിരിക്കുന്നു. മനസ്സിന്റെ സ്ഥിതിസ്ഥാപകത്വം കുറവായതുമൂലമാണു് വൃദ്ധന്മാർ യുവജനങ്ങളുടെനേരെ മുഖംവീൎപ്പിച്ചു തങ്ങളുടെ യൌവ്വനകാലം സുവൎണ്ണകാലമാണെന്നു വിചാരിക്കുന്നതു്. കുറേക്കാലത്തേയ്ക്കു മനുഷ്യൻ അവന്റെ ജീവിതദൈൎഘ്യത്തെക്കുറിച്ചു് ആശ്ചൎയ്യപ്പെടും. അതിനുശേഷമേ അവിശ്വാസം പ്രത്യക്ഷമാകയുള്ളു. ദിനംപ്രതിയുണ്ടാകുന്ന യാദൃശ്ചികാനുഭവങ്ങളാൽ ലോകം മാറിക്കൊണ്ടേയിരിക്കുന്നു. തൻമൂലം അനാവശ്യമായി അസമയത്തു ലോകത്തിൽ ചുററിത്തിരിയുന്നവനു ജീവിതം ഉപയോഗശൂന്യമായിത്തീരുന്നു. പരശ്ശതംവൎഷങ്ങൾ ജീവിച്ചിരിക്കുന്ന മനുഷ്യൻ ഒരിക്കലും ഒരു ഭാഗ്യവാനായിരിക്കാൻ ന്യായമില്ല.

ഏററവും ഉന്നതമായ ഭാവനയ്ക്കോ, ഇതിഹാസത്തിനോ, ശരാശരി ആയിരം വൎഷം ജീവിച്ചുവരുന്ന ഒരു മനുഷ്യസമുദായത്തെ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല ഹിമാലയപൎവ്വതനിരകളിലും ഒളിമ്പിയൻപൎവ്വതങ്ങളിലും ഉള്ള ചിരംജീവികളായ ദേവന്മാരെ ഒരു സമുദായമെന്നു പറയാൻവയ്യാ. പോരെങ്കിൽ അവർ അഗോചരന്മാരും ഹിമദ്രവങ്ങളും ആയിരുന്നു. ആദാമിന്റെ സന്താനങ്ങളാവട്ടെ മാംസപിണ്ഡംകൊണ്ടും അസ്ഥിപഞ്ജരംകൊണ്ടും നിൎമ്മിക്കപ്പെട്ടവരാണു് അവൎക്കു നിവസിക്കുന്നതിനു വീടുവേണം; കഴിക്കുന്നതിനു ഭക്ഷണം വേണം. നമ്മുടെ ഈ ചെറിയ ഭൂമുഖം വളരെ വിലമതിക്കത്തക്കതൊന്നുമല്ല. അതിന്റെ മുക്കാൽഭാഗവും മനുഷ്യനിവാസത്തിനു പ്രയോജനമില്ലാത്ത ജലംകൊണ്ടു നിറ

ഞ്ഞതുമാണു്. ഈ നിലയ്ക്കു മനുഷ്യന്റെ ശരാശരി വയസ്സ് മൂവായിരംവർഷങ്ങളാകുകയാണെങ്കിൽ ഫലം എന്താണെന്ന് ഒന്നു ചിന്തിച്ചുനോക്കുക. ആ ആര്യമഹർഷിമാർ ഇന്നു പഞ്ചാബിലെ നദീതീരങ്ങളിലും കൈലാസപർവ്വതത്താനട്ടത്തും സ്തോത്രങ്ങൾ ചൊല്ലുന്നതു കേൾക്കാറാകും; ബുദ്ധദേവൻ ഗംഗാനദീതീരത്തു തന്റെ മഹനീയമായ മതപ്രചരണവേല നടത്തും; മുഗിലചക്രവർത്തി തന്റെ മയൂരാസനത്തിൽ ആസനസ്ഥനാകും; ശിവാജിയുടെ വിജയപതാക ഡെക്കാനിൽ പാറിപ്പറക്കും; റഞ്ചിററ് സിംഗ് സർവ്വശക്തിയോടെ പഞ്ചാബ് ഭരിക്കും; അങ്ങിനെ ഇതു ചരിത്രത്തിൽ വലിയൊരു കുഴപ്പമുണ്ടാക്കും; ഭൂതകാലസംഭവങ്ങളെ ഒന്നു തകിടംമറിക്കും. ലോകത്തിന്റെ മറുഭാഗത്തേയ്ക്കു നാം ഒന്നു കണ്ണോടിക്കുകയാണെങ്കിൽ യവനസാമ്രാജ്യങ്ങൾ ഇന്നും ഉൽക്കർഷത്തിൽ ഇരിക്കുന്നതായിക്കാണും. അലക്സാണ്ടർ തന്റെ ആക്രമങ്ങൾ തുടർന്നുകൊണ്ടേയിരിക്കും; സീസറിന്റെ ശക്തി റോമാസാമ്രാജ്യത്തെ വിറപ്പിച്ചുകൊണ്ടിരിക്കും; റോമാക്കാർ ബ്രിട്ടനെ ഭരിക്കും; നെപ്പോളിയൻ സീസറും അലക്സാണ്ടറുമായി പടവെട്ടുന്നുണ്ടാവും. ഗലീലിയാമുതൽ ജെറൂസലംവരെ ഇന്നും യേശുക്രിസ്തു, മതപ്രചരണം ചെയ്യുന്നുണ്ടാവും. ഇതൊക്കെ സംഭവ്യമായിരുന്നെങ്കിൽ കുഴപ്പത്തിനുമീതേ കുഴപ്പമായിത്തീരും. ഭൂതകാലചരിത്രത്തെ ഒന്നു് ഉടച്ചുവാക്കേണ്ടതായിത്തന്നെ വരും. പരിഭ്രമജനകമായിത്തോന്നുന്ന ഈ സംഭവങ്ങളെല്ലാം ഭാവനയുടെ വിലാസങ്ങൾ മാത്രമാണു്. ഇത്രയധികം തലമുറ ജനങ്ങൾക്കു വേണ്ടത്ര സ്ഥലസൌകര്യാദികൾ ലോകത്തിൽ ഇല്ലെന്ന തത്വം ആ ഭാവനയുടെ അടിസ്ഥാനത്തെ നശിപ്പിക്കുന്നു. അപ്പോൾ മനുഷ്യനു മരണത്തിന്റെ പിടിയിൽനിന്നും നിർവൃതി ആവശ്യമാണോ?

മൂന്നുതലമുറ ജനങ്ങൾക്കുമാത്രം സ്ഥലസൌകര്യങ്ങളുണ്ടാകത്തക്ക രീതിയിലാണു ലോകം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതു്. ഒരു പൌത്രന്റെ ജനനം, സ്ഥലംഒഴിഞ്ഞുകൊടുപ്പാനായി മുത്തച്ഛനുള്ള ഒരു നോട്ടീസ്സാണു്. കുറച്ചുവർഷങ്ങൾ മുത്തച്ഛനും പൌത്രനുംകൂടി സൌഹാർദ്ദത്തിൽ കഴിഞ്ഞേക്കും പക്ഷെ ഈ സൌഹാർദ്ദം അല്പകാലത്തേയ്ക്കുമാത്രമേയുള്ളു പൌത്രനു ജീവിതംമുഴുവൻ മുൻപിൽ കാത്തുനിൽക്കുകയാണു്, മുത്തച്ഛനാണെങ്കിൽ സകലതും പിറകിലും ഇരുവരിലും ഉദയാസ്തമനങ്ങൾ കൂട്ടിമുട്ടുന്നു. അതു രണ്ടു പ്രകാശധാവള്യങ്ങളുടെ കൂടിക്കാഴ്ചയാണു്. ഒന്നു സൂര്യോദയത്തിന്റെ അഴകോടും ആനന്ദത്തോടും ജീവിതഭാരത്തോടും കൂടിയതു്. മറേറതു നിരാശയുടെ നിഴലാട്ടത്തോടും മരണത്തിന്റെ നിസ്സബ്ദതയോടുംകൂടിയതു്. വിശേഷാത്തരമായ ഭാഷയിൽപോലും ലോകത്തിൽ മൂന്നുതലമുറകളിലധികം ബന്ധത്തെ പുലർത്തുവാൻതക്കപദങ്ങളില്ല. 'മുതുമുത്തച്ഛൻ' എന്നൊരുവാക്കു ഭാഷയിൽപ്രാകൃതവും വികൃതവുമായ ഒരു സൃഷ്ടിയാണു്. അപ്പോൾ ഏഴുതലമുറകളിലെ ജനങ്ങൾ ലോകത്തിൽ ജീവിച്ചാൽ എങ്ങിനെ അവർ പരസ്പരം സംബോധനചെയ്യും?

മനുഷ്യായുസ്സ് അതിന്റെ പരമമായ ദൈർഘ്യത്തിലും വളരെ കുറവാകയാലാണു കൂടുതൽവർഷം ജീവിക്കാൻ മനുഷ്യക്കിത്ര ആഗ്രഹം. അറുപതോ എൺപതോവർഷം മാത്രം ആയുസ്സിൽ കൂടുതലില്ലാത്ത ഒരാൾക്ക് ആയിരംവർഷകാലത്തേയ്ക്കുള്ള ജീവിതം നിതമായ ആനന്ദത്തെ നൽകും. ഭൂതം അഗാധമാണു്, ഭാവി അളക്കുവാൻ കഴിയാത്തതും. വർത്തമാനകാലംമാത്രമാണു് ഓടിക്കൊണ്ടിരിക്കുന്നതു്. കാരണം ജീവിതവും ത്വരിതഗമനംചെയ്തുകൊണ്ടേ ഇരിക്കുന്നു എന്നുള്ളതുതന്നെ. ജീവിതത്തെ തള്ളിക്കളയുക; പിന്നെ കാലത്തിനെ വിഭാഗിക്കേണ്ടിവരില്ല. കാലത്തിന്റെ യഥാർത്ഥമായജ്ഞാനം വേദങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ടു്.

"ഓംപൂർണ്ണമദഃപൂർണ്ണമിദം
പൂർണ്ണാൽപൂർണ്ണമുച്യതേ
പൂർണ്ണസ്യപൂർണ്ണമാദായ
പൂർണ്ണമേവാവശിഷ്യതേ."

ഈ വൈരുദ്ധ്യം യഥാർത്ഥമായിട്ടുള്ളതുതന്നെയാണു്.

തന്റെ സമകാലീനന്മാരെ അപേക്ഷിച്ച് ദീർഘകാലം ശക്തിക്കുറവുവരാതെ ജീവിച്ചിട്ടുള്ള മനുഷ്യൻ പലരാലും ശ്രദ്ധേയനാണു്. അയാൾ ദൃക്സാക്ഷിയായിനടന്ന പഴയകഥകൾ പറഞ്ഞുകേൾ‌ക്കാൻ ജനങ്ങൾ അയാളുടെ അടുത്തുകൂടുന്നു. ഒരു ശതവർഷക്കാലത്തേയ്ക്കു അദ്ദേഹത്തിന്റെ ഓർമ്മശക്തി സഞ്ചരിക്കുകയാണെങ്കിൽ സ്മരണയിലുള്ളതുമുഴുവൻ ഓർമ്മിക്കുവാൻ അദ്ദേഹത്തിനു എത്രകാലം വേണ്ടിവരും? സ്മരണയിൽ വർഷങ്ങൾ നിമിഷങ്ങളായിത്തീരുന്നു. ഒരായുഷ്കാലത്തിലെ ചരിത്രംമുഴുവൻ അല്പസമയത്തെ സ്മരണയിൽ മിന്നൽപിണരുപോലെ പാഞ്ഞുപോകുന്നു. ഒരുവൻ ആയിരമോ ലക്ഷമോ വർഷം ജീവിച്ചതു തമ്മിൽ വലിയ വ്യത്യാസമൊന്നുമല്ല. ഏററവും ദൈർഘ്യമേറിയ ജീവിതവും ജീവാവസാനത്തിൽ ലഘുവായിത്തീരുന്നു.

നശീകരണവസ്തുക്കൾകൊണ്ടു നിർമ്മിക്കപ്പെട്ടിട്ടുള്ള മനുഷ്യനു് വർഷങ്ങളുടെ ഭാരം തുലോം ഭാരമേറിയതുതന്നെയാണു് കായികമായും മാനസികമായും ക്ഷീണംതട്ടാതെ ഒരാൾക്കുപോലും ദീർഘകാലം ജീവിക്കുകസാദ്ധ്യമല്ല. ചിലർ എളുപ്പത്തിൽവയസ്സന്മാരാകും, മററുചിലർ സാവധാനത്തിലും. പക്ഷെ വാർദ്ധക്യത്തിന്റെ ആക്രമണം ഒരു അനിശ്ചിതമായ കാലത്തേയ്ക്കുനീട്ടിവയ്ക്കുക സാദ്ധ്യമല്ല. കാററിൽവളയുന്ന കോലുപോലെ ദേഹം വളയുന്നു; യുവത്വത്തിന്റെ പ്രസരിപ്പ് വാർദ്ധക്യത്തിന്റെ ആലസ്യത്തിനു വഴികൊടുക്കുന്നു; ഇന്ദ്രിയങ്ങൾ ക്ഷീണിക്കുന്നു; ഓർമ്മശക്തി കുറയുന്നു; അങ്ങിനെ സൃഷ്ടിയുടെ വൈശിഷ്ട്യപ്രതിബിംബമായ മനുഷ്യൻ ഒരു ദയനീയവസ്തുവായിത്തീരുന്നു. ജീവിതത്തിനു ആകർഷണീയമായ മായയിൽനിന്നും നീങ്ങിപ്പോവുക സാദ്ധ്യമല്ല. നാം നമുക്കു സാദ്ധ്യമായ രീതിയിൽജീവിക്കുന്നു; സാധിക്കുന്നേടത്തോളംകാലം ജീവിക്കുന്നു, പക്ഷെ ഇന്നല്ലെങ്കിൽ നാളെ നമുക്കു മരിക്കുകതന്നെവേണം. നിശ്ചഞ്ചലമായ ജീവിതം മരണത്തെക്കുറിച്ചുള്ള ചിന്താഭയങ്ങൾകൊണ്ടിളകുകയില്ല. മരണംമനുഷ്യനു് പരിചിതമാണു്, നിത്യാനുഭവമാണു്. എന്നിട്ടു അതെന്താണെന്നോ അതിന്റെ ഫലമെങ്ങിനെയാണെന്നോ അറിയാത്തതുമൂലം മരണം ഒരു അപരിചിതൻതന്നെയായിരിക്കുന്നു അതിന്റെ ജീവകാലംമുഴുവൻ മരണത്തെ നിഷേധിക്കുന്നു എന്നുള്ളതുകൊണ്ടു ജീവിതം അഭിലഷണീയമാണോ? വർഷങ്ങൾ കഴിയുംതോറും ജീവിതം ക്ഷയിക്കുന്നു; അതിന്റെ ചൈതന്യം മങ്ങുന്നു; പ്രകാശം അസ്തമിക്കുന്നു. അങ്ങിനെ അസ്തമിതപ്രായമായിത്തീർന്നാലുംജീവിതം കാമ്യമാണോ? മനുഷ്യന്റെ ശ്വാസോച്ഛ്വാസം നിലയ്ക്കുന്നതുവരെ എത്ര മന്ദീഭവിച്ചരീതിയിലായിതീർന്നാലും അവനു് മരിക്കാൻ ഇഷ്ടമില്ല. തൻമൂലം നാം ആദ്യം സൂചപ്പിച്ചതുപോലെ മനുഷ്യൻ ജീവിതത്തോടൊട്ടിപ്പിടിക്കുന്നതു് അതന്റെ അപദാനങ്ങളെ പ്രതിക്ഷിച്ചല്ല; പിന്നെയോ മരണത്തെക്കുറിച്ചുള്ള ഭയവിഹ്വലതകൊണ്ടുമാത്രം. ജീവിതത്തിൽ കവിഞ്ഞ ഒരു നിരീക്ഷണമില്ല; ലോകത്തെ ചുററിയിട്ടുള്ള ചക്രവാളമല്ലാതെ വേറെ ചക്രവാളമില്ല.

ജീവിതത്തെക്കുറിച്ചു ആഹ്ലാദജനകമായ ഒരു വീക്ഷണമല്ല ഇതു്. വധശിക്ഷനിട്ടിവച്ച ഒരു കൊലപ്പുള്ളിക്കുണ്ടാകുന്നആശ്വാസംപോലെയുള്ള ഒരു വിശ്രമത്തിൽകൂടുതലൊന്നുമല്ല. നിശ്ചഞ്ചലതയല്ലാ ജീവിതം പ്രസരിപ്പിന്റെയും ശക്തിയുടെയും ചൈതന്യംനിറഞ്ഞ ഒരു വസ്തുവാണതു്. അതു ഫലത്തെ അഗണ്യമാക്കി സധൈര്യം എന്തിനും സന്നദ്ധമാകണം. എന്നാലേ ജീവിതം ജീവിതമാകയുള്ളു ഭൂരിപക്ഷം ജനങ്ങൾക്കും ജീവിതം ഒരു വലിയ ഭാരമാണു്, കഷ്ടപ്പാടാണു, അതു അനാകർഷകമാണു്. ബുദ്ധിസാമർത്ഥ്യത്തിനു വിരുദ്ധമാണു്. മഹൽകൃത്യനിർവ്വഹണത്തിന്റെ മാനദണ്ഡമാണു ജീവിതം എങ്കിൽ ജീവിതത്തിന്റെ ദൈർഘ്യം എല്ലായ്പോഴും ആവശ്യമില്ലാതിരിക്കും. ഉദാഹരണമായി വ്യത്യസ്തരായ മൂന്നുമഹാത്മാരുടെ ചരിത്രം പരിശോധിക്കുക ശ്രീശങ്കരൻ, കൃസ്തുദേവൻ, അലക്സാണ്ടർ ഇവർ മൂന്നുപേരും ചെറുപ്പത്തിൽ ചരമമടഞ്ഞു പക്ഷെ ചരിത്രം അവരുടെ നാമങ്ങൾ സുവർണ്ണലിപികളിലാണു് രേഖപ്പെടുത്തീട്ടുള്ളതു്. ഈ മഹാശയന്മാരെ അവരവരുടെ പ്രത്യേകശാഖയിൽ ആക്കു ഇതുവരെ കവിച്ചുവയ്ക്കാൻ കഴിഞ്ഞിട്ടില്ല. 'മാസിഡോണിയാ' ചക്രവർത്തിയായ അലക്സാണ്ടരോടു് ഉപമിക്കത്തക്ക ഒരു ധീരയോദ്ധാവ" ലോകത്തിൽ ഇന്നുവരെയുണ്ടായിട്ടില്ല. ഏണസ്റ്റ റീനൻ Earnest Renan എന്ന ഗ്രന്ഥകാരൻ യേശുക്രിസ്തുവിന്റെ ജീവചരിത്രത്തിൽ ആ മഹാനെ ഒരു അവതാരപുരുഷനോ, ദൈവപുത്രനോ ആയി ഗണിക്കുന്നില്ല. ലോകത്തിൽ ജനിച്ചിട്ടുള്ള മഹാപുരുഷന്മാരിൽ അഗ്രഗണ്യൻ എന്ന നിലയിലാണു യേശുവിന്റെ അപദാനങ്ങളെ അദ്ദേഹം വാഴ്ത്തുന്നതു്. കേരളത്തിലെ ശ്രീശങ്കരാചാര്യരുടെ ബുദ്ധികൂർമ്മതയും ചിന്താസാമർത്ഥ്യവും ലോകത്തി

ൽ മററാരിലും കാണാത്തതാണു്. നമ്മുടെ അഭിമാനസ്തംഭമായ ശ്രീശങ്കരൻ ലോകത്തിനുതന്നെ ഇന്നും ഒരു വലിയ സമ്പത്തായിരിക്കുന്നു. ഈ മൂന്നുമഹാശയന്മാരും അവരുടെ മുപ്പത്തിരണ്ടാമത്തെ വയസ്സിൽ ദിവംഗതരായി. ഇതുപോലെ സുപ്രശസ്തമായ മുപ്പതുവർഷജീവിതം ലഭിക്കുകയാണെങ്കിൽ പരശ്ശതംവർഷം ജീവിക്കണമെന്നു വല്ലവരും ആഗ്രഹിക്കുമോ?

ലോകത്തിലെ ഭൂരിപക്ഷംജനങ്ങൾക്കും പ്രശസ്തിയും പ്രസിദ്ധിയും നേടുക സാദ്ധ്യമല്ല. ആ ബഹുമതി അല്പംചില ഭാഗ്യവാന്മാൎക്കുമാത്രമേ കൈവരുന്നുള്ളു. ആരാലും അറിയപ്പെടാതെ, വല്ല മുക്കിലോ മൂലയിലോ ജീവിച്ചു മരിക്കുകയാണു മനുഷ്യരിൽ അധികപക്ഷവും. കാലദൈർഘ്യംകൊണ്ടു ജീവിതത്തിൽ യാതൊന്നും ലാഭമുണ്ടാകുന്നില്ല. നിരവധി നീണ്ടവർഷങ്ങൾ ജീവിച്ചതുകൊണ്ടു് ജീവിതം മഹനീയമായിത്തീരുന്നില്ല. ഏകാഗ്രമായ കേന്ദ്രീകരണംകൊണ്ടുമാത്രമാണു ജീവിതം പ്രയോജനപ്രദവും ഫലവത്തുമായിത്തീരുന്നതു്. എത്രകാലം നാം ജീവിച്ചുഎന്നുള്ളതല്ല പ്രധാനപ്രശ്നം. മറിച്ചു് നാം എങ്ങിനെ ജീവിച്ചു? ജീവിതത്തിലെ സുവർണ്ണാവസരങ്ങളെ നാം എങ്ങിനെ വിനിയോഗിച്ചു? ജീവിതത്തിൽ നാം എത്രകണ്ടു് ആത്മാൎത്ഥതയും സന്നദ്ധതയും പ്രദർശിപ്പിച്ചു? ഇതൊക്കെയാണു പ്രധാനമായി ഗണ്യമാക്കാനുള്ളതു്. കുറെക്കാലം നീണ്ടുനിന്നതുകൊണ്ടുമാത്രം ജീവിതം കൂടുതൽ പ്രയോജനമായിത്തീരുന്നില്ല. അതു് അവസാനിക്കുമ്പോൾ വർഷങ്ങളുടെ സംഖ്യ നമുക്കു സംതൃപ്തി നൽകുന്നില്ല. ജീവിതത്തെ - അതു ഹ്രസ്വമായാലും ദീർഘമായാലും - എങ്ങിനെ വിനിയോഗിച്ചുഎന്നുള്ളതാണു് ചിന്തിക്കാനുള്ളതു്. ഇതു് ജീവിതത്തിലെ പ്രധാന സംഭവങ്ങളേയും പരിശ്രമഫലങ്ങളേയും കണ്ടു നിർണ്ണയിക്കാം. ഫലശൂന്യമായി, അലസമായി കഴിച്ച വർഷങ്ങൾ ജീവിതത്തിൽ വികൃതമായിരിക്കും. ഈ ജീവിതത്തിൽ നാം കാണുന്നതുമുഴുവൻ അതിന്റെ പരിപൂർണ്ണതയെ ഏകമായി പ്രതിനിധീകരിക്കുകയാണെങ്കിൽ ജീവിതം സുസ്ഥിരമാകാനിടയില്ല. ആദിയുള്ള ഏതിനും അന്ത്യമുണ്ടെന്നുള്ളതു് ഒരു അഖണ്ഡനീയനിയമമാണു്. ജീവിതം നമുക്കു ലഭിച്ചതുകൊണ്ടു അതിന്റെ ദൈർഘ്യത്തിനായുള്ള തൃഷ്ണ എപ്പോഴും നമ്മിൽ സ്ഥിതിചെയ്യുന്നു. പക്ഷെ ജനനത്തിനു മുൻപു് ജീവിതം ഉണ്ടായിരുന്നില്ലെങ്കിൽ, നമുക്കു് എപ്പോഴും ഇല്ലാതിരുന്ന ഒരു വസ്തുവിനെ വിട്ടുപിരിയുന്നതിൽ ഇത്ര വിഷമമെന്താണു? ആത്മാവിന്റെ അനശ്വരതത്വത്തിൽ ദൃഢമായ വിശ്വാസമുള്ളപ്പോൾ, മാംസളിതമായ ദേഹത്തിന്റെ വിയോഗചിന്തയിൽ നമ്മുടെ മനസ്സുമറിയരുതു്; മരണത്തിന്റെ ആഗമനത്തിൽ ഭയവിഹ്വലമാകരുതു്. ആ അനശ്വരമായ ആത്മാവിനെ ആവരണംചെയ്തിട്ടുള്ള മണ്ണിൻകട്ട കാലക്രമത്തിൽ ഉടഞ്ഞുപോകും. വളൎച്ചയുടെ പൂർണ്ണതയിലെത്തിയാൽപിന്നെ അധോഗതിയും വീഴ്ചയുമായി; അവസാനം അതിന്റെ അന്തർദ്ധാനവും, അങ്ങിനെ വിശ്വാസത്തിന്റെ നിഴലാട്ടത്തിൽ ജീവിക്കുന്നവർ ദേഹത്തിന്റെവിയോഗത്തെ അഗണ്യമാക്കി മരണത്തിന്റെ ഭയങ്കരതയെ സസന്തോഷം വരിക്കുന്നു. അവർഅതിനെ അവശ്യം ആവശ്യമായ ഒരു സംഭവമായി കരുതുന്നു. ഇതാണു് മരണത്തോടു കാണിക്കേണ്ട യഥാൎത്ഥമായ നില. പക്ഷെ അതിനു നല്ല പരിശീലനവും മനഃശക്തിയും വേണം. ഇതു് ചുരുക്കംചിലൎക്കേ സാദ്ധ്യമാകുന്നുള്ളു. രാജ്യത്തിന്റെ രക്ഷയ്ക്കുവേണ്ടി മരണം സ്വയംവരിക്കുന്ന സ്വരാജ്യസ്നേഹിയുടെ വികാരഭേദമോ, കൊലമരത്തിനടുത്തുനില്ക്കുന്ന കൊലപ്പുള്ളിയുടെ പരിഭ്രാന്തിയോ മരണത്തോടുള്ള വാസ്തവമായനിലയെ കാണിക്കുന്നില്ല.

ജീവിതത്തേയും മരണത്തേയം സ്വഹിതാനുസാരം നിയന്ത്രിക്കാനുള്ള സ്വാതന്ത്ര്യവും ജീവിതത്തെ എത്രവേണമെങ്കിലും ദീർഘിപ്പിക്കാനുള്ളശക്തിയും മനുഷ്യനുണ്ടെന്നു വിചാരിക്കുക. എന്നാൽ അവൻ അവസാനം ഏതുതിരഞ്ഞെടുക്കും?

വിശ്വവിഖ്യാതിനേടിയിട്ടുള്ള മഹാഭാരതപുരാണത്തിൽ ഇതിനു സമാധാനം നൽകുന്നുണ്ടു്. ജീവിതത്തേയും മരണത്തേയും സ്വഹിതാനുസാരം നിയന്ത്രിക്കാനുള്ള മഹച്ഛക്തി, സ്വായത്തമായിരുന്ന ആ വയോവന്ദ്യനായ ധീരയോദ്ധാവു് കുരുക്ഷേത്രത്തിലെ വീരപുരുഷൻ ഭീഷ്മർ, ശരശയനത്തിൽ കിടന്നു് സ്വയമേവ മരണംവരിച്ചകഥ ഈ സന്ദർഭത്തിൽ സ്മരണീയമാണു്. മഹാന്മാൎക്കു്, ജീവിക്കാനും മരിക്കാനു ഉള്ള സന്ദർഭങ്ങളെ വിവേചിക്കാനുള്ള ബുദ്ധിശക്തിയുണ്ടെന്നുള്ളതിനു ഇതിൽക്കൂടുതൽ തെളിവൊന്നും വേണ്ടതില്ലല്ലൊ. മരണത്തേയും ജീവിതത്തേയുംകൊടുത്തു്, ഇഷ്ടമുള്ള തെരഞ്ഞെടുക്കാൻപറഞ്ഞാൽ, ഒരു ബുദ്ധിമാൻതീർച്ചയായും മരണത്തെതന്നെ വരിക്കും. മരണത്തിന്റെ വലയിൽനിന്നു മോചനംലഭിക്കണമെന്നു് അയാൾ ആഗ്രഹിക്കയില്ല നിശ്ചയം.

പഴയസുവിശേഷത്തിൽ പ്രസ്താവിച്ചിട്ടുള്ള ആയുസ്സിന്റെ അവിശ്വസനീയമായ ദൈർഘ്യത്തെ കണക്കാക്കാതെ നോക്കുകയാണെങ്കിൽ, ബൈബിളിൽ പറയുന്ന മനുഷ്യായുസ്സ് (എഴുപതുവർഷങ്ങൾ) ബുദ്ധിപൂർവ്വകമാണു. അല്പം അങ്ങോട്ടും ഇങ്ങോട്ടും നീങ്ങിയാൽ അതു സാരമില്ല. മനുഷ്യന്റെ ഇന്ദ്രിയശക്തികളും ബുദ്ധിശക്തികളും ക്ഷയിക്കാതിരിക്കയും അവനു് അന്യസഹായം കൂടാതെ ജീവിക്കാൻ കഴികയും ചെയ്യുന്ന കാലത്തോളം ജീവിതം അഭിലഷണീയമാണു്. തന്റെ ബാഹ്യവും ആന്തരികവും ആയ ശക്തി ക്ഷയിച്ചിട്ട പിന്നേയും ജീവിക്കുന്നകാലം അനഭിലഷണീയമത്രെ. വാൎദ്ധക്യത്തിന്റെ അന്തിമദശയിലെത്തിയ സചേതനജ്യോതിസ്സു് ഒരു ദേഹത്തിൽ അസ്വതന്ത്രമായി ഇഴഞ്ഞുവലിഞ്ഞുപ്രവഹിക്കുന്നതു കാണുമ്പോൾ ആൎക്കാണു് അനുകമ്പ ജനിക്കാത്തതു്! കാലത്തിന്റെ അനശ്വരമായ അനന്തതയിൽ ആയിരവും എഴുപതും സംവത്സരങ്ങൾ ഒരുപോലെ ലഘുവാണു്. ഒരോമനുഷ്യനും നിൎവ്വഹിക്കുന്ന കൎത്തവ്യത്തിനു് അവനവനു നൽകപ്പെട്ടിട്ടുള്ള ജീവിതദൈർഘ്യം ധാരാളമാണു്. ശേഷം ജീവിതപൂർണ്ണതയ്ക്കും സംതൃപ്തിയ്ക്കും മരണമാണനുയോജ്യം. ഈ കല്പിതമായ ആയുഷ്കാലംതന്നെ ഭൂരിപക്ഷംജനങ്ങൾക്കും ജീവിക്കാൻകഴിയുന്നില്ല; ആ ചെറിയകാലത്തിനിടയ്ക്കു മരണം ഒരു ഭയങ്കരരാക്ഷസനേപ്പോലെ പ്രത്യക്ഷനായി നമ്മെ അതിന്നിരയാക്കുന്നു. കഴിഞ്ഞുപോകുന്ന നിമിഷങ്ങൾ സുവൎണ്ണാവസരങ്ങളായി കരുതി ഏററവും ഉപയോഗപ്രദമായി നയിക്കുകയാണെങ്കിൽ ആയുസ്സിന്റെ ദൈർഘ്യത്തിനു പിന്നീടെന്താണാവശ്യം? മരണത്തിന്റെ പിടിയിൽനിന്നും മോചനംലഭിക്കാൻ പിന്നീടാരെങ്കിലും ആഗ്രഹിക്കുമോ?

---

ഈ സ്റ്റോറിലേക്കുമാത്രം
രണ്ടു സ്വർണ്ണമെഡലുകൾകിട്ടിയിട്ടുള്ള

ഒന്നാന്തരം കസവുവസ്ത്രങ്ങൾ.

എല്ലാജനങ്ങൾക്കും പ്രത്യേകിച്ചു കച്ചവടക്കാൎക്കും അപേക്ഷാനുസരണം സകലവിധ നാടൻവസ്ത്രങ്ങളും മേൽത്തരം കസവിലും പഞ്ഞിയിലും പരിഷ്കൃതനിലയിൽ പ്രത്യേകം നെയ്തു വി. പി. അയയ്ക്കുന്നതുമാകുന്നു. സാധാരണ നടപ്പുള്ള എല്ലാനേര്യതുകൾ, ഉടുപ്പുമുണ്ടുകൾ, പലതരം തോൎത്തുകൾ, ഷാലുകൾ മുതലായവ എപ്പോഴും തയാറുണ്ടു്. കസവു പരിശോധിച്ചു വാങ്ങുവിൻ.

ഇ. എസ്സ്. മാധവൻപിള്ള,
സ്വദേശിക്ലാത്തുസ്റ്റോർ, ഇരണിയൽ
നെയ്യൂർ P. O.
(തിരുവിതാംകൂർ)

---

അമരസിംഹൻ.

രജപുത്രരാജാക്കന്മാരുടേയും, രാജ്ഞികളുടെയും വീരകൃത്യങ്ങളെക്കൊണ്ടു നിബിഡമായ ഒരു നോവൽ. വില അണ 12.

ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

**The ROYAL STUDIO PHOTOS - the BEST: & therefore the CHEAPEST.**

**P. J. Cherian, Durbar Artist & Photographer (Cochin)**

*Managing Proprietor:*

**THE ROYAL STUDIO, ERNAKULAM; Branch:- ALWAYE.**

# നാട്ടുരാജ്യങ്ങൾ.

മുകുന്ദാലയം എൻ. ബാലകൃഷ്ണപിള്ള ബി. എ.

നാട്ടുരാജ്യങ്ങളുടെ എണ്ണം മൊത്തത്തിൽ അഞ്ഞൂററിഅറുപതിൽപരം വരും. നാട്ടുരാജ്യങ്ങളുടെ ഈ വലിയ സംഖ്യയും അവയുടെ വൈവിധ്യവും, ഭാരതം "നാനാത്വത്തിൽ ഏകത്വം" എന്ന പ്രമാണത്തിനു ഉത്തമനിദർശനമാണെന്നുള്ള പ്രസ്താവനയ്ക്ക് ബലം നൽകുന്നുണ്ട്. വലുപ്പം, മുതലെടുപ്പ്, അധികാരസീമ, കേന്ദ്രഗവമ്മെൻറുമായുള്ള ബന്ധം എന്നീ സംഗതികളിൽ ഭീമമായ അന്തരം ഈ നാട്ടുരാജ്യങ്ങൾക്കുണ്ട്. 84258 ചതുരശ്രമയിൽ വിസ്തീർണ്ണമുള്ള കാശ്മീരം മുതൽ ഏതാനും ഏക്കർ മാത്രമടങ്ങുന്ന രാജ്യ(?)ങ്ങളും "നാട്ടുരാജ്യങ്ങൾ" എന്ന സാമാന്യ സംജ്ഞയിൽ ഒതുങ്ങുന്നു. ആറരക്കോടി മുതൽ 600 രൂപ വരെ വാഷികമുതലെടുപ്പുള്ള രാജ്യങ്ങളും "നാട്ടുരാജ്യങ്ങൾ" തന്നെയാണ്.

"രാജ്യ"ത്തിനു അഥവാ രാഷ്ട്രത്തിനു മൂന്നു ലക്ഷണങ്ങൾ ശാസ്ത്രദൃഷ്ട്യാ അത്യന്താപേക്ഷിതമാണ്. ഒന്നാമതു ഒരു വ്യവസ്ഥിതമായ ഭൂഭാഗം. രണ്ടാമതു സ്വാതന്ത്ര്യം; അവസാനമായി രാജാധികാരം. സ്വാതന്ത്ര്യം അവിഭാജ്യമാണ്. തന്മൂലം Maine പറയുംപോലെ "അല്പസ്വതന്ത്രരാജ്യങ്ങൾ" എന്നു നാട്ടുരാജ്യങ്ങൾ വിളിക്കപ്പെടാൻ ശാസ്ത്രദൃഷ്ട്യാ അനർഹങ്ങളാണ്. ആശ്രയഭാവം (dependence) രണ്ടുവിധത്തിലാകാം; ബാഹ്യകാര്യങ്ങളിലും, അഭ്യന്തരകാര്യങ്ങളിലും. ബാഹ്യകാര്യങ്ങളിൽ നാട്ടുരാജ്യങ്ങളെല്ലാം അസ്വതന്ത്രങ്ങളാണ്. വിദേശങ്ങളുമായി ഒരുവിധത്തിലുള്ള ഇടപാടുകളും അധീശശക്തിയുടെ സമ്മതപ്രകാരമല്ലാതെ നാട്ടുരാജാക്കന്മാർ നടത്തുവാൻ വയ്യാ. നാട്ടുരാജ്യങ്ങൾ തമ്മിൽതന്നെ, അധീശഗവമ്മെൻറിൻെറ മുൻകൂട്ടിയുള്ള പ്രത്യേകാനുമതി കൂടാതെ വിവാഹബന്ധത്തിലൊ, മറെറതെങ്കിലും തരത്തിലുള്ള ഉടമ്പടികളിലൊ ഏർപ്പെടുവാൻ അനഹരാണ്. ആഭ്യന്തരകാര്യങ്ങളിൽ സ്വാതന്ത്ര്യം മിക്ക നാട്ടുരാജ്യങ്ങൾക്കുമുണ്ടെന്നു പറയാം. ഇവിടെയും ആ സ്വാതന്ത്ര്യം പൂർണ്ണമല്ല. "മൈസൂർ" തുടങ്ങിയ ചില നാട്ടുരാജാക്കന്മാർക്കു ഒന്നാംക്ലാസ്സ് മജിസ്ത്രേട്ടധികാരത്തിൽ കൂടുതലില്ല. കൊച്ചി തിരുവിതാംകൂർ മുതലായ രാജ്യങ്ങളിൽ ദിവാൻെറ നിയമനത്തിനു ഗവമ്മെൻറിൻെറ മുൻകൂട്ടിയുള്ള അനുമതി വാങ്ങേണ്ടിയിരിക്കുന്നു. നമ്മുടെ നിയമസഭയിൽ പാസ്സാക്കുന്ന നിയമങ്ങൾക്കും അധീശഗവമ്മെൻറിൻെറ അംഗീകാരം അത്യാവശ്യമാണ്. ചുരുക്കത്തിൽ ഏതു നാട്ടുരാജ്യത്തിനും വലുതായാലും, ചെറുതായാലും പൊളിററിക്കൽ ഏജൻറിൻെറ ശാസനാപൂർവ്വമായ ഉപദേശങ്ങളെ വിഗണിച്ചുകൂടുന്നതല്ല.

രാജകീയാധികാരത്തിനു താഴെ പറയുന്ന ആറു ഘടകങ്ങൾ ഉണ്ടായിരിക്കണം.

1. യുദ്ധം, സമാധാനം എന്നീ കാര്യങ്ങളെപ്പററി അവസാനതീരുമാനം ചെയ്വാനുള്ള സ്വാതന്ത്ര്യം.

2. നാണയനിർമ്മാണാധികാരം.

3. നിയമനിർമ്മാണാധികാരം.

4. രാജ്യത്തിനകത്തുണ്ടാകുന്ന തക്കങ്ങളെ സംബന്ധിച്ച അവസാനതീരുമാനം.

5. കരം ചുമത്താനും തദ്വാരാ ലഭിക്കുന്ന പണം വിനിയോഗിക്കാനും ഉള്ള അധികാരം.

6. ആവശ്യംപോലെ ഭരണഘടന മാറുവാനുള്ള അധികാരം.

ഇവയിൽ ഒന്നും ആറും നമ്പർ അധികാരങ്ങൾ ഒരു നാട്ടുരാജ്യത്തിനുമില്ല. ചില രാജ്യങ്ങളിൽ നിയമനിർമ്മാണസഭകളുണ്ടെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ ഒരു രാജ്യത്തിൽ "ജനകീയഭരണം" (Republic) നടപ്പിൽ വരുത്താൻ അധീശശക്തി ഒരു കാലത്തും അനുവദിക്കുമെന്നു തോന്നുന്നില്ല. നാണയനിർമ്മാണത്തിനു ഉദയപുരം, തിരുവിതാംകൂർ, ഹൈദരബാദ് തുടങ്ങിയ അപൂർവ്വം ചില രാജ്യങ്ങൾക്കേ അധികാരമുള്ളു. ബാക്കിയുള്ള അധികാരങ്ങളെല്ലാം ഏററക്കുറവോടുകൂടി എല്ലാ നാട്ടുരാജ്യങ്ങൾക്കുമുണ്ട്.

മുൻപ്രസ്താവിച്ച സംഗതികളിൽനിന്നും ഒരു നാട്ടുരാജ്യത്തിനും "രാജ്യ"മെന്ന പദവിക്ക് അർഹതയില്ലെന്നു തെളിയുന്നുണ്ടല്ലോ. അടുത്തതായി നോക്കാനുള്ളതു ബ്രിട്ടീഷ്ഗവർമ്മെൻറും നാട്ടുരാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിൻെറ സ്വഭാവത്തെ സംബന്ധിച്ചാണ്. സർ ലൂയിടപ്പറുടെ അഭിപ്രായപ്രകാരം ഇതു ഒരു ഫ്യൂഡൽ (feudal) ബന്ധംമാത്രമാണ്. ഈ മതപ്രകാരം ബ്രിട്ടീഷ ഗവർമ്മെൻറിൻെറ ഒരു വലിയ കുടിയാനവനെന്നനിലയിലുള്ള ഒരു പ്രഭു (chief)വും നൈസാംമഹാരാജാവും അധീശശക്തിയോടു ഒരേവിധത്തിൽബന്ധപ്പെട്ടവരാണെന്നുവരുകയും അവരെ ഒരിനത്തിൽതന്നെ കണക്കാക്കേണ്ടിവരുകയും ചെയ്യും. ഇതു അസംബന്ധമാണല്ലോ. "ചില പ്രധാനകാര്യങ്ങളിൽ ഏററവുംചെറിയ നാട്ടുരാജ്യത്തെപ്പോലും ഒരു സ്വതന്ത്രരാജ്യമായി പരിഗണിയ്ക്കേണ്ടതായിവരു"മെന്നു പ്രിവികൗൺസിൽ വിധിയുമുണ്ട്. നാട്ടുരാജ്യങ്ങൾക്കുള്ള ബന്ധം രാജാധികാരമുള്ള സ്വതന്ത്രരാജ്യങ്ങൾക്കു ബ്രിട്ടീഷ്ഗവർമ്മെൻറിനോടുള്ളതിൽനിന്നും വ്യത്യസ്തമാണെന്ന് മുൻപേതന്നെ പ്രസ്താവിച്ചുകഴിഞ്ഞു. ഇവയിൽനിന്നെല്ലാംവരുന്നതു യാതൊരിനത്തിലുംപെടാതെയും, എന്നാൽ എല്ലായിനത്തിൻെറയും ചില ലക്ഷണങ്ങളോടുകൂടിയുംഉള്ള ഒരു പ്രത്യേകവർഗ്ഗത്തിലാണ് നാട്ടുരാജ്യങ്ങൾ ഉൾപ്പെടുന്നതെന്നാണ്.

നാട്ടുരാജ്യങ്ങളുമായുള്ള അധീശഗവമ്മെൻറിൻെറ ബന്ധത്തിൻെറ ഉത്ഭവവും വളച്ചയും ഇപ്പോഴത്തെ നിലയും ഇതിനുപരി ചച്ചചെയ്യാമെന്നു വിചാരിക്കുന്നു. ഇംഗ്ലീഷുകാർ വാണിജ്യത്തിനായിട്ടാണ് ഇൻഡ്യയിൽ വന്നതു. യുദ്ധങ്ങളിലുംമററും ഏർപ്പെട്ടു ധനവ്യയംചെയ്യുന്നതു ഇവരുടെ സാമ്പത്തികതാല്പയ്യങ്ങൾക്കു പ്രതിബന്ധമായിരുന്നതുകൊണ്ടു പ്രഥമഘട്ടങ്ങളിൽ ഇംഗ്ലീഷുകാർ "തൻകാര്യം"മാത്രംനോക്കിക്കൊണ്ടു വാണിജ്യം നടത്തിവന്നു. പരസ്പരം സ്പർദ്ധാലുക്കളായ നാട്ടുരാജാക്കന്മാരെ പടവെട്ടിക്കയും കുറെ ഭാരതീയരെ യൂറോപ്യൻസമ്പ്രദായത്തിൽ പരിശീലിപ്പിച്ചു തങ്ങളുടെ ആജ്ഞാധീനമാക്കിവെക്കുകയും ചെയ്താൽ പാശ്ചാത്യരുടെ അധികാരം ഭാരതത്തിൽ സുപ്രതിഷ്ഠിതമാക്കാമെന്നു ആദ്യമായി ദീർഘദർശനംചെയ്തതു ഫ്രഞ്ചുഗവർണ്ണരായിരുന്ന ഡ്യൂപ്ലേ ആയിരുന്നു. പ്രതിഭാശാലിയായ ഫ്രഞ്ചുകാരൻെറ നയം ആംഗ്ലേയരെ പരിഭ്രമിപ്പിക്കുകയും ആത്മരക്ഷയെക്കരുതി ഏതാദൃശസജ്ജീകരണം അവരും നടത്തുകയും ചെയ്തു.

ആദ്യമായി പട്ടാളങ്ങളെ അയച്ചു പ്രതിഫലത്തിന്മേൽ നാട്ടുരാജാക്കന്മാരെ യുദ്ധത്തിൽ സഹായിക്കുക എന്നനയമാണ് ഇവർ തുടങ്ങിയതു. അടുത്തപടിയായി ഇവർ നാട്ടുരാജാക്കന്മാരുടെ സഹായത്തോടുകൂടി സ്വയം യുദ്ധരംഗത്തിലിറങ്ങി. ഈ നയം അവസാനത്തിൽ സാമ്രാജ്യസ്ഥാപനത്തിലും സാമ്രാജ്യവിസ്തൃതിയിലും കലാശിച്ചതു സുപ്രസിദ്ധമാണല്ലോ.

ഈസ്റ്റിൻഡ്യാകമ്പനി ഇൻഡ്യയിൽ ഒരു വലിയ ശക്തയായിത്തീന്നപ്പോൾ അവർക്കു ശക്തിസമീകരണത്തിൽ ശ്രദ്ധിക്കേണ്ടതായിവന്നു. ഈ ഘട്ടത്തിൽ പല നാട്ടുരാജാക്കന്മാരോടും ഉടമ്പടിയിലേപ്പെടുകയും സഖ്യഭാവത്തിലുള്ള ആ ഉടമ്പടികൾ, സൈന്യബലത്തെക്കാട്ടി പുതുക്കി നാട്ടുരാജാക്കന്മാരെ സാമന്തന്മാരാക്കിത്തിക്കയുമാണുണ്ടായതു. ആദ്യമായി ഇംഗ്ലീഷുകാർ നാട്ടുരാജ്യവുമായിചെയ്ത ഉടമ്പടി അഞ്ചുതെങ്ങിലെ റാണിയുമായി 1723-ലാണ്. സഖ്യഭാവത്തിലായിരുന്നതു. 1813-വരെ കമ്പനിചെയ്തിട്ടുള്ള ഉടമ്പടികളുടെഎല്ലാം സ്വഭാവമിതാണ്. അതിനുശേഷമുള്ള ഉടമ്പടികളിൽ ബ്രി. ഗവമ്മൻറിൻെറ കോയ്മസ്ഥാനം സ്ഫുടീഭവിച്ചുകാണാം. സാമ്രാജ്യവിസ്തൃതിയിൽ ഇംഗ്ലീഷുകാർ സദാചാരത്തെയോ ധർമ്മത്തെയോ പ്രമാണമായി കരുതിയിരുന്നുവെന്നു തോന്നുന്നില്ല. സ്വയം കീഴടങ്ങിയ രാജ്യങ്ങൾ, കഴമത്തപ്പെട്ടരാജ്യങ്ങൾ, എന്നിയിനങ്ങളിൽ പല രാജ്യങ്ങളേയും ഡൽഹൗസിയുടെകാലത്തു "Lapse" എന്ന തത്വമനുസരിച്ചു ബ്രിട്ടീഷിന്ത്യയോടു ചേക്കുകയുണ്ടായി. ഒരുത്തനു അവകാശികളില്ലാതെവരുമ്പോൾ അയാൾക്കു വംശത്തിൻെറ നിലനില്പിനുവേണ്ടി "ദത്ത"ടുക്കാമെന്നുള്ളതു ഭാരതത്തിൽ എക്കാലവും നിലവിലിരുന്നിട്ടുള്ള ഒരു നിയമമാണ്. എന്നാൽ ഇതനെമരുത്തു ഭാരതീയക്കു തിരെ വിദേശീയമായ ഫ്യൂഡൽനിയമപ്രകാരമാ

ണു് ഇത്തരം രാജ്യങ്ങൾ കണ്ടുകെട്ടിയതു്. ജാൻസിയിലെ റാണിയുടെകഥ വളരെ മനഃഖേദകമാണു്. സ്ത്രീകളുടെ വസ്ത്രങ്ങൾ ആഭരണങ്ങൾ എന്നിവകൂടാതെ കുട്ടികളുടെ കളിക്കോപ്പുകൾകൂടെ അവകാശ്യന്തന്യായംപറഞ്ഞു കമ്പനിക്കാർ കണ്ടുകെട്ടിപോലും!!

ശിപായിലഹളക്കാലത്തു പല നാട്ടുരാജാക്കന്മാരും കമ്പിനിയാരന്മാക്കു സഹായമായി നിന്നതുമൂലം വിക്ടോറിയാചക്രവത്തിനിയുടെ വിളംബരത്തിൽ "നാട്ടുരാജാക്കന്മാരുടെ നിലവിലിരിക്കുന്ന അധികാരങ്ങളും അവകാശങ്ങളും നമ്മുടെ സ്വന്തമെന്നപോലെ ബഹുമാനിക്കപ്പെട്ടു"മെന്നു വാഗ്ദാനംചെയ്തു. വാഗ്ദാനങ്ങൾ അധികാരോഷ്മാവിൽ ബാഷ്പീഭവിച്ചുപോകുമെന്നാണു അധീശഗവർമ്മെൻറിൻെറ പില്ക്കാലനടപടികളിൽ കാണുന്നതു്. 1884-ൽ ഇൻഡ്യാഗവണ്മെൻറു്, നാട്ടുരാജ്യങ്ങളിൽ സ്ഥാനാരോഹണങ്ങളുടെ സാധുത അധീശഗവണ്മെൻറിൻെറ അംഗീകാരത്തിലാണെന്നു വ്യക്തമായി പറഞ്ഞു. 1926-ൽ റീഡിംഗുപ്രഭു "നൈസാ"മിനെഴുതിയ ഒരു കത്തിൽ മേൽപറഞ്ഞനിയമംഹൈദരബാദിനെയും ബന്ധിക്കുമെന്നും വിശദീകരിച്ചു. "നൈസാ"മുമായിട്ടുള്ള എല്ലാ ഉടമ്പടികളും തുല്യഭാവത്തിലുള്ളതാണെന്നും തൻമൂലമുള്ള തൻെറ സ്വാതന്ത്ര്യനിലയെ വിശദീകരിച്ചും "നൈസാം" റീഡിംഗുപ്രഭുവിനു് ഒരു കത്തെഴുതി. അതിനു മറുപടിയായി വൈസ്രായി, ബ്രിട്ടീഷ്മേൽകോയ്മഉടമ്പടികളെമാത്രം അടിസ്ഥാനപ്പെടുത്തിയുള്ളതല്ലെന്നും, അവകൂടാതെതന്നെ ബ്രിട്ടീഷ്ഗവണ്മെൻറിനു് ഇൻഡ്യയുടെമേൽ പൂൎണ്ണരാജാധികാരമുണ്ടെന്നും, നാട്ടുരാജ്യങ്ങളിൽകൂടി സമാധാനം പരിപാലിക്കാൻ അതു ബാദ്ധ്യസ്ഥമാണെന്നും എഴുതിയതും ഈ അവസരത്തിൽ സ്മരണീയമാണു്. വിശ്വസ്തനായ സഖാവു് (faithfull Ally, Exhalted Highness) എന്നീ സ്ഥാനങ്ങൾ നൈസാമിനെ മററു പ്രധാനനാട്ടുരാജ്യങ്ങളിൽനിന്നും വ്യത്യസ്തമായ ഒരുനിലയിൽ പരിഗണിക്കുന്നതിനു അർഹനാക്കിത്തീക്കുന്നില്ലെന്നും അതേഎഴുത്തിൽ പറഞ്ഞിരുന്നു. എല്ലാനാട്ടുരാജ്യങ്ങളിലും ബ്രിട്ടീഷ്ഗവണ്മെണ്ടിൻെറ ഒരു പ്രതിനിധി കാണും. ചെറിയരാജ്യങ്ങളാകുമ്പോൾ ഒന്നിലധികം രാജ്യങ്ങൾക്കൊരുമിച്ചു് ഒരു പൊളിററിക്കൽ ഏജൻറു്; അതിലും ചെറിയരാജ്യങ്ങളിൽ പൊളിററിക്കൽഏജൻറിൻെറ ഒരു "ഡെപ്യൂട്ടി", ഇങ്ങിനെയാണു നില. ഇവർ പല സന്ദർഭങ്ങളിലും നാട്ടുരാജാക്കന്മാരുടെ നിയമാനുസൃതമായ അധികാരസീമയ്ക്കകത്തു പ്രവേശിച്ചിട്ടുള്ളതായിക്കാണാം. ഉടമ്പടികളെ ഉല്ലംഘിച്ചു പൊളിററിക്കൽ ഡിപ്പാർട്ടുമെൻറു് ചെയ്തിട്ടുള്ള പല സംഗതികളേയും പഴിച്ചു് 1918-ൽ നാട്ടുരാജാക്കന്മാർ ഒരു യോഗംകൂടി വൈസ്രായിക്കു ഒരു മെമ്മോറിയൽ സമപ്പിച്ചു. ഇതിൻെറയെല്ലാം ഫലമായി 1921-ൽ നരേന്ദ്രമണ്ഡലം രൂപീകൃതമായി. "നാട്ടുരാജാക്കന്മാരുടെ ആഭ്യന്തരഭരണത്തിലോ നമ്മോടുള്ള ഓരോരാജ്യങ്ങളുടേയും ബന്ധത്തെ സംബന്ധിച്ചോഉള്ള കാര്യങ്ങളിൽ ഈ സമിതിക്കു ഒരു കാര്യവുമില്ലെന്നും" നാട്ടുരാജാക്കന്മാരെ പൊതുവെ പരാമർശിക്കുന്ന പ്രശ്നങ്ങളിൽ വൈസ്രായിയുടെ ഒരുപദേശകസംഘം എന്നുള്ള നിലയിലാണിതിരിക്കുന്നതെന്നും ചക്രവത്തിയുടെ ഉൽഘാടനാവസരത്തിലുള്ള സന്ദേശത്തിൽകാണുന്നു. അതിനാൽ "നരേന്ദ്രമണ്ഡല"ത്തിനു, മൈനാറിററി, പിന്തുടർച്ച, നടപടി എന്നീകാര്യങ്ങളിലുണ്ടായിരുന്ന ചില പ്രധാനപ്രശ്നങ്ങളെപ്പററി തീരുമാനം ചെയ്യാനല്ലാതെ യാതൊന്നും നാളതുവരെ കഴിഞ്ഞിട്ടില്ല.

നാട്ടുരാജ്യങ്ങളെപ്പററി അന്വേഷിച്ചു് റിപ്പോർട്ടു തയാറാക്കാൻ 1927-ൽ ബട്ട്ളർ കമ്മററിയെ നിയമിച്ചു. 'വട്ടമേശ' സമ്മേളനത്തിനുശേഷം നാട്ടുരാജ്യങ്ങളെപ്പററി അന്വേഷിച്ചു് ഫെഡറൽഗവണ്മെൻറു നടപ്പിൽവരുമ്പോൾ അവയുടെ നില ഏതുവിധത്തിലായിരിക്കണമെന്നും മററും ശുപാശ ചെയ്യാനായി ഡേവിഡ്സൺകമ്മററിയേയും നിയമിച്ചു രണ്ടു കമ്മററികളും റിപ്പോർട്ടുകളും ശുപാർശകളും തയാറാക്കി സമപ്പിക്കുകയും ചെയ്തുകഴിഞ്ഞു. നാട്ടുരാജ്യങ്ങളെപ്പററിപൊതുവെ ചില അഭിമാനകരങ്ങളായ സംഗതികളെപ്പററിപ്പറഞ്ഞു ഈ ലേഖനം അവസാനിപ്പിക്കാം.

നാട്ടുരാജ്യങ്ങൾ സാധാരണ വിചാരിക്കപ്പെട്ടുന്നതുപോലെ പുരോഗതിയിൽ വിമുഖമല്ല. ഇൻഡ്യയ്ക്കു് സ്വയംഭരണത്തിനു തക്ക ശേഷിയുണ്ടെന്നു നമുക്കു വാദിക്കാൻ കഴിയുന്നതു് നാട്ടുരാജ്യങ്ങളിൽ നല്ല രാജ്യതന്ത്രജ്ഞന്മാരെന്നു പേരെടുത്ത മാധവറാവു പ്രമുഖന്മാരെപ്പററി ഉദ്ധരിച്ചിട്ടാണു്. നാട്ടുരാജ്യപ്രജകൾക്കു് ബ്രിട്ടീഷിൻഡ്യൻപ്രജകളെക്കാൾ രാജ്യഭരണത്തിൽ കൂടുതൽ സ്വാതന്ത്ര്യവും സൌകര്യവും ലഭിക്കുന്നുണ്ടു്. സൈനികസേവനത്തിനും നാട്ടുരാജ്യങ്ങളിൽ കൂടുതൽ സൌകര്യമുണ്ടു് ഇവയെല്ലാററിനും ഉപരിയായി നാട്ടുരാജാക്കന്മാർ പൌരാണികസംസ്കാരത്തിൻെറയും കലകളുടെയും 'സൂക്ഷിപ്പു'കാരും പ്രോത്സാഹകന്മാരുമാണു്. തിരുവിതാംകൂർ മൈസൂർ ബറോഡ എന്നീ രാജ്യങ്ങളിലെ ഭൂപതിമാരുടെ ആളുപ്പുസ്തകൾ ഇതിനുതക്ക സാക്ഷ്യം വഹിക്കുന്നുണ്ടു്. ഇൻഡ്യയിലെ മൂന്നിലൊരുഭാഗം രാജ്യത്തേയും അഞ്ചിലൊരുഭാഗം ജനങ്ങളേയും ഭരിക്കുന്നവരാണു ഇവർ. പല നാട്ടുരാജാക്കന്മാരും വളരെ സംസ്കൃതചിത്തരും, ചില രാജ്യങ്ങൾ പുരോഗമനത്തിൽ ബ്രിട്ടീഷിന്ത്യയെ അതിക്രമിച്ചു നിൽക്കുന്നവയുമാണു്.

---


## അഭിജ്ഞാനശാകുന്തളം.

സവ്യാഖ്യാനം.

കാളിദാസൻെറ അഭിജ്ഞാനശാകുന്തളത്തിൻെറ പല പരിഭാഷകളുംമലയാളികൾ കണ്ടിരിക്കാം. എന്നാൽ പ്രസ്തുത ഗ്രന്ഥം സംസ്കൃതത്തിലുള്ള കാളിദാസകൃതിയും അതിൻെറ വ്യാഖ്യാനവും അടങ്ങിയതാണു്.

വില 1 രൂ.

ശ്രീരാമവിലാസം പ്രസ്സ് — കൊല്ലം




വസ്ത്രങ്ങൾ നല്ലവണ്ണം വെന്നുളുക്കണമെങ്കിൽ




501 സോപ്പ് ഉപയോഗിക്കുക.

501 മുഴുവനും സോപ്പുതന്നെയാണു് വലിപ്പത്തിനായി അതിൽ യാതൊന്നും കൂട്ടിക്കൂട്ടുന്നില്ല.




ദി ടാററാ ഓയിൽമിൽസ് കമ്പനി (Ltd.)

ടോംകോ സെയിൽസ് ഡിപ്പാർട്ടുമെൻറു്

19 എ. വാണിയർസ്ട്രീററ്;

ജി. ടി. മദ്രാസ്.

ചെറുകഥാപംക്തി·

# സുധ.

ഇടപ്പള്ളി ആർ. രാഘവൻപിള്ള

## I

ആ സംഭവം നടന്നിട്ട് ഇപ്പോൾ വസന്തം പത്തു കഴിഞ്ഞു. പ്രകൃതി പത്തുതവണ ചിരിച്ചു. പത്തുതവണ കരഞ്ഞു. എങ്കിലും അന്ന് സുധയുടെ ഹൃദയത്തിൽ ഉണ്ടായ ഒരു മുറിവ് ഇന്നും ഉണങ്ങിയിട്ടില്ല അന്ന് ഉറങ്ങുവാൻതുടങ്ങിയ അവളുടെ ഹൃദയം ഇന്നും ഉണർന്നിട്ടില്ല.

സുധയ്ക്ക് ഒരു കളിത്തോഴൻ ഉണ്ടായിരുന്നു അന്നു. കിഴക്കേതിലെ മുരളി. അവനു അവളേക്കാൾ രണ്ടുവയസ്സിനു പ്രായംകൂടും; അത്രയേയുള്ളു. എങ്കിലും അവരുടെ പുറന്നാൾ രണ്ടും ഒരുദിവസംതന്നെയാണ്; മകരമാസത്തിലെ 'മകം'.

വളരെ ദുർല്ലഭമായിട്ടേ സുധയും മുരളിയും പരസ്പരം പിരിയാറുള്ളു. രാത്രിമാത്രം പിരിയാതെ നിവൃത്തിയില്ലാത്ത ആ ഇണപ്രാവുകൾ എങ്ങിനെയാണാവോ നേരംവെളുപ്പിച്ചിരുന്നതു്! പ്രഭാതമാകേണ്ട താമസം, സുധ ഏഴുന്നേററു് ഒരൊററഓട്ടം, മുരളിയുടെ വീട്ടിലേയ്ക്കു്. മുരളി അപ്പോഴും ഉറക്കമായിരിക്കും. സുധ വിളിതുടങ്ങും, "മുരളി! മുരളീ" അതെ, അവളായിരുന്നു മുരളിയുടെ പുലരി!

മുരളിയേയും കൂട്ടിക്കൊണ്ടു് സുധ അവളുടെ ഗൃഹത്തിൻെറ തെക്കേപ്പുറത്തുള്ള ഇലഞ്ഞിച്ചുവട്ടിൽ എത്തും. അവിടെ അവർക്കൊരു ഉണ്ണികൃഷ്ണൻെറ അമ്പലം ഉണ്ടു്. മുരളിയാണു ശാന്തിക്കാരൻ. സുധ അവളുടെ ചേച്ചിയുടെ പൂന്തോട്ടത്തിൽനിന്നും പൂക്കൾ പറിച്ച് മാലകെട്ടി അമ്പലത്തിൽ കൊടുക്കും. പൂജയും, ശീവേലിയുംമററും തെററാതെ ഉണ്ടു്. മരംകൊണ്ടു ഉണ്ടാക്കിയിട്ടുള്ള ഒരാനക്കുട്ടി, ആതിൻെറ പുറത്തു് മിന്നിച്ചിതറിയിരിക്കുന്ന ചില്ലോടുകൂടിയ ഉണ്ണികൃഷ്ണൻെറ ഒരുപടം; താമരപ്പൂവ് ഈർക്കിലിയിൽകോർത്തു് ഉണ്ടാക്കിയ ഒരാനക്കുട. രണ്ടു് 'അപ്പൂപ്പൻതാടി'വെഞ്ചാമരം. നാവുകൊണ്ടുതന്നെയുള്ള ചെണ്ടമേളം എന്നിങ്ങനെയുള്ള അലങ്കാരങ്ങളോടുകൂടിയ ആ ശീവേലി സുധയുടെ ഭാഷയിൽ എന്നും "അസ്സലും" മുരളിയുടെ അഭിപ്രായത്തിൽ ചിലപ്പോൾ "പൊട്ട"യും ആകാറുണ്ടു്.

വൈകുന്നേരം പള്ളിക്കൂടംവിട്ടുവന്നാൽ മുരളി കാപ്പി കുടിച്ചു, കുടിച്ചില്ല എന്നു വരുത്തും. പിന്നെ കാണുന്നതു സുധയുടെ വീട്ടിൽ! എന്നാൽ സുധയെ കളിക്കാതെ മുത്തശ്ശി അകത്തുകടത്തുകയില്ല. അവൾ കളിക്കാൻപോകുമ്പോൾ മുരളിയുംകൂടും കൂട്ടിനു്. അവിടെ കുളത്തിലേയ്ക്കു് ചാഞ്ഞു നിലം പററി ഒരു തെങ്ങ് കിടപ്പുണ്ടു്. മുരളി അതിന്മേൽ കയറി 'കുതിര' കളിക്കും. സുധ ആ സമയംകൊണ്ടു ഒരു കാക്കമുങ്ങലും കഴിക്കും.

സാധാരണ കുട്ടികളിൽ കണ്ടുവരുന്ന "തമ്മിൽ തല്ലും തലകീറും" ഈ പങ്ങാതികൾക്കില്ല മുരളിക്കു് അല്പം വികൃതിത്തരങ്ങളുണ്ടു്; സുധയ്ക്കു ചിലനേരംപോക്കുകളും. ആണ്ടിൽ ഒരിക്കൽ അവർ തമ്മിൽ ഒന്നു പിണങ്ങും. അതു് അവരുടെ പുറന്നാളിനാണ്- രണ്ടും ഒരു ദിവസമാണല്ലോ? സുധയുടെ വീട്ടിൽ മുരളി ഉണ്ണാൻചെല്ലേണമെന്നു അവൾ. 'എൻെറ വീട്ടിലേക്കുവരണം സുധ'യെന്നു മുരളി. രണ്ടും നടപ്പുമില്ല. വീട്ടുകാർ സമ്മതിക്കുമോ പിറന്നാളായിട്ടു് മറെറാരുവീട്ടിൽപോയി ഉണ്ണുവാൻ? ഭക്ഷണംകഴിഞ്ഞാൽ അന്നു് അന്യോന്യം കാണാതെ ആ ബാലികാബാലന്മാർ പിണങ്ങി അവരവരുടെ വീടുകളിൽതന്നെ കഴിച്ചുകൂട്ടും എന്നാൽ അവരുടെ ആ പരിഭവത്തെ പാടേ നിഃപാടനംചെയ്യുവാനുള്ള കെല്പ് ഒരു രാത്രിയിലെ ഉറക്കത്തിനുണ്ടായിരുന്നു.

* * *

പൊന്നിൻചിങ്ങമാസത്തിലെ തിരുവോണക്കാലം. സുധ പറയും "എൻെറ മുരളി, ഒന്നു വേഗം എണീക്കൂ ആ അസത്തുകുട്ടികൾ പൂവെല്ലാം ഇപ്പോൾ പറിച്ചെടുത്തുകാണും."

ഒന്നു് മൂരിനിവർത്തി എണീററു് കണ്ണുതിരുമ്മിക്കൊണ്ടു മുരളി പ്രതിവദിക്കും. "മിണ്ടാതിരിക്കുസുധേ! നമ്മൾ ഇന്നലെ വിടരാൻ കണ്ടുനിറുത്തിയിരിക്കുന്ന ആ കദളിപ്പൂവും ചിററാടപ്പൂവും അവരാരും കാണില്ല. ആ തോട്ടിൽ ഇറങ്ങുവാൻ ഒരെണ്ണത്തിനുണ്ടോ ധൈര്യം?"

പൂക്കൾശേഖരിക്കുന്നതിൽ സാമർത്ഥ്യം സുധയ്ക്കാണു്. മരച്ചില്ലകളിൽ വല്ല അണ്ണാനോ, കുരുവിക്കൂടോകണ്ടാൽ അതുംനോക്കിനിൽക്കും മുരളി. ഇടയ്ക്കു സുധ മന്ത്രിക്കും: "ഇതിൽനിന്നും കിട്ടുമെന്നു വിചാരിക്കേണ്ടാ"

പവിഴക്കുലകളാൽ അലതല്ലുന്ന നെല്ലിൻപാടം. അവിടെ മഴവില്ലിൻെറ ആകൃതിയിൽ കൂട്ടംകൂട്ടമായി എത്തി നെന്മണികൾ കൊത്തിപ്പറക്കുന്ന ആററക്കിളികളെ നോക്കി സുധ തെല്ലിടനിന്നുപോകും. മുരളിഅടുത്തുചെല്ലുന്നതു അവൾ അറികയില്ല. അവൻ മന്ദമന്ദം അവളുടെ മഞ്ജൂഷയിൽനിന്നും ഒരു വാരു അവൻെറ സ്വന്തമാക്കും. ഒരു വലിയ വിജയലബ്ധിയിൽ എന്നപോലെ ആ നിഷ്കളങ്കഹൃദയൻ ഒന്നു പൊട്ടിച്ചിരിക്കുമ്പോളാണു് സുധ കാര്യം മനസ്സിലാക്കുന്നതു്. "ആട്ടെ," എന്ന ആ ഒരൊററപദത്തിൽ തൻെറ പരിഭവവും ദേഷ്യവും ആസകലം അടക്കി അവൾ ഒരുനിമിഷം മിണ്ടാതെനിൽക്കും! കഴിഞ്ഞു അവളുടെ പിണക്കം!!

* * *

ആ തെങ്ങിൻതടിയിൽ ഇരുന്നു കുതിരഓടിക്കുന്ന മുരളിചോദിച്ചു; "സുധേ! നിനക്കു് എത്ര എണ്ണുന്നതുവരെ മുങ്ങിക്കിടക്കാം?"

"എൺപതു്"

"എന്നാൽ കാണട്ടെ"

സുധ മൂക്കുംപൊത്തിക്കൊണ്ടുഒരുമുങ്ങൽ. "ഒ...ന്നു്; ര...ണ്ടു"......മുരളി എണ്ണംതുടങ്ങി. ഇടയ്ക്കു അവൻ ഒരു തട്ടിപ്പേററു.

"......എമ്പത്തിഎട്ടു......അമ്പത്തിഒമ്പതു്......"

സുധയും മനസ്സുകൊണ്ടു എണ്ണുന്നുണ്ടായിരുന്നു. കഷ്ടിച്ചു നൂറായപ്പോൾ അവൾ പൊങ്ങി. മുരളി എഴുപത്തിഒന്നേ ആയിരുന്നൊള്ളു പാവം! സുധ! അവൾ അറിഞ്ഞില്ല മുരളിയുടെ ആ ചെറിയകളവു്. അവൾക്കു അല്പം കുറച്ചിലായി. വീണ്ടും മുങ്ങി. ഇത്തവണ മുരളി സത്യവാനായിരുന്നു. നൂററിപ്പതിനഞ്ചു എണ്ണിയതിൽപിന്നീടാണു് സുധപൊങ്ങിയതു്.

"ഇതൊന്നും അത്ര സാരമില്ല; ഞാൻ ഇരുന്നൂറുവരെ കിടക്കാം" എന്നായി മുരളി അവൻ വെള്ളത്തിൽചാടി. സുധ വളരെവേഗത്തിൽ തെററാതെ എണ്ണുവാംതുടങ്ങി. ഇടയ്ക്കു മുരളിക്കു ഒരുസംശയം; സുധ പാററ ച്ചെങ്കിലോ എന്നു്! അവൻ ഒന്നു പൊങ്ങി വെറുതെ പറഞ്ഞു; ഇതു പററുല്ല സുധേ; നാല്പത്തിമൂന്നോ? കുറേക്കൂടി വേഗം എണ്ണുന്നം.

"വയ്ക്കത്തപ്പനാണു് ഞാൻ തെററിച്ചിട്ടില്ല" എന്ന സത്യവാചകം കേട്ടുകൊണ്ടു മുരളി വീണ്ടുംമുങ്ങി. കുറച്ചുകഴിഞ്ഞപ്പോൾ അവനു വീർപ്പുമുട്ടിത്തുടങ്ങി. അവൻ പെട്ടെന്നു പൊങ്ങി. "അറുപതു്" എന്നാണു അവൻ കേട്ടതു്! ആ അഭിമാനിക്കു് വലിയ 'ജാള്യത'യായി! "അമ്പടീ! നി നൂററിപ്പതിനഞ്ചു്!...ഞാൻ അറുപതോ......?"

അതാ വീണ്ടും ഒരു മുതലക്കുത്തു! കുളത്തിൻെറ അടിയിൽ ഒരു കരിങ്കല്ല് ഉരുണ്ടുവന്നു കിടപ്പുണ്ടായിരുന്നു. മുരളി അതിന്മേൽ വട്ടംകെട്ടിപ്പിടിച്ചു കിടന്നു. സുധയുടെ എണ്ണം നൂറിൽകവിഞ്ഞു. മുരളിക്കു ക്രമത്തിൽ അധികം ശ്വാസംമുട്ടിത്തുടങ്ങി. എണ്ണത്തിൽഉള്ള ഉത്സാഹവും വേഗതയും സുധയ്ക്കു വർദ്ധിച്ചു. അതാ ഒരു ശബ്ദം, മുരളി നിവൃത്തി ഉഴൽചഗതിയിൽ അവൻെറ വായുപിടിത്തം വിട്ടുപോയി! ജലം കുറെഅധികം ശിരസ്സിലും വയററിലും കടന്നു! അവൻെറ കൈകാലുകൾ കുഴഞ്ഞു. ഇതെല്ലാം മുരളിയുടെ വെറും വികൃതികളായിട്ടാണു് സുധ കരുതിയതു്! അവൾ കൈകൊട്ടിച്ചിരിച്ചു. കടവിലേക്കു അടുക്കുന്നതിനുള്ള മുരളിയുടെ ശ്രമങ്ങളെല്ലാം അവനെ അടിയിലേക്കു പോകുവാനാണു് സഹായിച്ചതു്. അതാ അവൻെറ കൺമിഴികൾ മറിയുന്നു! കൈകാലുകൾ ഇട്ടടിക്കുന്നു! എന്തിനു്? ആ സാധുവിൻെറഉദരം ഒരുപെട്ടിപോലെ വീർത്തുകഴിഞ്ഞു! എന്നാൽ മുരളിയുടെ വികൃതിത്തരങ്ങളുമായ! ചിരപരിചയമുള്ള സുധ അതെല്ലാം വെറും ഗോഷ്ഠികൾമാത്രമായിട്ടാണു വ്യാഖ്യാനിച്ചതു.

"എനിക്കു് വിശക്കുന്നു; മുരളി കാപ്പി കുടിച്ചതാണു്, വേഗം കയറിവരൂ" എന്നുപറഞ്ഞുകൊണ്ടു സുധ വീട്ടിലേക്കോടി...!

സന്ധ്യയ്ക്കു സുധയുടെ മാതാവു മേൽകഴു

കുവാൻ വന്നപ്പോൾ കുളത്തിൽ എന്തോ പൊങ്ങിക്കിടക്കുന്നു അവർ പിറുപിറുത്തു; "ഞാൻ തോററു ഈ വികൃതിപ്പിള്ളേരെക്കൊണ്ടു്! ഒരു തടിയെ ബാക്കിഉണ്ടായിരുന്നൊള്ളു; അതും ഉന്തിത്തള്ളി വെള്ളത്തിൽആക്കി; ഇതു് ഇവിടെത്തന്നെകിടന്നാൽ നാളെ ഇതിന്മേലായിരിക്കും വള്ളംകളി!"

തടി ഉന്തി കരയ്ക്കടുപ്പിക്കാൻ കൈനീട്ടിയ ആ സ്ത്രീ ഒരുഞെട്ടൽ! "അയ്യോ"എന്നു് ഒരലച്ച്!!

വീട്ടിൽനിന്നും ആളുകൾ വിളക്കുകൊണ്ടു വന്നു നോക്കിയപ്പോൾകണ്ട കാഴ്ച!

"മലവാഴത്തടിപോലെ മലന്നടിച്ചു"കിടക്കുന്ന മുരളിയുടെ തളിരിളംമേനി...!

പിന്നത്തെകഥ! ആ രണ്ടു വീട്ടുകാരുടേയുംസ്ഥിതി......!

അശ്രുഭസൂചകവും ഭയങ്കരവുമായ ഒരുനിശ്ശബ്ദത അവിടെ എങ്ങും വ്യാപിച്ചിരുന്നു. അതിനെ ഭഞ്ജിച്ചു മുഴങ്ങിക്കൊണ്ടിരുന്ന സുധയുടെ തേങ്ങിത്തേങ്ങികരച്ചിൽ എപ്പോൾ നിലച്ചാവോ!!

* * *

## II

"സുധേ! നിന്നോടുപറഞ്ഞിട്ടില്ലേ, തെക്കേകുളക്കരയിൽ പോകരുതെന്നു്" എന്ന ഒരു ശാസന ആ ഗൃഹത്തിൽ ദിവസത്തിൽ പലതവണയും മുഴങ്ങികേൾക്കാം.

എപ്പോഴും കിഴക്കേ കുളത്തിങ്കൽ ആണു സുധ അവൾക്കു ഒരു നിയമമുണ്ടു്, കുറെ കരയണം അതിനുള്ള സ്ഥലമാണു് കുളക്കടവു്- അവിടെ അവൾക്കു ഒരു മുരളീഗാനം കേൾക്കാം;

"അതു് പറവല്ലാ സുധേ!......കുറച്ചുകൂടി വേഗം എണ്ണണം!"

ആവർത്തനം; അതാണല്ലോ പ്രകൃതിയുടെജോലി! ആ ഓണക്കാലം വീണ്ടുംഎത്തി.

പാൻപൊടിപൂശിയ പൂഞ്ചിറകുകൾ വിരിച്ചു് പറക്കുന്ന പൂമ്പാററകളെ കാണുമ്പോൾ സുധയ്ക്കുതോന്നും:"ഇതെന്തുപക്ഷി; ഒരു ഭംഗിയില്ല, കെട്ടോ"

അയൽപക്കത്തെ കുട്ടികളെല്ലാം പൂ ശേഖരിക്കുന്ന ബഹളം. അവർ സുധയേയുംവിളിക്കാതെ ഇരിക്കയില്ല.

അവൾപറയും; "ഞാനില്ല"

"എടീപെണ്ണേ! വല്ല രണ്ടു തുമ്പക്കൊടമെങ്കിലും പറിച്ചു് കെഴക്കോറത്തിടു്" എന്നു മുത്തശ്ശിയുടെ മുറുമുറുക്കൽ എങ്ങിനേയോ സുധയെ പറമ്പിലേയ്ക്കു ഇഴയിക്കും. എന്നാൽ അവിടെഎങ്ങും അവൾ ഒററപ്പൂപോലും കാണുകയില്ല!

അങ്ങേതിലെ കരുണൻ പൂവിട്ടു് ഓണം കൂവുമ്പോൾ സുധവിചാരക്കും, "കഷ്ടം എന്റെ മുരളി ഉണ്ടായിരുന്നെങ്കിൽ......എത്ര നീളത്തിൽ കൂവമായിരുന്നു!"

പന്തുകളി കോലാഹലംകേട്ടു് ചെവി ഓക്കുന്ന അവൾമന്ത്രിക്കും; "കഷ്ടം! എന്റെ മുരളി...എന്തുനാം... എറിയേണ്ടതാമസം കമ്പിൽ ചെന്നുകൊള്ളുവാൻ!......"

അമ്പലത്തിൽചെന്നു് തൊഴാൻനിൽക്കുമ്പോൾ അവൾക്കു ഓർമ്മവരും ഇലത്തിച്ചുവട്ടിലെ ഉണ്ണികൃഷ്ണന്റെ അമ്പലം. "തൊടരുതു്" എന്നുപറഞ്ഞു ഒതുങ്ങിനിന്നു പ്രസാദം ഇട്ടുകൊടുക്കുന്ന ആ മുരളിസ്വാമി......!

മകരമാസത്തിലെ മകം. അവളുടെ ജന്മനക്ഷത്രം. അന്നാണു് അവൾക്കു സഹിക്കവയ്യാത്ത സങ്കടം. അന്നു് പ്രത്യേകിച്ചു് ഒരുകാരണംകൂടി ഉണ്ടാകും അവളുടെ അമ്മ പറയും, 'കഷ്ടം! ആ മുരളി... അവന്റേയും ജന്മദിനമല്ലെ ഇന്നു്; അവനുണ്ടെങ്കിൽ എന്തായിരിക്കും ഇന്നു് കിഴക്കേതിലെ കോലാഹലം!" സുധ വാവിട്ടുകരയും. കരഞ്ഞുകരഞ്ഞു് കൺപോളകൾ വീർത്തു്, മിക്കവാറും ഒന്നുംകഴിക്കാതെതന്നെ ആ സാധു ഉറങ്ങിപ്പോകും!

ഒരുദിവസം സുധപറകയാണു് അവളുടെ സഹപാഠിനിയായ രാധയോടു്:

"ഞങ്ങളുടെ കിഴക്കേതിലെ മുരളി ഇപ്പോൾ ഉണ്ടായിരുന്നെങ്കിൽ പതിമൂന്നുവയസ്സതികയും. ആ ചുരുളൻതലമുടി പപ്പറശ്ശായിട്ടു്, കുപ്പായത്തിന്റെ ബട്ടൻസ്സും ഇടാതെ, മുരളി കാലുംആട്ടിക്കൊണ്ടു് ആ ബെഞ്ചിൽ ഇരിക്കുന്നതുപോലെ എനിക്കുതോന്നുന്നു."

രാധയുണ്ടോ കിഴക്കേതിലെ മുരളിയെഅറിയുന്നു! അവൾ പ്രതിവദിച്ചു: "എനിക്കു കേൾക്കേണ്ട; ഈ ആൺകുട്ടികൾ......എല്ലാം അസത്തുക്കളാണു്! മുരളിയും, മുരുകനും..."

പിന്നെ രണ്ടാഴ്ചയ്ക്കു സുധയും രാധയുംതമ്മിൽ മിണ്ടാട്ടമേ ഇല്ല...!

അന്നു സുധയുടെ സഹോദരൻ ബാലൻ വളരെ ആഹ്ളാദത്തോടുകൂടിയാണു് വീട്ടിൽവന്നതു്. അവൻ "സ്ക്രൂ ഫൈനൽ" ജയിച്ചുപോലും!

സുധ വിചാരിക്കയാണു് "ബാലച്ചേട്ടനും മുരളിയും ഒരുപ്രായം..."

അവൾചോദിച്ചു, "അപ്പോളേട്ടാ! നമ്മുടെ മുരളി ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ ചേട്ടനോടു് ഒപ്പം ജയിക്കുല്ലെ?"

"പോടീ, പെണ്ണെ, ചത്ത മുരളിഅല്ലെ ജയിക്കുന്നതു്?"

പിന്നീടു ഒരുമാസത്തേയ്ക്കു് ബാലച്ചേട്ടനുവേണ്ടി യാതൊരു ശുപാർശയും സുധ അച്ഛന്റെ അടുക്കൽ ചെയ്തിട്ടില്ല!

വൈകുന്നേരം സുധ വിളക്കിന്റെ ചിമ്മിനിതുടച്ചുകൊണ്ടിരിക്കയായിരുന്നു അപ്പോ കേൾക്കാം അകത്തുനിന്നു് ഒരു ശകാരവർഷം. ബാലൻ പൊടിവലിച്ചതറിഞ്ഞിട്ടു അച്ഛൻ ദേഷ്യപ്പെടുകയായിരുന്നു അതു്. സുധയുടെ ഹൃദയം ഒന്നുതുടിച്ചു. "കഷ്ടം!" അവൾനിനച്ചു, "മുരളി ഉണ്ടായിരുന്നെങ്കിൽ ഇതുപോലെ കൂട്ടുകൂടി പൊടിയുംമററും വലിക്കുമോ ആവോ? പക്ഷെ, എന്നെങ്കിലും ഞാൻ ആ പൊടിക്കുപ്പി ഒന്നു കാണുവാൻഇടയായാൽ കഴിഞ്ഞു! ഉടഞ്ഞേട്ടു തട്ടപ്പറിച്ചു ഒരേററു്!" ഇതോടുകൂടി "കിലും" എന്നൊരുശബ്ദവും കേട്ടു അവളുടെ കയ്യിൽഇരുന്ന ആ ശരറാന്തലിന്റെ ചിമ്മനി തവിടുപൊടി തരിപ്പണം...!

സുധയുടെ ആകൃതിക്കും പ്രകൃതിക്കും വ്യത്യാസംവന്നിരുന്നതിനോടൊപ്പംതന്നെ അവളുടെ മനോരാജ്യത്തിൽ ഏകച്ഛത്രാധിപത്യം വഹിച്ചിരുന്ന മുരളിയുടെ ഭാവപ്രകൃതികൾക്കും അനുദിനം വ്യത്യാസം ഭവിച്ചുകൊണ്ടിരുന്നു

"അപ്പോൾ". സുധവിചാരിക്കയാണു്, "ഇപ്പോൾ മുരളിയുണ്ടെങ്കിൽ തീർച്ചയായും കാളേജിൽ നടന്നുപോകയില്ല. എറണാകുളത്തുതന്നെ താമസമാക്കുമായിരിക്കും. അങ്ങിനെയാണെങ്കിൽ ഞാനെങ്ങിനെ കാണും? ശനിയും, ഞായറും ഉണ്ടല്ലോ അല്ലെ? ഏയ്! അതുപോരാ. ഞാൻപറയും ഒരു സൈക്കിൾവാങ്ങാൻ മുരളി തനിക്കുദിവസേന? കാളേജിലേക്കു പോകുവാൻ ഒരു കളെൽക്കു യറുമ്പോൾ ഒന്നുബെല്ലടിക്കും. ചിലപ്പോൾ ഞാൻ നിൽക്കുന്നതുകാണാതെ ഒരുപറക്കൽ...!"

* * *

"മരതകക്കുന്നി"ലെ മാധുരിയുടെ വിവാഹത്തിനു് സുധയും പോയിരുന്നു.

തിരക്കിന്റെ ഇടയിൽ തലമാത്രം പുറത്തേയ്ക്കുകാണിച്ചു കല്യാണമണ്ഡപത്തിലേക്കു നോക്കിനിൽക്കുന്ന അവൾ തന്നത്താൻ വിചാരിച്ചു


"വിവാഹം! അതിങ്ങനെയാണോ? ദൂരെനിന്നും ആരെങ്കിലും ആയിരിക്കും കല്യാണം കഴിക്കുന്നതെന്നല്ലെ ഞാൻ കരുതിയിരുന്നതു്. ഇതു് ആ രവീന്ദ്രനല്ലെ? മാധുരി എപ്പോഴും സ്തുതിക്കാറുള്ള ആൾ. അവൾ ഒരുമിച്ചു പഠിച്ചിരുന്നതു്. കഷ്ടം! എന്റെ മുരളി ഉണ്ടായിരുന്നെങ്കിൽ ഞങ്ങൾക്കും ഉണ്ടായേനെ ഒരു കല്യാണം. ദോ അതുകണ്ടോ? ഈശ്വരാ! മാധുരിക്കു നാണമില്ല കേട്ടോ എത്ര ആളുകളാ, നരന്നിരിക്കുന്നതു്! അവരുടെ ഒക്കെ മുമ്പിൽ വച്ചു് എത്രധൈര്യം അവൾക്കു രവീന്ദ്രന്റെ കഴുത്തിൽ മാലയിടുവാൻ! എനിക്കാണെങ്കിൽ സാധിക്കയില്ല. അല്ല! പിന്നേയും അവൾ അവിടെത്തന്നെ ഇരിക്കയാണല്ലൊ? ഞങ്ങളുടെ കല്യാണം... പിന്നക്കതു വിചാരിക്കാൻകൂടി വയ്യ അതെന്താ അല്ലെ ഇത്ര നാണം; മുരളിയെ ഞാൻ ദിവസവും കാണുന്നതല്ലെ? അതെന്താ, സമ്മാനങ്ങളോ? ഇത്ര പെരുത്തുണ്ടോ! ഇതെല്ലാം ആ അകത്തു കൊണ്ടുപോയിട്ടുകൊടുത്താൽ പോരെ? അമ്പേ! ഒരു വലിയ പെട്ടി അതും അവളുടെ കയ്യിൽ! മുരളി ഉണ്ടായിരുന്നെങ്കിൽ ഞങ്ങൾക്കും ഇതിലധികം സമ്മാനങ്ങൾ കിട്ടാതിരിക്കയില്ല. ബി എ. ജയിക്കുമ്പോളേക്കും എത്ര സ്നേഹിതന്മാരാണു് മുരളിക്കുണ്ടാകുക!..."

ഒരു മംഗളപത്രപാരായണത്തിന്റെ അവസാനത്തിൽ ഉണ്ടായ ഹസ്തതാഡനകോലാഹലത്തോടുകൂടി സുധയുടെ ആ വിചാരധാര മുറിഞ്ഞുപോയി.

ആ രാത്രി മുതൽ സുധയുടെ ചിന്താസരണി ഒന്നു വ്യത്യസ്തമായിരുന്നു. "വിവാഹം" എന്നൊരു ശബ്ദനാളം സദാപി അവളുടെ കർണ്ണപുടങ്ങളിൽ വന്നലച്ചുകൊണ്ടിരുന്നു അവൾക്കെന്തോ ഒരു വല്ലാത്ത മാറ്റം. ഏതോ ഒരദൃശ്യശക്തി നാലുപുറത്തുനിന്നു വന്നു അവളെ മർദ്ദിക്കുന്നതുപോലെ തോന്നി. എന്തോ ഒന്നു അകത്തു് ചിറകിട്ടടിക്കുന്നതുപോലെ അവൾക്കു അനുഭവപ്പെട്ടു എത്ര വെള്ളം കുടിച്ചാലും തീരാത്ത ഒരു ദാഹം അവൾക്കു്. കൈകൾ കഴഞ്ഞു് എത്ര വിശ്രമിച്ചാലും ശമിക്കാത്ത ഒരു പുകച്ചിൽ ദേഹമാസകലം !!


ചിലപ്പോൾ ഉല്ലംഉറക്കെത്തന്നെ സുധ പറഞ്ഞുപോകും; "ആ രവീന്ദ്രനെപ്പോ

ചി ത്ര ന ഗ ര ം .



തിരുവനന്തപുരം സെൻട്രൽറയിൽവേസ്റ്റേഷനുസമീപം സർവ്വേന്ത്യാ പ്രദശ്നത്തിനായി തയ്യാർ ചെയ്യപ്പെട്ടിരിക്കുന്ന ചിത്രനഗരത്തിൻെറ ഒരു ചിത്രം.

ചിത്രനഗറിൽ അഖിലേന്ത്യാ പ്രദർശനം.



ഉൽഘാടനകർമ്മം നടത്തിയ സർ മഹമ്മദുഹബിബുള്ള യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നു.

Photo, Krishnan Nair Bros.

ലെ നടന്നാലെന്താ മുരളിക്കു്? ആ തലമുടി ഒന്നു് ഭംഗിയായി ചീകിവയ്ക്കാൻപാടില്ലെ? ഇങ്ങടുത്തുവരു, ഞാൻതന്നെ ശരിയാക്കാം. ഈ മീശയ്ക്കു ഇത്ര നീളമെന്തിനാ? അത്രയും വേണ്ട. ഈ ഷർട്ടിനു ഇത്രയും ഇറക്കം വേണ്ട. ഒന്നു മനുഷ്യരെപ്പോലെ നടന്നുകണ്ടെങ്കിൽ... —"

മന്ദിരാങ്കണത്തിൽ തത്തിതത്തി നടക്കുന്ന മാടപ്പിറാവിനെ കാണുമ്പോൾ അവൾ മന്ത്രിക്കും: "അതിനു് ഒരു ഇണയുണ്ടു്."

മന്ദമാരുതാശ്ലേഷത്താൽ തരളിതകളേബരയായി തലയാട്ടുന്ന താമരത്താരിനെകാണുമ്പോൾ അവൾ തന്നത്താൻ ചോദിക്കും: "ഈ കാററില്ലാതിരുന്നാൽ ആ പൂവു് തലയാട്ടുമോ?"

തരുണാരുണകിരണകന്ദളികളാൽ മാണിക്യഖണ്ഡമായി മാറിനിൽക്കുന്ന ഹിമകണികയെ കണ്ടു് അവൾ പിറുപിറുക്കും; "ഇതിനു ഈ പ്രഭ എവിടെനിന്നുണ്ടായി!"

* * *

നിയതി പിന്നേയും മുന്നോട്ടുതന്നെ. അതൊക്കെ കരഞ്ഞാലും കൊള്ളാം; ആ കണ്ണീർധാര അതിൻെറ പ്രവാഹത്തെ പൂർവ്വാധികം വർദ്ധിപ്പിക്കമാത്രം ചെയ്യും! ആരൊക്കെ ചിരിച്ചാലുംകൊള്ളാം, അതു് ആ പ്രവാഹത്തിൽ ചില വെൺനുരത്തരികൾ കലർത്തുകമാത്രം ചെയ്യും!

"സുധേ! അകത്തു കിടക്കുന്ന ആ കസേരകൾകൂടി പൂമുഖത്തേക്കു ഇട്ടേക്കു്."

അച്ഛൻെറ ഈ വാക്കുകൾകേട്ടു അവൾ പുറത്തേക്കു ഒന്നു് എത്തിനോക്കി.

മൂന്നുനാലു് അപരിചിതർ.

സുധയുടെ നിഴൽ പിന്നെ അവിടെ എങ്ങും കണ്ടില്ല. അവൾ കിഴക്കേതിലേയ്ക്കു പോയി. ഇന്നും കരഞ്ഞുകഴിഞ്ഞിട്ടില്ലാത്ത മുരളിയുടെ അമ്മയെ സമാധാനിപ്പിക്കുക എന്ന അവളുടെ കർത്തവ്യങ്ങളിൽ ഒന്നു അന്നു കുറേ നേരത്തെതന്നെ ആചരിച്ചു.

സുധയുടെ വിവാഹാലോചനയ്ക്കു വേണ്ടിയായിരുന്നു അവർ വന്നിരുന്നതു്.

ഉന്നതവിദ്യാഭ്യാസം, കുലീനത, സൽസ്വഭാവം, സൌന്ദര്യം മുതലായവയുടെ വിളനിലമായ ഒരു യുവാവു്.

ഒരു യുവതിക്കു് കിട്ടേണ്ടതിൽവച്ചു ഏററവും വലിയ ഭാഗ്യം!

അന്നുരാത്രി പരിചാരിക സുധയോടു ഒരു പരാതി. "ഇന്നൊന്താതങ്കം, പുറത്തെങ്ങും കണ്ടില്ലല്ലോ? മേക്കഴുകാനും എന്നെ അന്വേഷിച്ചില്ല. കല്യാണം തിച്ചയാക്കിയപ്പോൾതന്നെ ഇങ്ങനെയായി; അപ്പോൾ അതങ്ങുകഴിഞ്ഞാലോ?"

നീ പോടീ, എന്നുമാത്രമായിരുന്നു സുധയുടെ മറുപടി.

* * *

കുററാക്കുററിരുട്ടു്, ഭയങ്കരമായ മഴ! ചെവിക്കല്ലിളക്കുന്ന ഇടിമുഴക്കം! കണ്ണു് മഞ്ഞളിപ്പിക്കുന്ന മിന്നൽപ്പിണർ!

അതിലുംവലിയ ഒരു കോളിളക്കം സുധയുടെ ഹൃദയത്തിൽ.

തെറുത്തുവച്ചിരുന്ന കിടക്കയിൽതന്നെ അവൾ ചാരിക്കിടന്നിരുന്നു. കരഞ്ഞുകരഞ്ഞു അവൾതെല്ലിട ഒന്നു മയങ്ങിപ്പോയി. "അങ്ങിനെതന്നെ" എന്നു ഉച്ചത്തിൽ പറഞ്ഞുകൊണ്ടു് അവൾ ചാടിഎഴുന്നേററു. അസാധാരണമായ ഒരു വിലാസം അപ്പോൾ അവളുടെ വദനകമലത്തിൽ കളിയാടിയിരുന്നു. അതാ അവൾ പത്തുകെട്ടിന്റെ ക്കോട്ടുള്ള കതകിൻെറ സാക്ഷ നിക്കുന്നു ...

ഈ അസമയത്തു കുളക്കടവിൽ ഇരിക്കുന്ന സുധയെ അപ്പോൾ കണ്ണുതുറന്ന ഒരു മിന്നൽമാത്രം കണ്ടിരിക്കാം. അവൾ തൻെറ സാരി അഴിച്ചു ഒരു കുരുക്കുണ്ടാക്കി അവിടെ കിടന്നിരുന്ന ഒരു വലിയ കരിങ്കല്ലിൽ ഇട്ടു മുറുക്കി. സാരിയുടെ മറെറത്തുമ്പു് അവളുടെ അരയിലും ദൃഢമായി ബന്ധിച്ചു. ഒരുവിധം പ്രയാസപ്പെട്ടു് ആ കല്ലുരുട്ടി വെള്ളത്തിൽ ആക്കി. അതാ, ഒരുകുതി...!!

സർവ്വവും ഭദ്രം!!

---


# നിങ്ങളുടെ ഭാവി.

നിങ്ങളുടെ പേരും മേൽവിലാസവും ഏതെങ്കിലും ഒരു പുഷ്പത്തിൻെറ പേരും മാത്രം എഴുതി ഒരു പോസ്ററുകാർഡു് അയയ്ക്കുക. എന്നാൽ 1 രൂപയും ചിലവും വി. പി. ചുമത്തി തൊഴിലിലുണ്ടാകുന്ന ലാഭനഷ്ടങ്ങൾ, ഉദ്യോഗക്കയററം, സ്ഥലംമാററം അല്ലെങ്കിൽ തരംതാഴ്ത്തൽ, ജനനങ്ങൾ, വിവാഹങ്ങൾ, ആനന്ദകരമായ സംഭവങ്ങൾ, രോഗങ്ങൾ മുതലായി നിങ്ങളെ സംബന്ധിക്കുന്നതും അടുത്ത 12 മാസങ്ങൾക്കിടയിൽ നടക്കുന്നതുമായ സംഭവങ്ങളുടെ പൂർണ്ണവിവരങ്ങൾ അയച്ചുതരുന്നതാണു്. സംഭവിക്കാനിടയുള്ള ദുരദൃഷ്ടങ്ങളിൽ നിന്നും രക്ഷനേടുന്നതിനുള്ള മാർഗ്ഗങ്ങളും വിവരിച്ചു അറിയിക്കുന്നതാണു്. ഒന്നു പരിശോധിച്ചുനോക്കിയാൽ ഞങ്ങളുടെ പ്രവചനങ്ങൾ സൂക്ഷ്മമായി ഫലിക്കുന്നവയാണെന്നു ബോദ്ധ്യമാകും ഏതെങ്കിലും 5 ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നൾകുന്നതിനു 1 ക. 4 ണ. മാത്രം.

നോട്ടു്—ഞങ്ങളുടെ പ്രസ്താവനകൾ അവാസ്തവമെന്നു തെളിയിക്കുന്നവക്കു 100 ക. ഇനാം.

Professor G. Shunker,
Post Box No. 72, Lahore.



കൽക്കരിയിൽനിന്നുണ്ടാക്കപ്പെട്ടിട്ടുള്ള സ്ഫടികസാധനങ്ങൾ ലണ്ടനിലെ വ്യവസായ കലാപ്രദർശനത്തിൽ ജാനുവരിമാസത്തിൽ പ്രദർശിക്കപ്പെടുന്നതാണ്.

*　　*　　*

പ്രതിവർഷം 10000 പവൻവീതമായിരുന്ന കെൻറുപ്രഭുവിൻെറ അലവൻസ് വിവാഹശേഷം 25000 പവനായി വർദ്ധിപ്പിച്ചിരിക്കുന്നു.

*　　*　　*

ഡോർട്ടുഫാർഡ് മുതൽ പർപ്ലീറവരെ ഒരു തുരങ്കം നിർമ്മിക്കുന്നതിനുള്ള പദ്ധതി 1931-ൽ പരിത്യജിക്കപ്പെട്ടതാണ്. എന്നാൽ വീണ്ടും അത് ലണ്ടനിൽ ആലോചനക്കെടുത്തിരിക്കുന്നു. ഇതിനുള്ള ആകെ ചിലവ് 35-ലക്ഷം പവനിൽകുറയുകയില്ലെന്നാണ് കണക്കുകൾകൊണ്ട് പ്രത്യക്ഷപ്പെടുന്നത്.

*　　*　　*

പരിശുദ്ധമായതാണെന്ന് ഉത്തരവാദിത്വം നൾകാമെങ്കിൽ അടുത്ത ആറുമാസത്തിനുള്ളിൽ 80000 ടൺ വെടിയുപ്പ് ചിലിയിൽനിന്നു ഇറക്കുമതിചെയ്തുകൊള്ളാമെന്നും അതിനു നികുതിചുമത്തുന്നതല്ലെന്നും ജർമ്മനി സമ്മതിച്ചിരിക്കുന്നു.

*　　*　　*

സാമ്പത്തിക പ്രതിബന്ധങ്ങളാൽ ബ്രസ്സൽസ് പ്രദർശനത്തിൽ അടുത്തകൊല്ലം ജർമ്മനി സംബന്ധിക്കുന്നില്ലെന്നു തീരുമാനിച്ചിരിക്കുന്നു. ഈ പ്രദർശനത്തിൽ ഒരു പ്രധാനഭാഗം ജർമ്മൻവകപ്പാണ്, പ്രദർശനരംഗത്തിൽ ഇരുപതിനായിരം ചതുരശ്രഅടി സ്ഥലം ഇവർക്കു "റിസർവ്" ചെയ്തിട്ടുമുണ്ടായിരുന്നു.

*　　*　　*

ഒരു പവൻെറയും പത്തു ഷില്ലിംഗിൻെറയും കള്ളനോട്ടുകൾ ലണ്ടനിൽ ധാരാളം പ്രചാരത്തിൽ വന്നിരിക്കുന്നതിനാൽ ബാങ്കുകളിലെ കാഷ്യറന്മാർ വല്ലാതെ വിഷമിക്കുന്നു. നല്ലനോട്ടുകളും ഇവയുമായി പറയത്തക്ക വ്യത്യാസമൊന്നുമില്ലാതെയിരിക്കുന്നതിനാൽ കറൻസിവിദഗ്ദ്ധന്മാർക്കുപോലും ഇവയെ പ്രത്യേകിച്ചറിയുവാൻ പ്രയാസമായിത്തീർന്നിരിക്കുന്നു. കെൻറു രാജകുമാരൻെറ വിവാഹാഘോഷങ്ങൾ കാണുവാൻ എന്നഭാവേന ലണ്ടനിലെത്തിയ വിദേശികളാണു കള്ളനോട്ടുകൾ ഇവിടെ പ്രചരിപ്പിച്ചതെന്നു അധികാരികൾ വിചാരിക്കുന്നു.

*　　*　　*

ജാനറ്റ്മക്ഡൊണാൾഡും, മോറിസ് ഷെവാലിയരും നായികാനായകന്മാരായി അഭിനയിച്ച "സന്തുഷ്ടയായ വിധവ" എന്ന കഥ ചലനചിത്രമാക്കിയതിനുള്ള ചിലവ് നാലുലക്ഷംപവനാണത്രേ.

*　　*　　*

ക്രിസ്തുമസ്സ്കാലത്തെ ജോലിത്തിരക്കുകൊണ്ടു കുഴപ്പങ്ങൾ ഭവിക്കാതിരിക്കുവാൻ ലണ്ടനിലെ ജനറൽപോസ്റ്റാഫീസുകാർ അറുപതിനായിരത്തിൽ കൂടുതൽ ജോലിക്കാരെ പുതുതായി എടുത്തിരിക്കുന്നു. ഇവരിൽ 12 00-പേർ ലണ്ടനിലെ ആവശ്യത്തിനും, 1500-പേർ ബർമിങ്ങ്ഹാമിലേക്കും, 1200-ആളുകൾ മാൻചെസ്റ്ററിലേക്കും 1500-പേർ ഗ്ലാസ്സ്ഗോയിലെ ആവശ്യത്തിനുമാണു നിയോഗിക്കപ്പെട്ടിരിക്കുന്നത്.

*　　*　　*

"കരുതലില്ലാതെ കാർഓടിച്ച് യാദൃശ്ചികമായി ഒരു സ്ത്രീയുടെ ദേഹത്ത് പരുക്കൾ പററിച്ചു" എന്ന കാരണത്താൽ പ്രസിദ്ധജർമ്മൻസിനിമാതാരമായ ബ്രിജെററ്ഹെമിന് ബർലിനിൽ രണ്ടുമാസത്തെ തടവ് വിധിച്ചിരിക്കുന്നു.

*　　*　　*

ട്രാൻസ് അററ്ലാൻറിക്ക്ഗതാഗതത്തിനായി അമേരിക്കാ രണ്ടു ഭീമക്കപ്പലുകൾ നിർമ്മിക്കുവാൻ ആരംഭിച്ചിരിക്കുന്നു. ഇതിൻെറ പണികൾ പൂർത്തിയാക്കുവാൻ ഗവർമ്മെൻറ് ഇതുണ്ടാക്കുന്ന കമ്പനിക്കാർക്ക് 10-ലക്ഷം പവൻ കടംകൊടുത്തിരിക്കുന്നു. ഇരിപ്പുമുറികൾ, സിഗററുവലിക്കുന്നതിനുള്ള മുറികൾ, കളിമുറികൾ, വ്യായാമത്തിനുള്ള മന്ദിരങ്ങൾ മുതലായി ആധുനികആവശ്യങ്ങൾക്ക് അത്യന്താപേക്ഷിതമായിരിക്കുന്ന എല്ലാ പരിഷ്കൃതസജ്ജീകരണങ്ങളും ഇതിൽ ഉണ്ടായിരിക്കുന്നതാണ്.

*　　*　　*

വെസ്റ്റ്ഇൻഡീസിലുള്ള ഇഗ്വാനാപല്ലികൾക്ക് ആവശമെന്നുതോന്നുമ്പോൾ ആത്മഹത്യചെയ്യുവാൻ സാധിക്കുമെന്നു ഒരു പ്രസിദ്ധശാസ്ത്രജ്ഞനായ ഡാക്ടർ പാൾ ബാർട്ട്സേ കണ്ടുപിടിച്ചിരിക്കുന്നു. ജീവനോടെയും, യാതൊരു കേടുകൂടാതെയും ഈ ജന്തുക്കളെ പിടിച്ചാലും കുറെനിമിഷങ്ങൾക്കുള്ളിൽ ഇവ മരണമടയുക പതിവാണെന്നും, എന്നാൽ ഏതെങ്കിലും കേടുപററിയ ലക്ഷണങ്ങളൊന്നും ഇവയെ പരിശോധിച്ചാൽ കാണുവാൻ സാധിക്കയില്ലെന്നുമുള്ള കാരണമാണു തൻെറ കണ്ടുപിടിത്തത്തിൻെറ അടിസ്ഥാനമായി ഡാക്ടർ പറയുന്നത്.

*　　*　　*

റുമേനിയൻപ്രധാനമന്ത്രിയായ മിസ്റ്റർ ടാററാറെസ്ക്യൂവിനെ ഒരുകൂട്ടംഡിറെക്ററീവ് ഉദ്യോഗസ്ഥന്മാർ വളരെ കരുതലോടുകൂടി സൂക്ഷിച്ചുവരുന്നു. റുമേനിയൻഭീകരപ്രസ്ഥാനസംഘമായ "അയറൺഗാർഡ്" എന്ന കൂട്ടരിൽനിന്നും, ഇദ്ദേഹത്തെ വധിക്കുമെന്നു വിവരിക്കുന്ന ഒരു ലേഖനം കിട്ടിയതാണത്രേ ഈ കരുതലുകൾക്കെല്ലാം കാരണം.

*　　*　　*

വ്യവസായത്തിലോ മറേറതെങ്കിലും തൊഴിലുകളിലോ ഏർപ്പെട്ടിരിക്കുന്ന ആരെങ്കിലും 20-പവൻ കൊടുക്കുന്നതായാൽ അവരുടെ ഭാര്യയായി താൻ ഇരുന്നുകൊള്ളാമെന്ന് ഹള്ളിലെ ഒരാശുപത്രിയിലെ ഒരു നഴ്സ് പരസ്യംചെയ്തിരിക്കുന്നു. ഒരു സ്നേഹിതയെ സഹായിക്കുവാനാണു ഈ തുകയെന്നും അവർ പറയുന്നു. പക്ഷേ ഇതുവരെ ഒരു പുരുഷനും ഈ "ആഫർ" സ്വീകരിച്ചിട്ടില്ല. 20-പവൻ കൂടുതൽവിലയായി കരുതിയായിരിക്കണം അവിവാഹിതർ മൌനം അവലംബിക്കുന്നത്. "ഒരു ഭാര്യയെലഭിക്കുവാൻ 20-പവൻ മുടക്കുന്നതാരാണ്? ഇങ്ങിനെയൊരു വേതനംഇല്ലാതെതന്നെ വിവാഹബന്ധത്തിലേർപ്പെടുവാൻ സന്നദ്ധരായി ധാരാളം യുവതികളുണ്ടല്ലോ. സാധാരണരീതിയനുസരിച്ച് ഒരു വരനെ കിട്ടുവാൻ സാധിക്കാത്തഒരു സ്ത്രീയ്ക്ക് അതിനുള്ള യോഗ്യതയുമില്ല" എന്നാണു ഒരാൾ അഭിപ്രായംപറഞ്ഞത്.

*　　*　　*


# "ഗുപ്തമന്ത്രം."

## ൧൦൦-ക. ഇനാം.

ലക്ഷക്കണക്കിനു രൂപാ ചിലവാക്കിയാലും സാധിക്കാത്തകാര്യങ്ങൾ ഈ മന്ത്രം ഏഴുതവണ ജപിച്ചാൽ സാധിക്കുന്നതാണ്. ഫലപ്രാപ്തിക്കു വിഷമകരമായഅനുഷ്ഠാനങ്ങൾ യാതൊന്നും വേണ്ട. പ്രത്യേകം യാതൊന്നും കരുതേണ്ടതായിട്ടുമില്ല. നിങ്ങൾ ആഗ്രഹിക്കുന്നസ്ത്രീ കഠിനഹൃദയയും, അഹംഭാവിയുമായാൽപോലും നിങ്ങൾ ഈ മന്ത്രം പാരായണംചെയ്തുകഴിഞ്ഞാൽ നിങ്ങളിൽ അനുരക്തയാകുകയും, എന്നും നിങ്ങളോടുകൂടിയിരിക്കുന്നതിനു ആഗ്രഹിക്കുകയും ചെയ്യും. ഇതു് ഒരു വശീകരണമന്ത്രമാണ്. നിങ്ങളെ അതു് ഭാഗ്യവാനാക്കും; ഉദ്യോഗവും കയററവും നൾകും, വ്യവഹാരങ്ങളിൽ വിജയംതരും, വ്യാപാരത്തിൽ ലാഭമുണ്ടാക്കും. വ്യത്യാസം വരുന്നതായി തെളിയിച്ചാൽ 100 ക. ഇനാം.

തപാൽചിലവുൾപ്പടെ വില 2 ക 7 ണ.

ഇംഗ്ലിഷിൽ അപേക്ഷിക്കുക.

Siddh Mantra Ashram,
No. 173, P. O. Katrisarai,
(Gaya).

# മലയാളരാജ്യം.

1110 ധനു 16-ാംനു- തിങ്കളാഴ്ച

ഭൂസ്വത്തുക്കളിൽനിന്നുള്ള ആദായത്തിന്റെ ഒരു നിശ്ചിതശതമാനമാണ് ഭൂനികുതിയായി കൊടുത്തുവരുന്നത്. ഭൂസ്വത്തിൽനിന്നുള്ള ഈ ആദായത്തെ നിർണ്ണയിക്കുന്നത് കണ്ടെഴുത്തുകാലത്താകുന്നു. കണ്ടെഴുത്തുനടത്തുന്നകാലത്തെ സാമാന്യവിലനിരക്കിനെ ആസ്പദമാക്കിയാണ് ഭൂസ്വത്തിൽനിന്നുള്ള വരുമാനവും അതിന്റെ ഒരു നിശ്ചിതാംശമായ ഭൂനികുതിയും നിർണ്ണയിക്കുന്നത്. ഇപ്രകാരം ഒരു തോതനുസരിച്ച് ഭൂനികുതി നിർണ്ണയിക്കയും ആ തോതനുസരിച്ച് അടുത്ത കണ്ടെഴുത്തുവരെ ഭൂനികുതി പിരിക്കയുംചെയ്യുന്നതിന്റെ അനഭിലഷണീയത പ്രത്യക്ഷമാണ്. കണ്ടെഴുത്തുകാലത്തു തോതായി സ്വീകരിച്ച വിലനിരക്കും അതതുകാലത്തെ കമ്പോളവിലനിരക്കുംതമ്മിൽ ഗണ്യമായ അന്തരമുണ്ടായിരിക്കും. കർഷകന്മാരുടെ അതതുവർഷത്തെ വരുമാനം കമ്പോളനിലയെ ആശ്രയിച്ചിരിക്കുന്നു എങ്കിലും ഭൂനികുതി കൊടുക്കേണ്ടത് കണ്ടെഴുത്തുകാലത്ത് അംഗീകരിച്ച വിലത്തോതനുസരിച്ചാണ്. കാർഷികോല്പന്നങ്ങളുടെ വില ക്രമാതീതമായി കുറഞ്ഞുകൊണ്ടിരിക്കുന്ന ഇക്കാലത്ത് നിലവിലിരിക്കുന്ന ഭൂനികുതിഏർപ്പാട് കർഷകജനതയെയും ഭൂസ്വത്തുടമസ്ഥന്മാരെയും എത്രമാത്രം ക്ലേശിപ്പിക്കുമെന്നു വിവരിക്കേണ്ടതില്ല. നടപ്പുവിലയുമായി യാതൊരു ബന്ധവും ഇല്ലാത്തനിരക്കിൽ ഭൂനികുതി നിർണ്ണയിക്കുന്നതിനാലുണ്ടാകുന്ന ദോഷങ്ങളെ കഴിയുന്നത്ര വേഗത്തിൽ നിവാരണംചെയ്യേണ്ടതാണ്. പഞ്ചാബിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായികാണുന്ന ഭൂനികുതിനയം പഠനാർഹമാണ്. കഴിഞ്ഞ 20-വർഷത്തെ ശരാശരിവിലയെ തോതായിനിശ്ചയിച്ച് ഭൂനികുതി നിർണ്ണയിക്കുക എന്നുള്ളതാണ് അതിലെ ഒരു മുഖ്യാശയം. ഓരോവർഷത്തിലും മുൻവർഷത്തെ കമ്പോളവിലനിരക്കനുസരിച്ച് ഭൂനികുതി പിരിക്കുക എന്നനയത്തിനും പ്രാധാന്യം കല്പിച്ചിരിക്കുന്നതായി കാണുന്നു. കമ്പോളത്തിലെ വിലനിരക്കിന്റെ കൂടുതൽകുറവനുസരിച്ച് നികുതിയിൽ കൂടുതൽകുറവുവരുന്നതിൽ നികുതിദായകന്നു ന്യായമായ ആവലാതിക്കു കാര്യമില്ല. പക്ഷെ ഈ തത്വം അംഗീകരിച്ചു നടപ്പാക്കുന്നകാര്യത്തിൽ പ്രായോഗികവൈഷമ്യങ്ങൾ ഉണ്ടായേക്കാം. രാജ്യത്തെ പ്രധാന കാർഷികോല്പന്നങ്ങളെപ്പററി അതതുവർഷത്തിൽ ശരിയായ കണക്കുകൾ ശേഖരിക്കുന്നതുകൂടാതെ ജനങ്ങളുടെ വരുമാനത്തെയും സാമ്പത്തികസ്ഥിതിയെയുംപററി പ്രത്യേകം നിഷ്കർഷിക്കയും അന്വേഷിക്കയുംചെയ്യേണ്ടതിന്റെ ആവശ്യം ഒഴിച്ചുകൂടുവാൻ പാടില്ലാത്തതായിതീരും. ഇപ്രകാരമുള്ള അന്വേഷണങ്ങളും സ്ഥിതിവിവരപ്പട്ടികകളുടെ ശേഖരണവും അധികൃതന്മാരുടെ കൃത്യാന്തരങ്ങളെ വർദ്ധിപ്പിക്കുമെങ്കിലും രാജ്യനന്മയെ സ്പർശിക്കുന്ന പലകാര്യങ്ങളുടെയും യഥാർത്ഥചിത്രംകാണ്മാൻ അതുപകരിക്കുന്നതാണ്. സുസമ്മതന്മാരായ പൊതുജനപ്രമാണികളുടെ സഹകരണത്തോടുകൂടി പ്രസ്തുത അന്വേഷണങ്ങളുടെഭാരം കുറയ്ക്കാവുന്നതുമാണ്. ജനങ്ങൾക്ക് ഗുണവും ആശ്വാസവും ഉണ്ടാകുമെങ്കിൽ അതിലേക്കായി വേണ്ടിവരുന്ന ക്ലേശങ്ങളും ജോലിക്കൂടുതലും നിസ്സാരങ്ങളെന്നു കരുതുവാനെ നിവൃത്തിയുള്ളു. പ്രസ്തുതവിഷയം നമ്മുടെ ഗാഢമായ ചിന്തയെത്തന്നെ അർഹിക്കുന്നു.

* * *

പത്താമത്തെ അഖിലേന്ത്യാ വിദ്യാഭ്യാസസമ്മേളനത്തിന്റെ യോഗങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു ഇൻഡ്യാഗവർമ്മെന്റിന്റെ വിദ്യാഭ്യാസമെമ്പർ സർ ഫസ്ലിഹുസ്സയിൻ ചെയ്ത പ്രസംഗം ശ്രദ്ധേയമാണ്. 'എഴുതാനും വായിക്കാനും ഉള്ള ശേഷി വോട്ടുരേഖപ്പെടുത്തുന്നതിനു അത്യന്താപേക്ഷിതമായ ഒരു യോഗ്യതയല്ലായിരിക്കാം എന്നിരുന്നാലും പ്രാതിനിധ്യഭരണസമ്പ്രദായത്തിന്റെ വിജയം ഏറിയപങ്കും അക്ഷരജ്ഞാനമുള്ള നിയോജകന്മാരെയാണ് ആശ്രയിച്ചിരിക്കുന്നത്. വിദ്യാഭ്യാസപ്രവർത്തകന്മാർ ഭാവിപൗരന്മാരിൽ, സഹിഷ്ണുതയോടുകൂടിയ ഒരു മനോഭാവം അങ്കുരിപ്പിക്കേണ്ടതാണ്" എന്നാണ് അദ്ദേഹം ഉൽബോധിപ്പിച്ചത്. സ്വന്തം കലകളുടെ സൗന്ദര്യത്തെപ്പററി ബോധമില്ലാത്തവരും സ്വന്തഭാഷയെയും സാഹിത്യത്തേയുംപററി ലജ്ജിതരായിരുന്നവരും സ്വന്തമായുള്ളതെല്ലാം നീചമെന്നും ഹീനമെന്നും വൈദേശികമായുള്ളതെല്ലാം ഉൽകൃഷ്ടമെന്നും കരുതുന്നവരുമായ യുവാക്കന്മാരെ വിദ്യാഭ്യാസപ്രവർത്തകരായി റിക്രൂട്ടുചെയ്യുന്ന സമ്പ്രദായം ഉപേക്ഷിക്കേണ്ട ആവശ്യകതസ്വാഗതപ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. സ്വന്തഭാഷപോലും സംസാരിക്കാൻ വശമില്ലാതെ സ്വന്തനാട്ടിൽ വൈദേശികരെപ്പോലെ ജീവിക്കാൻ യുവജനങ്ങൾ നിർബന്ധിതരാകാതിരിക്കത്തക്കവണ്ണം വിദ്യാഭ്യാസസമ്പ്രദായത്തെ ഭേദഗതിചെയ്യണമെന്നും ശക്തിമത്തായി ചൂണ്ടിക്കാണിക്കപ്പെടുകയുണ്ടായി. വിദ്യാഭ്യാസം അതിന്റെ അത്യുച്ചമായ ലക്ഷ്യത്തെ പ്രാപിക്കണമെങ്കിൽ ആത്മികമായ ഒരടിസ്ഥാനം ഉണ്ടായിരിക്കണമെന്നും അതേസമയംതന്നെ ശാരീരകസംസ്കാരത്തെ മറന്നുകളയാതിരിക്കണമെന്നും അദ്ധ്യക്ഷൻ അനുസ്മരിപ്പിച്ചു. സ്ത്രീപുരുഷന്മാർതമ്മിൽ വിദ്യാഭ്യാസപരമായി പൊരുത്തമില്ലായ്ക വളരെ പരിതാപകരമാണെന്നും അതു കുടുംബജീവിതത്തിന്റെ സുഖക്ഷേമാദികൾക്കു ആപൽക്കരമാണെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. വിദ്യാർത്ഥികളെ അന്യരാജ്യങ്ങളിലയക്കുന്നതുമൂലം പണത്തിനും സമയത്തിനും ശക്തിക്കും നേരിടുന്ന ദുർവ്യയം നിവാരണംചെയ്യുന്നതിനും മററുമായി ഫെഡറൽസർവ്വകലാശാലകളുണ്ടായിരിക്കേണ്ട ആവശ്യകത മുതലായ ഗുരുതരങ്ങളായ വിഷയങ്ങളും സമ്മേളനത്തിന്റെ ശ്രദ്ധയെ ആകർഷിച്ചിരിക്കുന്നതായിക്കാണുന്നു.

* * *

ആത്മാവ്, ഈശ്വരൻ, മതം, ഇവയെ സംബന്ധിച്ചു പ്രസ്താവിക്കുന്ന ഗ്രന്ഥങ്ങൾ എന്നിവയെല്ലാം ദിവ്യരഹസ്യങ്ങളായി വച്ചുകൊണ്ടിരുന്നതിന്റെ ഫലമാണ് ഇന്നു ഹിന്ദുസമുദായം അനുഭവിക്കുന്ന കഷ്ടതകൾ. 'മതംകൊണ്ടുള്ള പ്രയോജനം പാരത്രികമായ സുഖസമ്പത്തുമാത്രമാണെങ്കിൽ മതങ്ങൾ കേവലം മരണശാസനപ്രായങ്ങളാണ്' എന്നു ശ്രീമാൻ പി കെ നാരായണപിള്ള അവർകൾ കേരളഹിന്ദുമിഷ്യന്റെ ആഭിമുഖ്യത്തിൽ തിരുവല്ലായിവച്ചു ചെയ്ത പ്രസംഗത്തിൽ പ്രസ്താവിച്ചിരിക്കുന്നതു എത്രയും ശ്രദ്ധാർഹമാണ്. ഓരോ മതങ്ങളെക്കൊണ്ടും ഐഹികങ്ങളായ പലസംഗതികളും സാധിക്കുന്നതായി നാം കാണുന്നു എന്നും അദ്ദേഹം തുടരുന്നു. വാസ്തവത്തിൽ ഇന്നത്തെ ലോകത്തിൽ ഐഹികജീവിതത്തെ സഹായിക്കയും സുഖൈശ്വര്യപൂർണ്ണമാക്കുകയുംചെയ്യാത്ത ഒരു മതത്തിനും സ്ഥാനമില്ലെന്നായിട്ടുണ്ട്. ഏതെങ്കിലും ഒരു മതത്തിന്റെ അനുയായികൾക്കുള്ള സങ്കടങ്ങളെ നിവാരണംചെയ്യുന്നവിഷയത്തിൽ മതം ഉപകരിക്കുന്നില്ലെങ്കിൽ ആ മതത്തിന്റെ ഭാവി കണ്ടുതന്നെ അറിയണമെന്നനിലയായിട്ടുണ്ട്. ആകയാൽ മതത്തെയും മതതത്വങ്ങളേയും സാമാന്യജനങ്ങളുടെ സ്വത്താക്കുന്ന വിഷയത്തിൽ ദീർഘകാലമായി ഹിന്ദുമതം അനുവർത്തിച്ചിട്ടുള്ള അക്ഷന്തവ്യമായ അനാസ്ഥയെമാററി മതം സർവ്വജനങ്ങളുടെയും സ്വത്താണെന്നും ഐശ്വര്യപൂർണ്ണമായ ഒരു ജീവിതത്തെയാണ് മതം ലക്ഷ്യമാക്കുന്നതെന്നും പ്രവൃത്തികൊണ്ടു തെളിയിക്കയാണു ഇന്നു മതവിഷയത്തിൽ പ്രവർത്തിക്കുന്നവർ ചെയ്യേണ്ടതു.

* * *

രാജ്യത്തിന്റെ നന്മയെ ഉദ്ദേശിച്ചുള്ള പ്രവർത്തനത്തിനായി ആരോടു യോജിക്കുവാനും ലിബറൽകക്ഷി തയ്യാറാണെന്നും പക്ഷെ തങ്ങളുടെ ആദർശങ്ങളെ പരിത്യജിക്കുവാൻ തങ്ങൾ തയ്യാറില്ലെന്നും ആണ് ലിബറൽകക്ഷിനേതാവായ സർ ചിമൻലാൽസെതൽവാഡ് പ്രസ്താവിച്ചിരിക്കുന്നതു. സാധ്യമായിടത്തെല്ലാം ഗവർമ്മെന്റിനോടു സഹകരണവും ആവശ്യമുള്ളപ്പോൾ എതിർപ്പുമാണു തങ്ങളുടെ നയമെന്നു അദ്ദേഹം വിശദീകരിക്കുന്നു. ജെ. പി. സി. റിപ്പോർട്ടിനോടു ശക്തിമത്തായ എതിർപ്പു ലിബറൽകക്ഷിക്കും ഉള്ളതാണെന്നും എന്നാൽ അതിന്റെ തിരസ്കരണം എന്നതിനാൽ കാൺഗ്രസ്സ് അർത്ഥമാക്കുന്നതെന്തെന്നു തങ്ങൾക്കു മനസ്സിലാകുന്നില്ലെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. എന്നാൽ കാൺഗ്രസ്സുകാർ കൗൺസിൽപ്രവേശം അംഗീകരിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ ലിബറൽകക്ഷിയും കാൺഗ്രസ്സുകാരുമായി വ്യത്യാസമെന്തെന്നു തനിക്കു മനസ്സിലാകുന്നില്ലെന്നും പുതിയ ഭരണപദ്ധതി തങ്ങളുടെ തലയിൽ കെട്ടിവയ്ക്കുവാൻ തുടങ്ങുന്ന ഈ അവസരത്തിൽ എല്ലാവരും യോജിച്ചുനിന്നു പ്രവർത്തിക്കേണ്ടതു അത്യാവശ്യമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ലിബറൽകക്ഷിയുടെ നയത്തോടും വിശ്വാസപ്രമാണത്തോടും ലിബറൽയുവാക്കന്മാർക്കു ഗണ്യമായ എതിർപ്പുള്ള ഈ ഘട്ടത്തിൽ പ്രസ്തുത പ്രസ്താവനകൾ നിരർത്ഥകങ്ങളല്ലതന്നെ.



(ഇടതുവശം)


ജപ്പാൻരാജകുമാരി സ്വഗൃഹത്തിലേക്കു മടങ്ങുന്നു:

ജപ്പാനിലെ രാജകുമാരി ടെരുനോമിയാ സ്ക്രംഅവധിക്കു സ്വദേശത്തേക്കു തിരിച്ചുപോകുന്നതിനായി ഉയേനോ റെയിൽവേസ്റ്റേഷനിൽ വന്നുനിൽക്കുന്നതു്. കുമാരിയുടെ സമീപത്തു അധികം ആളുകളെ കാണുന്നില്ലെങ്കിലും, ചുററും പട്ടാളക്കാർ, പോലീസുകാർ, ആയമാർ തുടങ്ങി ഒരു സൈന്യം തന്നെയുണ്ടായിരുന്നു.


U. P. S.



സർവ്വരാജ്യസഭയ
രഞ്ഞെടുക്കപ്പെട്ടിരി
സാൻഡ്ലർ സ്വീ
മന്ത്രിയാണു". സോ
ററ്കക്ഷിയിലെ ഒ
നായൽ പ്രധാനമന്ത്രി
ണു് സാൻഡ്ലർ.



ഇടതുവശത്തെ ചിത്ര
ത്തു് എന്ന സ്ഥലത്തെ
ജയിനിയായി "മിസ്സ്
കരസ്ഥമാക്കിയ മിസ്സ്
ശം—ഹിററ്ലറും അന
ദിനാഘോഷത്തിൽ, പ
മുമ്പു് 1923 നവംബർ
ലനായിരുന്ന ഹിററ്ലറ
സോഷ്യലിസ്ററുകക്ഷി
മായി മ്യൂനിച്ചു് നഗര
ബവേറിയൻ പോലീസുക
കയും 16 പേർ മരിച്ചട
ം—11 വർഷത്തിനുശേ
ത്തിലെ ഇന്നു ജീവിച്ചിരി
ജർമ്മനിയുടെ ഏകാധി
ന്ന ഹെർ ഹിററ്ലറുടെ
ച്ചിൽ പ്രവേശിച്ചു ഓഡ
ഡെൺഹാളിന്റെ മുമ്പി
നടത്തി. 11 വർഷ
വേശിച്ചപ്പോൾ ധരിച്ച
ഴം ഇവർ ധരിച്ചിരുന്നു
യോഗംകൂടിയ ഹോട്ടല
സമ്മേളിച്ചതു്. ഹിററ്ല
ക്കുന്നതു അദ്ദേഹത്തിന്റെ
ആണു്. മേശപ്പുറത്തു
റും ലെമണേഡ്കുപ്പിക
പാനം ചെയ്യുകയോ,
യ്യാത്ത ഒരു അവിവാഹ



ഭയുടെ അദ്ധ്യക്ഷനായി തി
രിക്കുന്ന റിക്കാർഡ് ജെ.
ചീഡനിലെ വിദേശകാര്യ
സാഷ്യലിസ്റ്റ്-ഡെമോക്രാ
ഒരു നായകനും സ്വീഡ
ന്ത്രിയായിരുന്ന ദേഹവുമാ
ർ.

U. P S.

(വലതുവശം)

ജർമ്മനിയിലെ പ്രധാന പുരോഹിതൻ.

ഇടതുവശത്തു കാണുന്നതു ജർമ്മനിയിലെ മതാദ്ധ്യക്ഷനായ റീഷ്ബിഷപ്പു ലഡ്‌വിഗ്മുള്ളർ. അദ്ദേഹത്തിൻെറ അഡ്മിനിസ്ട്രേറ്റർ ആയിരുന്ന ഡാക്ടർ ജേഗർ ആണു വലതുവശം നിൽക്കുന്നതു്. ജർമ്മനിയിലെ വിവിധസഭകൾ യോജിപ്പിക്കുന്നതിനു മുള്ളർ ശ്രമിക്കുന്നുണ്ടെങ്കിലും അതു വിജയകരമായിട്ടില്ല.

U. P. S.



ത്രം—ഇംഗ്ലണ്ടിൽ വെയ്മ
ൻ സൗന്ദര്യമത്സരത്തിൽ വി
് വെയ്മത്ത്" സ്ഥാനം
ട്ട് നാൻസിക്കു. വലതുവ
നയായികളും ഒരു സ്മാരക
പതിനൊന്നുവർഷങ്ങൾക്കു
ർ 9-ാംനു- അന്നു അപ്രസി
ലവും ഏതാനും നാഷണൽ
ഷിയിലെ അനുയായികളു
രത്തിൽ പ്രവേശിക്കുകയും,
സുകാർ അവരെ വെടിവെക്കു
രടയുകയും ചെയ്തു. ഇപ്പോ
ശേഷം—അന്നത്തെ സംഘ
രിക്കുന്ന അംഗങ്ങൾ, ഇന്നു
ാധിപതിയായിത്തീർന്നിരിക്കു
ടെ നേതൃത്വത്തിൽ, മ്യൂനി
ഡിയൻസ്ക്വയറിൽ ഫെൽ
ിൽ ഒരു സ്മാരകയോഗം
തിനുമുമ്പു മ്യൂണിച്ചിൽ പ്ര
ുന്ന വേഷമാണു ഇപ്പോ
ു്. 1923-ൽ ഇവർ
ലാണു ഇപ്പോഴും ഇവർ
വരുടെ സമീപത്തു ഇരി
ൻെറ ഡെപ്യൂട്ടി ഹെർഹെസ്സ്
ിരിക്കുന്ന കപ്പികൾ വെ
ളുണ്ട്. ഹിററ്ലർ മദ്യ
പുകവലിക്കുകയോ ചെ
തനാണു്.

U. P. S.



# സുഗന്ധദ്രവ്യങ്ങൾ.

(മിസ്സ് ഏലിയാമ്മ എബ്രഹാം, കൊല്ലം.)

ലോകചരിത്രത്തിൽ പ്രശസ്തതാരങ്ങളായി പരിലസിക്കുന്ന സ്ത്രീകളിൽ ഭൂരിപക്ഷവും സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കുന്നതിൽ നിസ്സീമകൌതുകംഉള്ളവരാകുന്നു. ഈജിപ്റ്റിലെ ക്ലിയോപാററ്റാ അതിനെ ഒരു കലയായിത്തന്നെ കരുതിയിരുന്നു. ഇംഗ്ലണ്ടിലെ മഹാരാജ്ഞിയായ എലിസബത്ത് സുഗന്ധദ്രവ്യങ്ങളെ ആരാധിക്കുകതന്നെചെയ്തു. അവരുടെ സുഗന്ധകൈയുറകളെപ്പററി സംസാരിക്കാത്തവരായി ഇംഗ്ലണ്ടിൽ ഒരുത്തരുംതന്നെ ഉണ്ടായിരുന്നില്ല. എന്നാൽ ചരിത്രത്തെ സൂക്ഷ്മമായി പാരായണംചെയ്യുമ്പോൾ പുരുഷന്മാരും ഈ കാര്യത്തിൽ വളരെ ഉൽസുകരായിരുന്നു എന്നു നാം കാണുന്നു.

നെപ്പോളിയൻ ബോണപ്പാർട്ട്—യൂറോപ്പാകമാനം നടുക്കിയവനും ഫ്രാൻസിൻെറ അജയ്യയോദ്ധാവുമായിരുന്ന ആ വീരസിംഹം സുഗന്ധദ്രവ്യങ്ങളെ സദാ ഉപയോഗിക്കുന്ന ഒരാളായിരുന്നു. അദ്ദേഹത്തിൻെറ ശരീരത്തിൽനിന്നു നിർഗ്ഗമിച്ച സുഗന്ധം അനുഭവിച്ചറിയാൻപാടില്ലാത്ത ഒരു പടയാളിപോലും ഫ്രാൻസിൽ ഇല്ലായിരുന്നു എന്നു പ്രസ്താവിക്കുമ്പോൾ പുരുഷനെങ്കിലും ഈ കാര്യത്തിൽ അദ്ദേഹം പ്രദർശിപ്പിച്ച നിർബന്ധം എത്രമാത്രമെന്നു ഊഹിക്കാം. അദ്ദേഹത്തിനു പ്രിയതരമായിരുന്ന സുഗന്ധദ്രവ്യം "യൂഡ് കൊളോൺ" ആയിരുന്നു. അറുപതുകുപ്പിയിൽ കുറയാതെ പ്രതിമാസം ഈ സുഗന്ധദ്രവ്യം അദ്ദേഹം ഉപയോഗിച്ചിരുന്നുപോലും!

അമേരിക്കയിലെ ചരിത്രംപറയുന്നതോ? 1840-ൽ പ്രസിഡൻറുപദത്തിനു സ്ഥാനാർത്ഥിയായി നിന്ന മാർട്ടിൻ വാൻബ്യൂറൻ തിരഞ്ഞെടുപ്പിൽ പരാജിതനായതിൻെറ ഒട്ടും അപ്രധാനമല്ലാത്ത ഒരുകാരണം സുഗന്ധദ്രവ്യങ്ങളോട് അദ്ദേഹം പ്രദർശിപ്പിച്ച അതിരററ താല്പര്യമായിരുന്നു. "ക്വീൻവിക്ടോറിയായുടെ ഡബിൾ എക്സ്ട്രാക്ററും" "കോൺസെൻട്രേയിറഡ് പേർഷ്യൻഎസ്സൻസ്സും" അദ്ദേഹം നിത്യവും ഉപയോഗിക്കുന്നുവെന്നാണ് അദ്ദേഹത്തിൻെറ എതിരാളികൾ പുറപ്പെടുവിച്ച ആക്ഷേപം.

പുരാതനഗ്രീക്കുകാരും റോമാപുരവാസികളും സുഗന്ധദ്രവ്യത്തിൽ ആറാടുകയാണു ചെയ്തതു്. സ്നാനത്തിനു അവർ അതുപയോഗിച്ചു; ഭക്ഷണത്തിൽ അവർ അതുകലർത്തി. പാനീയത്തിൽ അവർ അതു ചേർത്തു.

1200 ാമാണ്ടുമുതൽ ഫ്രാൻസുകാരും സുഗന്ധദ്രവ്യങ്ങൾ ഉണ്ടാക്കിത്തുടങ്ങി. ലോകത്തിലേക്കു സുഗന്ധപുഷ്പങ്ങൾ വളരുന്നതിനു ഏററവും ഉതകിയപ്രദേശമായ "ഗ്രാസ്സെ" ഫ്രാൻസ്സിൽആണു് സ്ഥിതിചെയ്യുന്നതു്.

പുഷ്പങ്ങൾ താഴെവീഴുമ്പോൾ അവയെ പെറുക്കിയെടുത്തു് സുഗന്ധദ്രവ്യനിർമ്മാതാക്കൾക്കു കിലോഗ്രാംകണക്കിനു തൂക്കി വിൽക്കുന്നു. അവർ അതിൽ അടങ്ങിയിരിക്കുന്ന സുഗന്ധതൈലത്തെ താഴെ പറയുംപ്രകാരം എടുക്കുന്നു.


ഒരു കണ്ണാടി നല്ലവെടിപ്പായിതുടച്ച് ഏതെങ്കിലുംതരത്തിലുള്ള എണ്ണ നല്ലഘനത്തിൽ അതിന്മേൽ ലേപനംചെയ്യുന്നു. ഈ എണ്ണയുടെ മുകളിൽ പുഷ്പങ്ങളുടെ ദളങ്ങൾ ക്രമത്തിനു അടുക്കിവെക്കുന്നു. ചൂടും മാർദ്ദവവും ശരിയായി ഏല്ക്കുമ്പോൾ പുഷ്പത്തിൻെറ സൌരഭ്യം എണ്ണ വലിച്ചെടുക്കുന്നു. വീണ്ടുംവീണ്ടും നവംനവങ്ങളായ ഇതളുകളെ വെക്കുകയും, അങ്ങിനെ സൌരഭ്യം മുഴുവനും എണ്ണയിൽ കലരുകയും ചെയ്യുന്നു. പിന്നീടു ഈ എണ്ണയിൽ രസതന്ത്രജ്ഞൻ മററുതരത്തിലുള്ള സുഗന്ധസാധനങ്ങളെക്കൂട്ടിച്ചേർത്തു വിശേഷതരമായ പരിമളദ്രവ്യമാക്കുന്നു. ഈ ദ്രവ്യം കേടുവരാതെ സുരക്ഷിതമായി സൂക്ഷിക്കുന്നതിനു സാധാരണയായി ഒന്നയാൾ മൂന്നുതരത്തിലുള്ള സാധനങ്ങളാണ് ഉപയോഗിക്കുന്നതു്. രോഗം പിടിപെട്ട തിമംഗലം ഛർദ്ദിച്ചിടുന്ന സാധനമാണു അവയിൽ ഒന്നു്. കസ്തൂരിമാനിൻെറ ഒരു ചെറിയ ഉറയിൽഉള്ള ചുവപ്പും ചാരവും കലർന്ന നിറത്തിലുള്ള ഒരുവക സാധനമാണ് രണ്ടാമത്തതു്. ഇതിനു നാം ഗോരോചന എന്നു സാധാരണ പറയുന്നു. വെരുകിൽനിന്നുലഭിക്കുന്ന പുഴുവാണു മൂന്നാമത്തതു്.

സുഗന്ധദ്രവ്യം വിയർപ്പിൻെറ ദുർഗ്ഗന്ധത്തെ തടഞ്ഞു ദേഹത്തിനു പരിമളം നൽകുന്നു. കുറെയാളുകൾ ഒരേതരത്തിലുള്ള സുഗന്ധംതന്നെയാണ് ഉപയോഗിക്കുന്നതു് എന്നിരിക്കട്ടെ. എന്നാൽ അതു് പുറപ്പെടുവിക്കുന്ന വാസന ഒരുപോലെയുള്ളതല്ല ഒരുവൻെറ ദേഹത്തിൽ പ്രകൃത്യാ ഒരു വാസനയുണ്ടു്. ഉദാഹരണമായി ചില സ്ത്രീകളുടെ തലമുടിയെ അലങ്കരിക്കുന്ന പുഷ്പങ്ങൾ വേഗത്തിൽ വാടുന്നില്ല വലിയ കോട്ടമോ വാട്ടമോകൂടാതെതന്നെ അതു ഒരുദിവസംമുഴുവൻ അവരുടെ കേശഭാരത്തിനു അലങ്കാരമായി പരിലസിക്കുന്നു. എന്നാൽ മററു ചിലക്കു് ഇതു് സാധിക്കുന്നില്ല ഒന്നുരണ്ടു മണിക്കൂർ കഴിയുമ്പോൾ അതിൻെറ ഭംഗി മങ്ങി അതിൻെറ യഥാർത്ഥനിറംവിട്ടുമാറുകയും ചെയ്യുന്നു.

ഈ പുഷ്പങ്ങളിൽനിന്നുംഗമിക്കുന്ന വാസനയെഇല്ലാതാക്കുന്നദേഹത്തിലുള്ള ആ അംശങ്ങൾതന്നെയാണ് സുഗന്ധതൈലത്തെയും ആ സ്ഥിതിയിൽ ആക്കുന്നതു്. ഫ്രാൻസുകാരിയായ ഒരു വനിത അമേരിക്കാക്കാരിയായ അവളുടെ ഒരു സഹോദരിചെയ്യുന്നവിധത്തിൽ ഒരിക്കലും ഏററവും ശക്തിയേറിയ വാസനദ്രവ്യത്തെ വാങ്ങുന്നില്ല. എന്നാൽ അവൾക്കു് അതുപയോഗിച്ച് അതിൻെറ ഫലം അനുഭവിച്ചിരിക്കുന്നതിനുള്ള സാമർത്ഥ്യം അമേരിക്കാക്കാരിയേക്കാളുമുണ്ടു്. ദേഹംമുഴുവൻ അതു് അവൾതളിക്കാറില്ല. വസ്ത്രങ്ങളെ ലെല്ലാംഒഴിച്ചു അവൾ അതു് നശിപ്പിക്കുന്നുമില്ല. പിന്നെയോ അവൾ ലഘുവായി അതു ശരീരത്തിൽ ലേപനം ചെയ്യുന്നു. പരിമളംവേണ്ടവിധം ഉപയോഗിക്കുവാൻ അറിയാവുന്നവർ ചുരുക്കംതന്നെ തൻമൂലം പല സ്ത്രീകളും വിഡ്ഢിവേഷം ചമയാറുണ്ടു്. നാം ഒരു പരിമളം വളരെനേരം ഉപയോഗിക്കുമ്പോൾ നമുക്കു അതിൻെറ വാസന വളരെ പരിചിതമായി തോന്നും. തൻമൂലം അതിൻെറ വാസന അനുഭവിച്ചറിയുവാൻ സാധിക്കാതെ കൂടുതൽ കൂടുതലായി നാം അതു് ഉപയോഗിക്കയും അതിൻെറ നന്മ ഹനിക്കപ്പെടുവാൻ ഇടയാകുകയുംചെയ്യുന്നു നിശ്ചയമായും പരിമളത്തിനു ഒരാകർഷണശക്തിയുണ്ടു്. സുഗന്ധദ്രവ്യങ്ങൾക്കു് പുരുഷനേയും സ്ത്രീയേയും ആകർഷിക്കുന്നതിനുള്ള ഒരു ശക്തിയുണ്ടെന്നു് ആധുനികശാസ്ത്രജ്ഞന്മാർ വിധിച്ചിരിക്കുന്നു. ഇന്നു സ്ത്രീകൾക്കുമാത്രമല്ല ഇതിൽ ഭ്രമം പുരുഷന്മാർക്കും ഇതിലുള്ളഭ്രമം ചില്ലറയൊന്നുമല്ല. ഈ കാര്യത്തെപ്പററി നിർദ്ദാക്ഷിണ്യമായി വിമർശനംചെയ്യുന്ന പുരുഷന്മാർപോലും അതിൻെറവില സുഖക്ഷൌരത്തിനുപയുക്തമായ "ക്രീം"എന്നിതാദി വാസനയേറിയ സാധനങ്ങൾമൂലം അറിയുന്നുവെന്നുള്ളതു് പരസ്യമായ ഒരു രഹസ്യംതന്നെ. സുഗന്ധദ്രവ്യം ഉപയോഗിക്കുന്ന സ്ത്രീകൾ സാധാരണ ഇങ്ങനെയാണ് പറയുന്നതു്. "ഞാൻ അത്തരത്തിലുള്ള പരിമളം വാങ്ങുന്നുഎങ്കിൽ എൻെറ ഭർത്താവു് അതുമുഴുവൻ ഉപയോഗിക്കും." ഇതിനു ഒരു പ്രതിവിധിയായിട്ടായിരിക്കാം സ്ത്രീകൾ രണ്ടുതരത്തിലുള്ള സുഗന്ധസാധനംവാങ്ങി ഒന്നു് അവരുടെ സ്വന്തഉപയോഗത്തിനായി മാററിവയ്ക്കുന്നതു്.

## വിഷയവിവരം


| | | പേജ്ജ് |
|---|---|---|
| 1. | മറവി<br>മൂത്തിരിങ്ങോട്ടു ഭവത്രാതൻനമ്പൂതിരിപ്പാട് | 4 |
| 2. | മരണത്തിൻെറ പിടിയിൽനിന്നു്<br>ഞാറുവീട്ടിൽ അപ്പുക്കുട്ടമേനോൻ ബി. ഏ. | 5 |
| 3. | നാട്ടുരാജ്യങ്ങൾ<br>മുകുന്ദാലയം എൻ. ബാലകൃഷ്ണപിള്ള ബി. ഏ. | 9 |
| 4. | സുധ (ചെറുകഥ)<br>ഇടപ്പള്ളി ആർ. രാഘവൻപിള്ള. | 11 |
| 5. | ലോകചക്രം | 14 |
| 6. | വിമർശനം | 15 |
| 7. | സുഗന്ധദ്രവ്യങ്ങൾ<br>ഏലിയാമ്മ എബ്രഹാം | 18 |
| 8. | ഭാരതം | 19 |
| 9. | ഗദ്യനാടകങ്ങൾ<br>വിദ്വാൻ, എൻ കേശവപിള്ള | 31 |
| 10. | മിസ്റ്റർവിൻസ്റ്റൻചർച്ചിൽ<br>ഏ. കെ. എൻ. ദാസ്. | 23 |
| 11. | മറുപടി (കവിത)<br>എം. എസ്സ്. കുമാരൻനായർ ബി ഏ. എൽ. റി. | 24 |
| 12. | കുമ<br>ആയാംകുടി പി. ആർ. ശങ്കരപ്പിള്ള | 25 |
| 13. | ഭാവനാസ്വർഗ്ഗം (കവിത)<br>എൻ. ലളിതാംബികാഅന്തർജ്ജനം | 27 |
| 14. | ഫർദികോട്ട<br>ചിറയിൻകീഴ് പി. വാസുദേവൻപിള്ള | 28 |
| 15. | വർഷകാലവർണ്ണന<br>ഗ്രാമത്തിൽ കോയിത്തമ്പുരാൻ | 29 |
| 16. | ചുണ്ണാമ്പു്<br>എസ്സ് - ഏ - പിള്ള കടയ്ക്കൽ | 30 |



# ഭാരതം

കാർപറേഷൻ തിരഞ്ഞെടുപ്പിൽ ഏഴു സ്ഥാനങ്ങൾ കൈവശപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ബാംബെ കാൺഗ്രസ്സ് സോഷ്യലിസ്റ്റ്പാർട്ടി നടത്തിവരുന്നു.

* * * * *

അലഹബാദിൽവച്ചുനടന്ന ഹിന്ദിപരീക്ഷയിൽ മൈസൂർസ്വദേശിനിയായ ശ്രീമതി ഇന്ദിരാദേവി ഒന്നാംസ്ഥാനവും "വിദുഷി"ബിരുദും സമ്പാദിച്ചിരിക്കുന്നു.

* * *

കൈക്കൂലിവാങ്ങിയെന്ന കുററത്തിനു ഒരു പോലീസ്സ് സബ്ഇൻസ്പെക്ടർക്കു ബാംബെയിൽ നാലുമാസത്തെ കഠിനതടവു വിധിച്ചിരിക്കുന്നു.

* * *


1935 ഫെബ്രുവരി 8-ാംതീയതി നടക്കുന്ന പ്രയാഗ മഹിളവിദ്യാപീഠകാൺവെക്കേഷൻയോഗത്തിൽ ഡാക്ടർ മുത്തുലക്ഷ്മിറെഡ്ഡി പ്രാസംഗികയായിരിക്കുന്നതാണു്.

* * *

ശാന്തിനികേതനത്തിൽ ഇസ്ലാമികപ്രഫസർക്കു ഒരു വാസസ്ഥലം ഉണ്ടാക്കുന്നതിനായി നൈസാമിൻെറ ഗവമെന്റു 19000 രൂപാ അനുവദിച്ചിരിക്കുന്നു.

* * *

മയ്യഴിയിൽ പോലീസ്സുകമ്മീഷണറും പബ്ളിക്കു പ്രാസിക്യൂട്ടറും ആയിരുന്നു പെൻഷൻ പററിപ്പിരിഞ്ഞ മി. വി പൈതൽ



ഇദ്ദേഹത്തിൻെറ ഭരണസാമർത്ഥ്യം, പൊതുജനപ്രീതി, മുതലായവയെ പരിഗണിച്ചു് ഫ്രഞ്ച് ഇൻഡ്യഗവമെന്റ് കീർത്തിമുദ്രകളും മററും പ്രദാനം ചെയ്തിട്ടുണ്ടു്

Bombay Studio, Tellicherry,
Through C. V. Dev, M. R. agent,
Mahe.

ക്രിസ്തുമസ്സ്‌വാരത്തിൽ ഇററാവായിൽവച്ചു നടക്കുന്ന യു പി. കാൺഗ്രസ്സ്‌സമ്മേളനത്തിൽ കൃഷീവലന്മാർക്കു ഒരു കുറഞ്ഞ പ്രത്യേകനിരക്കനുസരിച്ചു ടിക്കററും പ്രവേശനവും അനുവദിക്കുന്നതാണു്.

* * *

കറാച്ചിയിൽ താമസിക്കുന്നവരും, ഇരുപതിനും മുപ്പതിനുംമദ്ധ്യേ പ്രായമുള്ളവരുമായ എല്ലാ പെർഷ്യാക്കാരും പതിനെട്ടുമാസക്കാലത്തേക്കുള്ള സൈനികപരിശീലനം സമ്പാദിക്കുവാനായി മാതൃരാജ്യത്തിലേക്കു മടങ്ങിച്ചെല്ലണമെന്നുള്ള വിജ്ഞാപനം പുറപ്പെട്ടിരിക്കുന്നു.

* * *

മാണ്ഡവി തപാലാപ്പീസിലെ ഇരുമ്പുപെട്ടിയിൽ പതിനാലായിരംരൂപാ കാണാതായിരിക്കുന്നു; മണിയാർഡർക്ലർക്കായ അബ്ദുള്ളായെയും കാണ്മാനില്ലത്രേ.

* * * * *

നോബൽസമാധാനസമ്മാനം സർ നോർമൻ ആഞ്ചലനും, മി. ആർതർഹെൻഡർസനുമാണു ലഭിച്ചതെന്നും, ഗാന്ധിജിക്കു ഒരു സന്ദർശനം അനുവദിച്ചിരുന്നെങ്കിൽ ഇതു കിട്ടുന്നതിനുള്ള ഭാഗ്യം നൈസ്രായിക്കുണ്ടാകുമായിരുന്നു എന്നും "ഹിന്ദുസ്ഥാൻടൈംസ്" അഭിപ്രായപ്പെടുന്നു.

* * *

ജാതിഭേദമോ വർഗ്ഗവ്യത്യാസമോ കണക്കാക്കാതെ സംസ്ഥാനത്തെ സകല ജോലിക്കാരും ടക്കിതൊപ്പികൾ ധരിച്ചു ആഫീസുകളിൽ പോകേണ്ടതാണെന്നു ഭവൽപൂരം നവാബ് ഒരു കല്പന പുറപ്പെടുവിച്ചിരിക്കുന്നു.

* * * *

19 കുററങ്ങൾക്കു് ശിക്ഷ, 25 വർഷത്തെ തടവു് എന്നീ ബഹുമാനങ്ങൾ സമ്പാദിച്ച എല്ലൂർസ്വദേശിയും, 75 വയസ്സുള്ള വൃദ്ധനും ആയ ഒരാളെ 13 അണ മോഷ്ടിച്ചു എന്നു പുതുതായുണ്ടായ ഒരു കേസ്സിൽ വെറുതെ വിട്ടിരിക്കുന്നു. അയാൾ ഇതു് ഒരു വിജയമായി കരുതുമെന്നുള്ളതിനു് സംശയമില്ല.

* * * * *

റെജിസ്റ്റർചെയ്യാത്ത ഒരു കൂട്ടിൽ അടക്കംചെയ്തിരുന്ന 4700 രൂപായുടെ കറൻസിനോട്ടുകൾ അമൃതസരസ്സിലെ തപാലാഫീസ അധികാരികൾ കണ്ടുപിടിച്ചിരിക്കുന്നു. ഒരു പ്രതിവാരപ്പത്രമായ അൽഫാകഹിയുടെ "കെയർ അഫലൂമ്മ" ഒരാളാണു മേൽവിലാസക്കാരൻ. പക്ഷെ അയാളുടെ വിവരങ്ങൾ അജ്ഞാതമായിരിക്കുന്നു. അയച്ച ആളിൻെറ വിവരങ്ങളും അങ്ങിനെതന്നെ.

* * *

ആറു വാചകങ്ങൾ എഴുതുമ്പോൾ അറുപതു് അക്ഷരത്തെററുകൾവീതം ബിരുദേച്ഛുക്കളായുള്ള പരീക്ഷയിൽ പഞ്ചാബ് സർവ്വകലാശാലയിൽചേർന്ന 3000 വിദ്യാർത്ഥികൾ വരുത്തിയതായി പരീക്ഷകരുടെ റിപ്പോർട്ടിൽനിന്നും മനസ്സിലാകുന്നു.

* * * *

10 വയസ്സ് തികച്ചുംപ്രായമുള്ള തൻെറ മുഹമ്മദീയഭർത്താവിൽനിന്നും വിവാഹമോചനം ലഭിക്കുന്നതിനായി കൈറാൻ എന്നൊരു മുഹമ്മദീയ ധനിക ഹിന്ദുമതം സ്വീകരിച്ചിരിക്കുന്നു.

* * *



ഒരു പുതിയ നിയമനം

ഇൻഡോറിലെ ഹോൾക്കാർ കോളേജിലെ പ്രിൻസിപ്പൽ ഡാക്ടർ പി. ബാസു.

ആഗ്രാസർവ്വകലാശാലയിലെ വൈസ് ചാൻസലറായി നിയമിക്കപ്പെട്ടിരിക്കുന്നു.

N. I. A.

* * *

സ്വന്തംപിതാവിനെ വധിച്ചകുററത്തിനു ഒരു സിക്കുയുവാവിനെ അറസ്റ്റുചെയ്തിരിക്കുന്നു. വധവുംനടത്തി ഡിജക്കോട്ടക്കുസമീപമുള്ള ഒരു വയലിൽവച്ചു ശവദാഹവും നടത്തി തൻെറ സഹോദരിയുടെ കുട്ടിക്കു പിതാവു സമ്മാനിക്കുവാൻ ഭാവിച്ച സ്വത്തു് സുരക്ഷിതമാക്കിത്തീക്കയാണു ഇയാൾ ചെയ്തതു്.

* * *

"ബ്രിട്ടീഷുകാരുടെ ഔദാര്യത്തെപ്പററി നമ്മുടെ ആളുകൾക്കുണ്ടായിരുന്ന മതിപ്പു കേവലം മിത്ഥ്യയാണെന്നു ഇനിയെങ്കിലും മനസ്സിലാക്കുവാൻ പര്യാപ്തമായ ഒരു പ്രമാണമാണു് ജെ. പി. സി. റിപ്പോർട്ടു്. ഇതിനായി ചിലവഴിച്ചസമയം, പണം, ബുദ്ധി ഇവയെല്ലാം നഷ്ടത്തിലവസാനിച്ചു എന്നാണു് എൻെറ ശക്തിമത്തായ അഭിപ്രായം" എന്നു് റെവറണ്ടു് ഒട്ടാമാ അഭിപ്രായപ്പെടുന്നു.

* * *

1500 രൂപാ വിലവരുന്ന ആഭരണങ്ങൾക്കു പുറമെ 18 വയസ്സു പ്രായമുള്ള തൻെറ പുത്രിയേയും തസ്കരന്മാർ തട്ടിക്കൊണ്ടുപോയിരിക്കുന്നതായി ലാഹോർസ്വദേശിയായ ഒരു മി മോഹൻ ആത്മാറാം ആവലാതി പുറപ്പെടുവിക്കയും, കള്ളന്മാരെ പിടിച്ചേല്പിക്കുന്നവർക്കു 100 രൂപാ ഇനാം കൊടുക്കാമെന്നു പരസ്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

* * *

ഇൻഡ്യൻ സ്റ്റേററുസിക്രട്ടറിയെ പ്രതിയാക്കി ഡിയോറാസ്വദേശിയായ മി. മംഗളപ്രസാദ് പാണ്ടിയാ കൊടുത്തിരുന്ന കേസ്സ് വാദിക്കു (മി. പാണ്ടിയാ) ഗുണമായി വിധിക്കയും പിഴയായി താൻ കോടതിയിൽ ഒടുക്കിയിരുന്ന 300 രൂപാ മടക്കിവാങ്ങുകയും ചെയ്തിരിക്കുന്നു. നിസ്സഹകരണപ്രസ്ഥാനത്തിൽ ചേർന്ന അനന്തിരവൻ ചെന്നു പിഴശിക്ഷ വാങ്ങിയപ്പോൾ മർദ്ദനയപ്രയോഗംകൊണ്ടു മി. പാണ്ടിയാ പിഴ ഒടുക്കേണ്ടതായി വന്നുകൂടി എന്നുള്ളതു അറിഞ്ഞിരിക്കേണ്ടതാണു്.

* * *

കോകനദാ മുനിസിപ്പൽയോഗത്തിൽ നടക്കുന്ന ഇംഗ്ലീഷുപ്രസംഗങ്ങൾക്കെതിരായുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി ഒരു മുനിസിപ്പൽഅംഗമായ മി. സാത്തിറാജു ഹാളിൽനിന്നു വെളിയിൽ ഇറങ്ങി. മി. റാജുവിനു തെലുങ്കുമാത്രമെ വശമുള്ളു.

*　*　*

കാസ്സർമുനിസിപ്പാലിററിയിലെ എല്ലാ ഹിന്ദുസാമാജികന്മാരുംചേർന്നു അവിടെ ഒരു ഹിന്ദുവിനുപകരം ഒരു മുഹമ്മദീയ ഹെൽത്താഫീസറെയാണുവേണ്ടതെന്നു ഐകകണ്ഠ്യേന സിദ്ധാന്തിക്കുന്നു. ചുമതലയുള്ള എല്ലാഉദ്യോഗങ്ങളുംഅവിടെ മുസ്ലീങ്ങൾക്കാണു ലഭിച്ചിരിക്കുന്നതെന്നും, അതുകൊണ്ടു ഈ സ്ഥാനത്തേക്കു ഒരു ഹിന്ദുഉദ്യോഗസ്ഥനെയാണു പ്രതിഷ്ഠിക്കേണ്ടതെന്നും സഭാദ്ധ്യക്ഷനായ മുഹമ്മദീയമാന്യൻ ശക്തിയുക്തം വാദിച്ചു എങ്കിലും ഹിന്ദുക്കൾ തങ്ങളുടെ നിർബന്ധം കൈവെടിഞ്ഞില്ല.

*　*　*

## കേരളം

നമ്പൂതിരിയോഗക്ഷേമസഭയുടെ ഇരുപത്തിഏഴാമതു വാർഷികസമ്മേളനം ധനു 13-ഉം 14-ഉം തീയതികളിൽ ഹരിപ്പാട്ടു 'മണ്ണാറശാല' ക്ഷേത്രപരിസരത്തിൽ സജ്ജീകരിച്ചിരുന്ന "ഭാർഗ്ഗവനഗരിയിൽ"വച്ചു ഉചിതമായ ആഡംബരങ്ങളോടുകൂടി ആഘോഷിച്ചിരിക്കുന്നു.

*　*　*

തിരുവിതാംകൂർ ജൂനിയർമഹാറാണി തിരുമനസ്സുകൊണ്ടു കൽക്കത്തായിലെ "സുകുമാരകലാസമിതി"യാൽ സംഘടിപ്പിക്കപ്പെട്ട പ്രദർശനത്തിന്റെ ഉൽഘാടനം ഡിസംബർ 22-ാംനു- ഒട്ടുവളരെ ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ നിർവഹിച്ചിരിക്കുന്നു.

*　*　*

മദ്രാസ്സ് ഫ്ളയിംഗ്ക്ലബ്ബ്‌വക ഒരു ആകാശവിമാനം കഴിഞ്ഞ തിങ്കളാഴ്ചമുതൽ കൊല്ലത്തെ വിമാനസങ്കേതത്തിൽ താവളമുറപ്പിച്ചുകൊണ്ടു നഗരോപരി വിനോദയാത്ര നടത്തിവരുന്നു. വിമാനത്തിൽകയറി പറക്കുന്നതിനു ആളൊന്നുക്കു 5 ക യാണു ഇവർ ഈടാക്കുന്ന പ്രതിഫലം.

*　*　*



ഹിന്ദിവാരം പ്രമാണിച്ചു പാലക്കാട്ടു വന്നിരുന്ന ദക്ഷിണഭാരത ഹിന്ദിപ്രചാരസഭാ പരീക്ഷാമന്ത്രി ശ്രീ. അവധനന്ദനു അവിടത്തെ വിദ്യാർത്ഥീവിദ്യാർത്ഥിനികളും പ്രചാരകന്മാരും കൂടി ഒരു മംഗളപത്രം കൊടുക്കുകയുണ്ടായി. കസേരയിൽ നടുവിൽ ഇരിക്കുന്നതാണ് ശ്രീ. അവധനന്ദൻ.

Photo, Razack Studio, Palghat.


*　*　*　*

ദിവാൻബഹദൂർ വി. എസ്. സുബ്രഹ്മണ്യയ്യരവർകൾ രാജശ്രീ പി. കെ. നാരായണപിള്ള അവർകൾ തുടങ്ങിയ മാന്യന്മാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള കേരളഹിന്ദുമിഷന്റെ ഉദ്ദേശങ്ങൾ നടപ്പിൽവരുത്തുന്നതിനായി പ്രവർത്തകന്മാർ തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചു ഊർജ്ജിതമായ പ്രചരണവേലകൾ നടത്തിവരുന്നു.

*　*　*　*　*

കൊച്ചി മുൻസിപ്പാലിററിയിൽനിന്നും ചില കച്ചവടക്കാരുടെ "നെയ്യ്" മദ്രാസിലയച്ചു പരിശോധിപ്പിച്ചതിൽ കലർപ്പുള്ളതായി കാണപ്പെടുകയാൽ ആ വ്യാപാരികളുടെപേരിൽ മുൻസിപ്പാലിററി പ്രാസിക്യൂഷൻനടത്തി ശിക്ഷയിൽ കൊണ്ടുവന്നിരിക്കുന്നു. ഇതുനിമിത്തം ഓരോ കച്ചവടക്കാരനും 5 മുതൽ 15 വരെ രൂപാ പിഴ ശിക്ഷ ലഭിച്ചു.

*　*



തിരുവനന്തപുരം ജന്തുബന്ധുസംഘം വക വാർഷികമൃഗപ്രദർശനത്തിൽ സമ്മാനം ലഭിച്ച ആടുകൾ.

Royal Studio, Ernakulam.

*　*　*

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു ഇക്കഴിഞ്ഞ ഞായറാഴ്ച കൽക്കട്ടായിൽവച്ചു ഇൻഡ്യാവൈസ്രായി അവർകൾക്കും, പത്നിക്കും ഒരു വിരുന്നു നൽകിയിരിക്കുന്നു. ഈ വിരുന്നു സൽക്കാരത്തിൽ തിരുമനസ്സിലെ ക്ഷണമനുസരിച്ചു അതിപ്രശസ്തരായ പല അതിഥികളും സംബന്ധിക്കുകയുണ്ടായി.

*　*



സർ മുഹമ്മദ ഹബിബുള്ള, മി. എം. കെ. ഗോവിന്ദപ്പിള്ള (സ്വീകരണസംഘാദ്ധ്യക്ഷൻ) ഡാക്ടർ എം. എൻ. പിള്ള (സെക്രട്ടറി) എന്നിവർ ചിത്രനഗറിലെ പ്രദർശനം ചുററി സന്ദർശിക്കുന്നതു്.


## വെൺകുഷ്ഠവും പാണ്ടും.

ഈ ഔഷധം ഏതാനുംദിവസം ഉപയോഗിക്കുന്നതായാൽ വെൺകുഷ്ഠവും പാണ്ടും നിശ്ശേഷം ശമിക്കുന്നു. നൂറുനൂറു ഹാക്കിംമാരും ഡാക്കർമാരും കവിരാജന്മാരും പരസ്യങ്ങളും വിചാരിച്ചിട്ടും ഭേദമാക്കാൻ സാധിക്കാത്ത ഈ ഭയങ്കരരോഗത്തെ ഈ ഔഷധത്താൽ പൂർണ്ണമായി മാററുക നിഷ്ഫലമെന്നു തെളിയിച്ചാൽ 500-ക. ഇനാം.

അപേക്ഷ ഇംഗ്ലീഷിൽ

Vidyaraj Akhil Kishore Ram,
No. 222. P. O. Katrisarai
(Gaya).

# ഗദ്യനാടകങ്ങൾ.

വിദ്വാൻ എൻ. കേശവപിള്ള.

കേരളകാളിദാസനെന്നു കേൾവിപ്പെട്ട കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് അഭിജ്ഞാനശാകുന്തളംനാടകം മലയാളത്തിൽ തർജ്ജമചെയ്തിട്ട് ഇപ്പോൾ അറുപതുകൊല്ലത്തോളമായി ഇതിനിടയ്ക്കു ഗതാനുഗതികന്മാരായ എത്രയെത്രമലയാളികൾനാടകനിർമ്മാണത്താൽകൈരളിക്കു് ഭൂഷണമോ അഥവാ ദൂഷണമോ ഉണ്ടാക്കിവയ്ക്കുവാൻ മുതിർന്നിട്ടില്ല? അവരുടെയെല്ലാംസാഹിത്യയത്നങ്ങൾമലയാളികളുടെ സാഹിത്യരസികതയെ പോഷിപ്പിക്കയോ അല്ല, ശോഷിപ്പിക്കയോ ചെയ്തിട്ടുള്ളതു എന്നുള്ളതും സഹൃദയലോകം അപ്പൊഴപ്പോൾ അറിഞ്ഞിട്ടുള്ളതാണു്. സംസ്കൃതനാടകങ്ങൾ മലയാളത്തിലേക്കു സംക്രമിപ്പിക്കുക എന്നുള്ളഅഭിനന്ദനീയമായ വ്യവസായം ഭാഷയുടെ അഭിവൃദ്ധിയെ ഗണ്യമായി സഹായിച്ചിട്ടുണ്ടു് പക്ഷെ സാഹിത്യപ്രസ്ഥാനങ്ങളുടെ ഓരോന്നിന്റേയും ആഗമാഭിവൃദ്ധികളെക്കുറിച്ചു അന്വേഷണംചെയ്യുമ്പോൾ ആക്ഷംപ്രത്യക്ഷപ്പെടുന്ന ഗതാനുഗതികത്വഭ്രമം മലയാളനാടകസാഹിത്യത്തേയുംദൂഷിപ്പിച്ചുതുടങ്ങുന്നു എന്നുകണ്ടപ്പോൾ ചില ഭാഷാപ്രണയികൾ രോഷാകുലരായിഭവിക്കയും അവരുടെ വാഗ്വജ്രപാതംനിമിത്തം തത്തന്നാടകകർത്താക്കൾ തതസ്തതസ്തിരോഭവിക്കയുമാണുണ്ടായതു്. കവിധർമ്മമർമ്മജ്ഞനും കാവ്യരസികനുമായിരുന്ന രാമക്കുറുപ്പുമുൻഷിഅവർകളുടെ 'ചക്കീചങ്കരം' മലയാളസാഹിത്യകാരന്മാരെ വിശേഷിച്ചും നാടകകൃത്തുകളെ നിർദ്ദയം പീഡിപ്പിക്കുവാൻ തുടങ്ങിയിട്ടു ഇപ്പോഴേക്കും മൂന്നുവ്യാഴവട്ടങ്ങൾ കഴിഞ്ഞിരിക്കുന്നു. "വൃത്തത്തിൽശെല്ലുറമൊഴിയെല്ലാംപദ്യമാ?" എന്നു് ചക്കീചങ്കരത്തിലെ ശാസ്ത്രികൾ മലയാളപദ്യകൃത്തുകളെ പരസ്യമായി അധിക്ഷേപിക്കയും, നാടകമെഴുതിഎന്നുള്ളകുററംചെയ്ത ഒരുവനെ പിടിച്ചുവലിച്ചു രംഗത്തുകൊണ്ടുവന്നു അടിച്ചു തലമണ്ടപൊളിച്ചതിന്റെശേഷം "ഇനി ഞാൻ നാടകമെഴുതുകയില്ലേ" എന്നു സത്യംചെയ്യിച്ചു അന്നത്തെ ദുർന്നാടകകർത്താക്കളുടെ ഏന്നാഡികത്തനം നിർവ്വഹിക്കയുംചെയ്തതിന്റെശേഷവും എത്രഎത്ര നിർല്ലജ്ജന്മാരാണു് കേവലം വൃത്താന്തശല്ലകമാത്രംചെയ്തു് കവിത്വവും നിർജ്ജീവനാടകങ്ങൾനിർമ്മിച്ചു് മഹാകവിത്വവും നിഷ്പ്രയാസം കയ്ക്കലാക്കിക്കളഞ്ഞിട്ടുള്ളതു് അതുപോകട്ടെ.

ഗദ്യപദ്യസമ്മിശ്രങ്ങളായ നാടകങ്ങൾ, ഗദ്യഗാനമിശ്രങ്ങളായ സംഗീതനാടകങ്ങൾ കേവലം ഗദ്യനാടകങ്ങൾ എന്നിങ്ങനെ മൂന്നുവിധത്തിലാണല്ലോ നമ്മുടെ നാടകസാഹിത്യം നിലകൊള്ളുന്നതു്. ഈ ത്രൈവിധ്യം ദുഷ്ടലക്ഷണമോ ശിഷ്ടലക്ഷണമോ എന്തുതന്നെയുമായിരിക്കട്ടെ. "അവസ്ഥാനുകൃതിർന്നാട്യം" എന്ന ദശരൂപകസിദ്ധാന്തം ഏതുഭാഷയിലുള്ള നാടകങ്ങൾക്കും എക്കാലത്തും യോജിക്കുന്ന ഒന്നാകയാൽ നാടകങ്ങളുടെ ഉദ്ദേശ്യം ലോകാവസ്ഥയെ അങ്ങനെതന്നെ പകർത്തിക്കാണിക്കുകയാകുന്നുഎന്നു സമ്മതിച്ചേകഴിയൂ. നാടകങ്ങൾ ലോകാവസ്ഥയുടെ അനുകരണങ്ങളായിരിക്കേണമെങ്കിൽ കഥാപാത്രങ്ങൾ ലോകനീതിയെ അനുസരിക്കാതേയും തരമില്ല. പദ്യരൂപത്തിലോ ഗാനരൂപത്തിലോ സംഭാഷണംചെയ്യുക ലോകസാധാരണമല്ല. അപ്പോൾ നാടകങ്ങളിലെ കഥാപാത്രങ്ങളുടെ സംഭാഷണം സാധാരണ ഗദ്യരീതിയിൽതന്നെ ആയിരിക്കേണമെന്നും സിദ്ധമാകുന്നു. ഈ സ്ഥിതിക്കു നാടകസാഹിത്യത്തിൽ ഗദ്യനാടകങ്ങൾക്കാണു് പ്രാധാന്യവും പ്രാഥമ്യവും കല്പിക്കേണ്ടതു് എന്നും വന്നുകൂടുന്നു. "നാടകാന്തംകവിത്വം" എന്ന അഭിജ്ഞവചനംഅനുസരിച്ചു് നാടകനിർമ്മാണം കവിത്വസമ്പാദനത്തിനുള്ള സുസമ്മതമായ ഒരു മാർഗ്ഗമായും തീർന്നിട്ടുണ്ടു്. സംസ്കൃതനാടകങ്ങളുടെ രീതിയിൽ ഗദ്യപദ്യോഭയമയങ്ങളായ നാടകങ്ങൾ വിരചിക്കുവാൻ പുറപ്പെടുന്ന ഒരുവൻ അനവധിവൈഷമ്യങ്ങൾ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു

"നാടകം ഖ്യാതവൃത്തം സ്യാത്
പഞ്ചസന്ധിസമന്വിതം"

ഇത്യാദി ലക്ഷണങ്ങൾ മുഴുവൻ ഒപ്പിച്ചു നാടകമെഴുതാൻ ആരെക്കൊണ്ടു സാധിക്കും? സംഗീതനാടകങ്ങൾക്കു മേൽ സൂചിപ്പിച്ച നിബന്ധനകൾ വല്ലതും അനുഷ്ഠേയമായിട്ടുണ്ടോയെന്നു സംശയമുണ്ടു. പക്ഷെ അവയിലും അതതു രസങ്ങൾക്കു യോജിച്ച രാഗങ്ങളും രീതികളും അനുസരിച്ചുള്ള ഗാനങ്ങൾ രചിക്കേണ്ടിയിരിക്കുന്നു. ഗദ്യനാടകനിർമ്മിതിക്കാണെങ്കിൽ ഈവക യാതൊരു ശല്യവുമില്ല നമ്മുടെ നാടകകർത്താക്കൾ ഗദ്യനാടകങ്ങൾ നിർമ്മിക്കുവാൻ പുറപ്പെടുന്നതിൽ ആശ്ചര്യത്തിനവകാശവുമില്ല

നാടകങ്ങൾ ആപാദചൂഡം ഗദ്യമയങ്ങളായിരിക്കേണമെന്നുള്ള സിദ്ധാന്തത്തിനു നമ്മുടെ പുരാതനനാടകങ്ങൾ ഒരു വ്യതിയാനം അവലംബിച്ചിരിക്കുന്നുവല്ലോ. നാടകങ്ങളിൽ പദ്യങ്ങളോ ഗാനങ്ങളോ പ്രയോഗിക്കുന്നതു ആവശ്യവും ഔചിത്യവും നോക്കിയാണെങ്കിൽ വലിയ അപാകമൊന്നും വരുമെന്നു തോന്നുന്നില്ല. കഥാപാത്രങ്ങളുടെ അവസ്ഥയും സംസ്കാരവും അനുസരിച്ചു സംഭാഷണരീതി വ്യത്യസ്തമായിരിക്കേണ്ടതല്ലെ. വികാരപരവശമായ ഒരു സംസ്കൃതഹൃദയത്തിൽനിന്നും ബഹിർഗ്ഗമിക്കുന്ന ആശയം പദ്യരൂപത്തിലായിപ്പോയാൽ അതു അസ്വാഭാവികവും അലൌകികവും ആയിരിക്കുകയില്ല. വ്യാധവിദ്ധമായ ക്രൌഞ്ചപക്ഷിയെ ദർശിച്ച മാത്രയിൽ വാല്മീകിമഹർഷിക്കുണ്ടായ ഹൃദയശോകം ശ്ലോകരൂപത്തിലല്ലേ ബഹിർഗ്ഗമിച്ചതു്? ശകുന്തളയുടെ സൌന്ദര്യാതിശയത്താൽ ആകൃഷ്ടഹൃദയനായ ദുഷ്യന്തൻ പദ്യരൂപത്തിൽ സ്വാശയം പ്രകടമാക്കുന്നുവെങ്കിൽ അതിൽ അസ്വാഭാവികത അശേഷം ഇല്ല. എന്നുവച്ചു റസിഡണ്ടിന്റെ എഴുത്തു വായിക്കുമ്പോൾ ക്രോധമൂർഛിതനായിത്തീരുന്ന വേലുത്തമ്പിദളവാ പദ്യരൂപത്തിൽ അട്ടഹസിച്ചാൽ അതു തികച്ചും അസ്വാഭാവികംതന്നെ ആയിരിക്കും. അതുപോലെതന്നെ റസിഡണ്ടിന്റേയോ മഹാരാജാവിന്റെയൊ സന്നിധിയിൽ പ്രവേശിക്കുന്ന മുരളീഭാഗവതർ സ്തുതിപരമായ ഒരു പദ്യമോ ഗാനമോ പ്രയോഗിക്കുന്നതു സർവ്വഥാ സ്വാഭാവികവും ആകുന്നു അതിനാൽ നാടകങ്ങളിൽ പദ്യങ്ങളും ഗാനങ്ങളും നിശ്ശേഷം പാടില്ലെന്നുള്ള വാദത്തിന്റെ സാധുത്വം സംശയിതവ്യമായും വരുന്നുണ്ടു് ആവശ്യമുള്ളേടത്തു ഔചിത്യംനോക്കി അപൂർവ്വമായി പദ്യങ്ങളോ ഗാനങ്ങളോ പ്രയോഗിച്ചാൽ "അവസ്ഥാനുകൃതി" എന്നുള്ള ദശരൂപകസിദ്ധാന്തത്തിനു വൈരുദ്ധ്യം കൂടാതെ കഴിക്കാം എന്നുള്ളതു നിശ്ചയംതന്നെ "രൂപകം തൽ സമാരോപാൽ ദശധൈവ രസാശ്രയം" എന്നുള്ള പ്രമാണപ്രകാരം നാട്യപ്രബന്ധങ്ങൾ രസത്തിന്മേൽ അധിഷ്ഠിതങ്ങളാകുന്നു എന്നു സിദ്ധിക്കുന്നുണ്ടു ഈ രസങ്ങൾക്കു ആധാരമായുള്ള സ്ഥായിഭാവങ്ങൾ രസപോഷകങ്ങളായ വ്യഭിചാരിഭാവങ്ങൾ, ആലംബനവും ഉദ്ദീപനവും ആയുള്ള വിഭാവങ്ങൾ, ഭാവപ്രദർശകങ്ങളായ അനുഭാവങ്ങൾ എന്നിങ്ങനെ രസാസ്വാദനത്തിനു അവശ്യങ്ങളായ ഉപദംശങ്ങൾ ഉണ്ടാക്കുവാൻ കവി കടപ്പെട്ടവനാകുന്നു. രസഭാവാദികൾക്കു ഉജ്വലതവരുത്തേണ്ടേടത്തും ആശയങ്ങൾക്കു ഗാംഭീര്യവും ശ്രൈഷ്ഠ്യവും പ്രകടമാകേണ്ടേടത്തും സാധാരണ ഗദ്യരീതി അപര്യാപ്തമെന്നു കാണുമ്പോൾ ഉചിതജ്ഞനും നാട്യമർമ്മജ്ഞനും ആയ കവി പദ്യരീതിയെ അവലംബിച്ചുപോകുന്നതിൽ ആശ്ചര്യമില്ല. അതിനാൽ, മററുള്ള സകല വൈശിഷ്ട്യങ്ങളേയും വിഗണിച്ചു് പദ്യസഹിതമെന്നുള്ള ഒരൊററക്കാരണത്താൽ ഒരു നാടകം ത്യാജ്യമെന്നോ, തദ്രഹിതമെന്നുള്ള കാരണത്താൽ മറെറാരു നാടകം ഗ്രാഹ്യമെന്നോ വിധിക്കുന്നതു സാഹസമാണു്. ത്യാജ്യഗ്രാഹ്യവിവേചനോപാധികൾ വേറെയുണ്ടു്. പുരാതനസംസ്കൃതനാടകങ്ങൾക്കു് വിധിക്കപ്പെട്ടിട്ടുള്ള ലക്ഷണങ്ങളെ പുരസ്കരിച്ചു് ഇന്നത്തെ ഗദ്യനാടകങ്ങളെ നിരൂപണം ചെയ്യാവുന്നതല്ല. ഗദ്യനാടകങ്ങൾ എന്നു പറയപ്പെടുന്ന കൃതികൾ ഒരു പ്രത്യേകതരമാണു്. അതിനാൽ അവയെക്കുറിച്ചുള്ള നിരൂപണത്തിനും ഒരു പ്രത്യേകത അവലംബിക്കേണ്ടിവരും. നാടകം, ഏതെങ്കിലും ചില നിബന്ധനകൾ അനുസരിച്ചോ, അല്ല, യാതൊരു നിബന്ധനകളും അനുസരിക്കാതെയോ പദ്യമായൊ ഗദ്യമായൊ എങ്ങിനെയെങ്കിലും നിർമ്മിതമായിരിക്കട്ടെ. രംഗപ്രയോഗം മുഖേന കാണികൾക്കു രസാനുഭൂതി ഉണ്ടാക്കുകയെന്നുള്ള ദൃശ്യകാവ്യധർമ്മത്തിനു് സാഫല്യം വരുത്തുക എന്നുള്ളതാണു് നാടകംകൊണ്ടു ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രയോജനം. അപ്പോൾ, രംഗപ്രയോഗയോഗ്യമായ വിധത്തിൽവേണം നാടകം നിർമ്മിക്കേണ്ടതു എന്നു സിദ്ധിക്കുന്നു. ഇതിനു് നാടകകർത്താവു് നാട്യകലയിൽ അസാമാന്യമായ പാണ്ഡിത്യവും പരിചയവും ഉള്ള ആളായിരിക്കേണ്ടതു് ആവശ്യമത്രെ. രംഗപ്രയോഗം നിർവ്വഹിക്കുന്നതു് കഥാപാ

ത്രങ്ങളാകയാൽ പാത്രസൃഷ്ടിയിലാണു നാടകകാരന്റെ സാമർത്ഥ്യം സവിശേഷം പ്രതിഫലിക്കേണ്ടതു്. പാത്രസൃഷ്ടി കലാലകർമ്മത്തിൽപെട്ടതെങ്കിലും നാടകകഥാപാത്രസൃഷ്ടി, കലാലന്റെ മൂൽപാത്രസൃഷ്ടിയല്ല എന്നുള്ളതു് പ്രത്യേകം സ്മർത്തവ്യമാണു്. ഈശ്വരനാൽ സൃഷ്ടിക്കപ്പെടുന്ന ജീവികൾ കാലധർമ്മത്തെ പ്രാപിച്ചുപോകേണ്ടതു് ലോകനീതിയാണെങ്കിൽ കവീശ്വരനാൽ സൃഷ്ടിക്കപ്പെടുന്ന കഥാപാത്രങ്ങളാകുന്ന ജീവികൾ സജീവങ്ങളായിത്തന്നെ എന്നാളും വർത്തിക്കേണ്ടതു് നാടകലോകനീതിയുമാകുന്നു. ഈശ്വരസൃഷ്ടങ്ങളായ ജീവികൾക്കു് ഉണ്ടാകാറുള്ള അംഗവൈകല്യാദികൾക്കു് സമർത്ഥന്മാരായ ഭിഷഗ്വരന്മാർ പ്രതിവിധി കണ്ടുപിടിക്കയും പ്രയോഗിക്കയും ചെയ്യാറുണ്ടു്. എന്നാൽ കവിയുടെ കർമ്മദോഷത്താൽ കഥാജീവികൾക്കു് നേരിടുന്ന ഭാവവൈകല്യാദികൾ ആരാലും പരിഹർത്തവ്യങ്ങളാകുന്നില്ല. അതിനാൽ സ്വസൃഷ്ടങ്ങളായ കഥാപാത്രങ്ങൾക്കു് അവികലവും അനശ്വരവുമായ ജീവചൈതന്യം നൽകുന്നതിൽ കവിയുടെ കല്പനാശക്തി ഏററവും പ്രയോജകീഭവിക്കേണ്ടതാണു്. പക്ഷെ ഇതു് അത്ര സുഗമമായ ഒരു സംഗതിയല്ല. ചിത്രകാരൻ പല വർണ്ണത്തിലുള്ള ചായങ്ങൾ മനോധർമ്മമനുസരിച്ചു് യോജിപ്പിച്ചു് മനോഹരങ്ങളായ ചിത്രങ്ങൾ നിർമ്മിക്കുന്നു. കവിയാകട്ടെ സ്വവാഗ്വൈഭവത്താൽ വർണ്ണനാചിത്രങ്ങൾ നിർമ്മിക്കുന്നു. ചിത്രകാരന്റെ വർണ്ണചിത്രങ്ങൾ മാംസദൃഷ്ടിക്കു ഗോചരങ്ങളും കവിയുടെ വർണ്ണനാചിത്രങ്ങൾ അന്തർദൃഷ്ടിക്കു വിഷയങ്ങളും ആകുന്നു. ചിത്രകാരനും കവിക്കും ഉള്ള ഉപകരണങ്ങളൊന്നും കൂടാതെയാണു നാടകകാരൻ കഥാപാത്രങ്ങളേ സൃഷ്ടിച്ചു അവയ്ക്കു് ജീവചൈതന്യം കൊടുക്കേണ്ടിവരുന്നതു്. കേശാദിപാദമായോ പാദാദികേശമായോ ഉള്ള ആകൃതിവർണ്ണനത്തിനോ, സ്വഭാവവർണ്ണനത്തിനോ നാടകത്തിൽ പ്രസക്തിയില്ല. ചിലപ്പോൾ ഒരൊററവാചകത്താൽ ഒരു കഥാപാത്രത്തിന്റെ ആകൃതിയും പ്രകൃതിയും നാടകകാരൻ വർണ്ണിക്കേണ്ടതായിവരും. ആവക സന്ദർഭങ്ങളിലാണു് നാടകകർത്തൃത്വത്തിന്റെ വൈഷമ്യം അനുഭവപ്പെടുന്നതു്. കുഞ്ചുക്കുട്ടിപ്പിള്ളയെ കുറിച്ചു് അനുജൻ പത്മനാഭൻതമ്പി വേലുത്തമ്പിദളവായോടു പറയുന്നഭാഗം നോക്കുക. ഗൗരവതരങ്ങളായ രാജ്യകാര്യങ്ങളുടെ സ്ഥിതിഗതികളേക്കുറിച്ചു് കുഞ്ചുക്കുട്ടിപ്പിള്ളയുടെ അഭിപ്രായം അറിയുവാൻ ചെന്ന തമ്പിയോടു് ആ വീരകേസരി ചോദിക്കുന്നു. "ശേഷകാരി പ്രസവിച്ചോ? കുട്ടി, ആണോ പെണ്ണോ," എന്നു്. ഈ പതിനാലക്ഷരങ്ങളിൽക്കൂടിയാണു് പതിന്നാലു ലോകങ്ങളേയും ഒന്നിച്ചു് ഭരിക്കുവാനും സംഹരിക്കുവാനും കെല്പുള്ള കുഞ്ചുക്കുട്ടിപ്പിള്ളയേ കവി നമുക്കു കാണിച്ചുതരുന്നതു്. കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിൽനിന്നും വ്യാപാരങ്ങളിൽനിന്നും അവരുടെ സ്വഭാവവൈശിഷ്ട്യാദികൾ കാണികൾക്കു് അനുഭവപ്പെടത്തക്കവിധത്തിൽ അവയേ നയിക്കയും നിയന്ത്രിക്കയും ആണു് നാടകകഥാകൃത്തിനാൽ കർത്തവ്യം.

കഥാനായകൻ ധീരോദാത്താദിഗുണസംയുതനായിരിക്കേണമെന്നുള്ള പുരാതനനാടകനിയമത്തെ അവഗണിച്ചു് എങ്ങിനെയുള്ളവനും നാടകകഥാനായകത്വം കല്പിക്കാമെന്നു് ജല്പിക്കുന്നതു്, കവിത്വത്തിന്റെ പരമകാഷ്ഠയേ പ്രാപിച്ചിട്ടുള്ള മഹാകവിക്കുമാത്രമേ നാടകകർത്തൃത്വത്തിനവകാശമുള്ളു എന്നുള്ള സാധുവാദത്തേ തിരസ്കരിച്ചു്, കവിധർമ്മത്തിന്റെ കണികപോലും കൈവശമില്ലാത്ത കാവ്യാന്ധന്മാർ നാടകനിർമ്മിതിക്കു് ഒരുങ്ങുന്നതിനോടൊപ്പം നിന്ദ്യവും ലജ്ജാകരവും ആകുന്നു. ശ്രാവ്യകാവ്യങ്ങളുടെ ഇതിവൃത്തം, പ്രഖ്യാതം, ഉല്പാദ്യം, ഉഭയമിശ്രം എന്നു മൂന്നുവിധത്തിലാവാമെങ്കിലും ദൃശ്യകാവ്യമായ നാടകത്തിന്റെ ഇതിവൃത്തം നിശ്ചയമായും പ്രഖ്യാതംതന്നെ ആയിരിക്കേണമെന്നുള്ള നിർബന്ധനിബന്ധനയും ഇന്നത്തേ ഗദ്യനാടകങ്ങളിൽ നിർബന്ധപൂർവ്വം നിരസിക്കപ്പെടുന്നു എന്നുമാത്രമല്ല അനശ്വരയശസ്സമ്പന്നന്മാരായ ചരിത്രപുരുഷന്മാരുടെ അപദാനങ്ങളേ ആസ്പദമാക്കി നിർമ്മിക്കപ്പെടുന്ന നാടകങ്ങൾക്കു ആസ്വാദ്യത അശേഷം കാണുകയില്ല എന്നുംകൂടി ഈയിടെ ചില രസികന്മാർ അഭിപ്രായപ്പെടുന്നുവത്രേ "പച്ചമാംസം തന്നെതിന്നുശീലിച്ചവൻ മെച്ചമേറുംപുളിശ്ശേരികൊതിക്കുമോ?" എന്നേ ഇതിനു സമാധാനമുള്ളു. കേസരിപറയുമ്പോലെ "വല്ല കേരളകാഹളമോ, മലയാളമദ്ദളമോ, വായിച്ചു് പണ്ഡിതമ്മന്യന്മാരായി" ഞെളിയുന്നവർ നാടകനിർമ്മിതിക്കും നാടകനിരൂപണത്തിനും മറവും പുറപ്പെടാതിരുന്നാൽ മലയാളസാഹിത്യത്തിനു് അതിൽപരമായി അവർ ഒരു നന്മയും ചെയ്യേണ്ടതില്ല. "നാടകാന്തം കവിത്വം" എന്നുള്ള അഭിയുക്തവചനം അനാദരണീയമാകുന്നതല്ല. അഗാധമായ സാഹിത്യപരിചയവും, അടിയുറച്ച ഭാഷാനൈപുണ്യവും, അചഞ്ചലമായ ലോകപരിചയവും, അനിതരസാധാരണമായ ബുദ്ധിവൈഭവവും സിദ്ധിച്ചിട്ടുള്ള ആൾക്കുമാത്രമെ നാടകനിർമ്മിതിയാൽ സഹൃദയലോകത്തെ സമാരാധിക്കുവാൻ സാധ്യമാവൂ. ഭാഗ്യവശാൽ തദ്ദൃശന്മാരായ അപൂർവം ചിലർ ഗദ്യനാടകനിർമ്മിതിയിൽ ഉദ്യുക്തരായി കാണുന്നതു് ചാരിതാർത്ഥ്യജനകം തന്നെ ശ്രീമാൻ ഇ. വി. കൃഷ്ണപിള്ള അവർകൾ, കൈനിക്കര ശ്രീമാന്മാരായ എം. പത്മനാഭപിള്ള അവർകൾ, കുമാരപിള്ള അവർകൾ ഇവരാണു ഗദ്യനാടകങ്ങൾകൊണ്ടു മലയാളസാഹിത്യത്തെ പോഷിപ്പിക്കുവാൻ ശ്രമിക്കുന്നവർ. ഇവരാരുംതന്നെ

"പ്രായശോ രൂപഭേദേന
സഹചര്യാച്ചകുത്രചിൽ"

എന്ന സമ്പ്രദായപ്രകാരമോ, മറേറതെങ്കിലും വിധത്തിലോ, വല്ല നോബൽസമ്മാനമോ മറേറാ 'വലിച്ചെടുത്തിട്ടുണ്ടോ' എന്നു നിശ്ചയമില്ല എങ്കിലും ഇന്നുവരെ മലയാളത്തിലുണ്ടായിട്ടുള്ള ഗദ്യനാടകങ്ങളിൽ ഇവരുടെ കൃതികൾക്കാണു പ്രശസ്തിയും പ്രചാരവും സിദ്ധിച്ചുപോയിട്ടുള്ളതു് എന്നു നിശ്ചയമുണ്ടു്. മിസ്റ്റർ പത്മനാഭപിള്ളയുടെ ആദ്യനാടകസന്താനമായ വേലുത്തമ്പിദളവാ മലയാളനാടകനന്ദനോദ്യാനത്തിലെ ഇതരകല്പപാദപങ്ങളെ അപേക്ഷിച്ചു അദ്വിതീയവും അനവദ്യവും ആയ സ്ഥാനത്തെ അവലംബിച്ചിരിക്കുന്നു എന്നുള്ള യാഥാർത്ഥ്യം ആലോചിക്കുന്ന സഹൃദയന്മാർ ആനന്ദാഭിമാനങ്ങളാൽ പുളകിതരായിത്തീരുന്നതിൽ ആശ്ചര്യമില്ല. പാശ്ചാത്യനാടകകർത്താക്കളിൽ ഏററവും പ്രായംകുറഞ്ഞ കേവലം ദശവയസ്കനായ റോബെട്ടു് ഹാളൻഡു് എന്ന ആംഗലബാലന്റെ നാടകനിർമ്മാണചാതുരിയും മിസ്റ്റർ പത്മനാഭപിള്ളയുടെ ആദ്യനാടകത്തിന്റെ ഈ അസാധാരണമാധുരിയും കൂടി ആലോചിക്കുമ്പോൾ നാടകനിർമ്മിതി എന്തോ ജന്മാന്തരവാസനയുടെ ഫലമാണെന്നും തോന്നിപ്പോകുന്നു മിസ്റ്റർ പത്മനാഭപിള്ളയാകട്ടെ, മുരാരിയേപ്പോലെ,

ദേവീം വാചമുപാസതേ ഹി ബഹവഃ
സാരന്തു സാരസ്വതം
ജാനീതേ നിതരാമസൗ ഗുരുകുല-
ക്ലിഷ്ടോ മുരാരിഃ കവിഃ
അബ്ധിർല്ലംഘിത ഏവ വാനരഭടൈഃ
കിന്ത്വസ്യ ഗാംഭീരതാ
മാപാതാളനിമഗ്നപീവരതനുർ-
ജാനാതി മന്ഥാചലഃ

എന്നും മററും സ്വപാണ്ഡിത്യവൈദഗ്ധ്യാദികളെ ഉച്ചൈസ്തരം ഉൽഘോഷിക്കാതെ ഏററവും വിനീതനായിട്ടാണു സാഹിത്യരംഗത്തിൽ പ്രവേശിക്കുന്നതെങ്കിലും സഹൃദയലോകം മുരാരിയുടെ മേൽപറഞ്ഞ പദ്യത്തിലെ ആശയം അനുസ്മരിക്കാതിരിക്കയില്ലെന്നു് ഗദ്യനാടകകർത്താക്കൾ അറിഞ്ഞിരിക്കേണ്ടതാണു്. വാനരഭടന്മാരുടെ സമുദ്രതരണംപോലെ സാഹിത്യാർണ്ണവോപരിചരണംകൊണ്ടു അഹങ്കരിക്കുന്ന അല്പജ്ഞന്മാരെയല്ല, പിന്നെയോ മന്ദരപർവ്വതത്തെപ്പോലെ സാഹിത്യസമുദ്രമഥനംചെയ്തു സാരസ്വതസാരാമൃതത്തിൽ ആകണ്ഠം ആമഗ്നരായിട്ടുള്ള പണ്ഡിതവരേണ്യന്മാരെയാണു് നാടകങ്ങളുടെയോ മറേറതെങ്കിലുംതരം കൃതികളുടേയൊ കർത്താക്കന്മാരായിക്കാണുവാൻ സാഹിത്യരസികന്മാർ ആഗ്രഹിക്കുന്നതു്" അവരുടെ കൃതികളാണു് ആകല്പം ആദരണീയങ്ങളായിരിക്കുന്നതും. സമർത്ഥന്മാരും സുസമ്മതന്മാരുമായ സാഹിത്യകാരന്മാരുടെ പ്രൗഢഗംഭീരങ്ങളായ കാവ്യനാടകാദികളിൽ നിറഞ്ഞുവിളങ്ങുന്ന സാഹിത്യരസം കാണുവാനും ആസ്വദിക്കുവാനും യഥാർത്ഥസാഹിത്യരസികന്മാർക്കേ സാധിക്കൂ എന്നിരിക്കെ സാഹിത്യവിദ്യാകാണന്മാരായ വല്ലവരും അവയുടെനേർക്കു അപഹാസം പുറപ്പെടുവിക്കുന്നതുകൊണ്ടു് തത്കൃതികൾക്കു യാതൊരു ഹാനിയും സംഭവിക്കുന്നതല്ല

യഥായൂനസ്തദ്വൽപരമരമണീ-
യാപി രമണീ
കുമാരാണാമന്തഃകരണഹരണം
കേവകുരുതേ
മദുക്തിശ്ചേതശ്ചേന്മദയതിസുധീ
ഭൂയസുധിയഃ
കിമസ്യാനാമസ്യാദരസപുരുഷാ-
രാധനരസൈഃ

എന്നു് മഹാകവി ശ്രീഹർഷൻ സമാധാനപ്പെടുന്നതുപോലെ, യഥാർത്ഥസാഹിത്യകാരന്മാർക്കു സമാധാനവും സന്തുഷ്ടിയും പ്രാപിക്കാവുന്നതാണു്. അതിനാൽ അസൂയാലുക്കളായ അപണ്ഡിതന്മാരുടെ ആക്ഷേപകോലാഹലങ്ങൾ സുശിക്ഷിതന്മാരായ പണ്ഡിതന്മാരുടെ സാഹിത്യപരിശ്രമത്തിനു വിഘാതകമാകാതിരിക്കട്ടെ. ഗദ്യനാടകം എന്ന ഈ നവീനപ്രസ്ഥാനം ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിക്കട്ടെ.

ജീവചരിത്രം.

# മിസ്റ്റർ വിൻസ്റ്റൻ ചർച്ചിൽ.

(എ. കെ. എൻ. ദാസ്)

മിസ്റ്റർ വിൻസ്റ്റൻചർച്ചിലിനെപ്പററി കേട്ടിട്ടില്ലാത്തവരും അദ്ദേഹത്തോട് ഒരവജ്ഞതോന്നിയിട്ടില്ലാത്തവരും ഭാരതീയരുടെ കൂട്ടത്തിൽ വളരെ ദുർല്ലഭമെന്നാണുതോന്നുന്നതു്. ഈ അവജ്ഞയ്ക്കുള്ള ഹേതുക്കളിൽ ഒന്നു്, ഭാരതം സ്വതന്ത്രയാകുന്നതിൽ അദ്ദേഹത്തിനുള്ള പ്രാണവേദനയും മററൊന്നു ലണ്ടനിൽ വെസ്ററു എക്സ്യൂണിയനിസ്റ്റ് അസോസ്യേഷൻെറ ഒരു യോഗത്തിൽ വച്ചു് ഇൻഡ്യൻസ്ഥിതിഗതികളെപ്പററിപ്രത്യവേക്ഷണം ചെയ്തകൂട്ടത്തിൽ അദ്ദേഹം "ഒരു ബാരിസ്റ്ററായിരുന്ന ഗാന്ധി ഇപ്പോൾ രാജദ്രോഹിയായ ഒരു ഫക്കീറായി, അർദ്ധനഗ്നനായി ചക്രവൎത്തിയുടെ പ്രതിപുരുഷനായ വൈസ്രോയിയോടു സമനിലയിൽ സംഭാഷണംനടത്തുവാൻ വൈസ്രായിമന്ദിരത്തിൻെറ പടികൾ കയറുന്നതു് സംഭ്രമജനകവും മ്ലേച്ഛവുമായിരിക്കുന്നു" എന്നുപറഞ്ഞു എന്നുള്ളതുമാണു്. ഭാരതീയപ്രശ്നങ്ങൾ ഉണ്ടായിട്ടുള്ള മററുപലഅവസരങ്ങളിലും മി. ചർച്ചിലിനു് 'ഹാലിളക്കം'ഉണ്ടായിട്ടുള്ളതു് വിസ്തരഭയത്താൽ ഇവിടെ ഉദ്ധരിക്കുന്നില്ല. ഇൻഡ്യൻഭരണപരിഷ്കാരത്തെ അധികരിച്ചു പാർലമെൻറിൽ ഇപ്പോൾ വാദപ്രതിവാദം നടന്നപ്പോൾ മി. ചർച്ചിൽചോദിച്ചതു്:—"ദക്ഷിണ ആഫ്രിക്കയിൽ ജനറൽ സ്മട്ട്സ്, ബോതാ തുടങ്ങിയ വലിയ ആളുകൾ ഉണ്ടായിരുന്നു. എന്നാൽ ഇൻഡ്യയിൽ അങ്ങനെ വലിയ ആളുകൾ ആരെങ്കിലും ഭരണനിർവ്വഹണം നടത്തുവാനുണ്ടോ?" എന്നാണു്. ഇത്തരം അഭിപ്രായപ്രകടനങ്ങൾക്കു നിർഭയം, സങ്കോചമെന്യേ, സന്നദ്ധനായ ഇദ്ദേഹത്തിൻെറ ഇതുപര്യന്തമുള്ള ഒരു ചരിത്രസംക്ഷേപം ഇവിടെ അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

മി. ചർച്ചിലിൻെറ ജനനം 1874-ൽ ആണു് അച്ഛനും അമ്മയും അസാധാരണബുദ്ധിശക്തിയുടേയും മനഃസംസ്കാരത്തിൻേറയും വിളനിലങ്ങളായിരുന്നു. പിതാവായ റാൻഡാഫ് ചർച്ചിൽപ്രഭു തൻെറ ജീവിതകാലത്തെ പ്രധാന രാഷ്ട്രീയനേതാക്കന്മാരിൽ ഒരാളായിരുന്നു. പ്രസംഗപാടവത്തിൽ ഇദ്ദേഹം ബാൾഫോർ(Balfour)റോസ്ബെറി (Rosebery) മുതലായ ഗംഭീരവാഗ്മികൾക്കു സദൃശനായിരുന്നു. പിതാവിനോടൊപ്പം പെരുമ മാതാവിനില്ലായിരുന്നുവെങ്കിലും അവരുടെ നാമധേയം നാനാപ്രകാരേണയും പൊതുജനമദ്ധ്യത്തിൽ അറിയപ്പെട്ടിരുന്നു. ഇന്നത്തെപ്പോലെ സൗന്ദൎയ്യത്തിനു അക്കാലത്തു് സമ്മാനമുണ്ടായിരുന്നുവെങ്കിൽ നിശ്ചയമായും അമേരിക്കാക്കാരിയായിരുന്ന ഈ വനിതാരത്നത്തിനുതന്നെ ഒന്നാംസമ്മാനം ലഭിക്കുമായിരുന്നു എന്നു പറയപ്പെടുന്നു. ഈ മഹിളയുടെ സ്വഭാവവൈശിഷ്ട്യത്താൽ സകലരുടേയും വിശേഷിച്ചു സ്ത്രീലോകത്തിൻെറ പ്രത്യേക സ്നേഹബഹുമാനങ്ങൾക്കു അവർ പാത്രീഭവിച്ചു.



മി. ചർച്ചിൽ ഒരു സവ്വകലാവല്ലഭനാണു്. വളരെ ചെറുപ്പത്തിലേ അദ്ദേഹം പട്ടാളത്തിൽ ചേൎന്നു. 1897-98-ലെ ഇൻഡ്യൻ അതൃത്തിക്കുഴപ്പസമരത്തിൽ ഇദ്ദേഹം പങ്കെടുത്തിട്ടുണ്ടു്. ദക്ഷിണാഫ്രിക്കയിലെ ബോവർ (Boer) യുദ്ധത്തിൽ ബുദ്ധിപൂർവ്വമായി പല വിസ്മയനീയമായ പ്രവൃത്തികൾ നടത്തുകയും യുദ്ധസംബന്ധമായ പത്രങ്ങളിൽ നല്ലനല്ല ലേഖനപരമ്പരകൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ഈ കാലങ്ങളിൽ ഇദ്ദേഹം ഇംഗ്ലണ്ടിലെ പ്രധാനപ്പെട്ട മൂന്നു പ്രതിദിനപ്പത്രങ്ങളുടെ ലേഖകനുമായിരുന്നു. ഈ യുദ്ധാനന്തരം, മി. ചർച്ചിൽ പാർലമെൻറുമെമ്പറായി യാഥാസ്ഥിതികന്മാരുടെ ഭാഗത്തു വളരെക്കാലംനിന്നു യാഥാസ്ഥിതികഭാഗത്തു മി. ചാമ്പർലയിൻെറ ആഗമനത്തോടുകൂടി മി. ചർച്ചിൽ ഉല്പതിഷ്ണുക്കളുടെ ഭാഗത്തു ചേൎന്നു. 1905 മുതൽ 1908 വരെ അദ്ദേഹം പുത്രികാരാജ്യങ്ങളുടെ അണ്ടർസെക്രട്ടറിയായി നിയമിക്കപ്പെട്ടു. പ്രസ്തുതആണ്ടിൽതന്നെ 'ട്രേഡ ബോർഡിൻെറ' പ്രസിഡൻറായി. മാഞ്ചെസ്റ്റർ നിയോജകമണ്ഡലം തൻെറ സ്വാധീനതയിൽനിന്നും വിട്ടുപോകയും തന്മൂലം അദ്ദേഹം 'ഡൻഡി'യിൽ സ്ഥാനാൎത്ഥിയായി നില്ക്കുകയും തെരഞ്ഞെടുപ്പിൽ അതിപ്രശസ്തമാംവണ്ണം വിജയം ലഭിക്കുകയും ചെയ്തു ഇതിനുശേഷം ഹോംസെക്രട്ടറിയായി. 1911 ൽ നാവികസൈന്യമേധാവിത്വം സ്വീകരിച്ചു. 1914-ൽ ആരംഭിച്ച ലോകമഹായുദ്ധത്തിൽ കപ്പൽസൈന്യാധിപനായി ഒരു വർഷക്കാലം പണിയെടുത്തു. കാമൺസ്സഭയിൽ 916-ൽ അദ്ദേഹം തിരിച്ചുചെന്നു.

മിസ്റ്റർ ചർച്ചിൽ പൊതുക്കാൎയ്യങ്ങളിൽഏൎപ്പെട്ടു പ്രവൎത്തിക്കാൻതുടങ്ങിയിട്ടു ഇപ്പോൾ ഏകദേശം ഇരുപത്തനാലു കൊല്ലത്തോളമായി. അദ്ദേഹം പൊതുജനസേവനത്തിനിറങ്ങിയ കാലംമുതൽ ഇതുപൎയ്യന്തം അദ്ദേഹത്തെപ്പററി സംസാരിക്കാത്ത ഒരു സമുദായവും ഇംഗ്ലണ്ടിലില്ല. അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും, തരുണന്മാരും തരുണികളും, ബാലന്മാരും ബാലികമാരും, വൃദ്ധന്മാരും വൃദ്ധകളും, കുബേരനും കുചേലനും, പണ്ഡിതനും പാമരനും എന്നുവേണ്ട ഏതൊരു സ്ഥാപനത്തിൽതന്നെ ചെന്നാലും മി. ചർച്ചിൽ ഒരു സംസാരവിഷയമാണു്. അത്ഭുതാവഹവും ആകർഷകവുമായ ഇദ്ദേഹത്തിൻെറ പ്രസംഗചാതുൎയ്യം ഒന്നു വേറേതന്നെയാണു്. താൎക്കികന്മാരിൽ അഗ്രഗണ്യനും പദനിൎമ്മാണത്തിൽ ഇന്നു ജീവിച്ചിരിക്കുന്നവരിൽ പ്രഥമഗണനീയനും ഗ്രന്ഥകാരനെന്ന നിലയിൽ എതിരില്ലാത്തവനും, അഭിപ്രായസ്വാതന്ത്ര്യത്തിൽ സാമ്യമില്ലാത്തവനും, ധീരത, ഔദാൎയ്യം ഇവയിൽ അദ്വിതീയനും ആയ മി. ചർച്ചിൽ ചുരുക്കത്തിൽ ഒരു ഗണനീയപുരുഷൻതന്നെയാണു്.

മി. ചർച്ചിലിനെ യാതൊരുവിഷയത്തിലും മാററിനിറുത്തുവാൻ സാധിക്കുന്നതല്ല ഹെർഹിററ്ലറെപ്പോലെ ഇദ്ദേഹവും ഒരു ഒന്നാംതരം ചിത്രകാരനാണു്. ഈ കല ഇദ്ദേഹം ആരോടും അഭ്യസിച്ചതല്ല. ഒരു ദിവസം തനിക്കു ചിത്രരചനയിൽ ഒരഭിരുചിയും ഉത്സാഹവും സംജാതമാകുകയും തൽഫലമായി കുറെ ചിത്രങ്ങൾ വരക്കുകയും ചെയ്തു. ഇവയ്ക്കു മാർക്കററിൽ വിദഗ്ദ്ധചിത്രകാരന്മാരുടെ ചിത്രങ്ങളോടൊപ്പം നല്ല വില ലഭിച്ചുവെന്നതു് അദ്ദേഹത്തിൻെറ അനിതരസാധാരണമായ ബുദ്ധിവൈഭവത്തേയും പരിശ്രമശീലത്തേയും വെളിപ്പെടുത്തുന്നു. സംഗീതമാണെങ്കിലും തൻെറ ചെറുകുടുംബത്തെ രസിപ്പിക്കുന്നതിനുതക്ക വിധത്തിൽ സ്വാധീനമാക്കിയിട്ടുണ്ടു്.

ഇദ്ദേഹത്തിൻെറ സാമൎത്ഥ്യം പ്രശോഭിച്ചുകാണുന്നതു് ഭരണനിപുണതയിലോ രാജ്യതന്ത്രജ്ഞതയിലോ അല്ലെന്നും പ്രത്യുത സാഹിത്യസംബന്ധമായ അദ്ദേഹത്തിൻെറ പ്രവൎത്തനങ്ങളിലാണെന്നുമാണു ചില മഹാന്മാരുടെ അഭിപ്രായം. ഇദ്ദേഹത്തിൻെറ സാഹിത്യപാടവം, കഴിഞ്ഞ ലോകമഹായുദ്ധകാലത്തു അദ്ദേഹം അംഗമായിരുന്ന ഓരോമന്ത്രിസഭയിലും അദ്ദേഹം

# "മറുപടി."

ഏററുമാനൂർ എം. എസ്സ്. കുമാരൻനായർ ബി. എ. എൽ. ററി.

(പാനമട്ട്)

I

പ്രാണനാഥാ! മറുകത്തുവായിച്ചേൻ,
കാണിയും ഖേദമി,ല്ലിവരം തൃപ്തയായ്:—
ഈരഹസ്സിൽ സമാഗമമർത്ഥിച്ച
ഘോരതാമസിയാം മഹാപാപിഞാൻ.

കേവലം പരദാരങ്ങളെന്നെന്നെ
കൈവെടിഞ്ഞു,പദേശിക്കയോ ഭവാൻ?
കഷ്ടം! ഞാനവിവേകത്താൽ ധർമ്മൈക—
നിഷ്ഠനാമങ്ങേയ്ക്കുംക്ലേശമേകിയോ?

II

അന്യകാന്താ പരിഗ്രഹപാപമോ-
ത്തെന്നഭീഷ്ടമുപേക്ഷിച്ചു; എങ്കിലും
താവകപാദസേവനം മുക്തിയെ-
ന്നീവരാകിഞാൻ നിശ്ചയംചെയ്കതും,

ദുർവ്വിധികൃതബന്ധം വിഗണിച്ചെൻ
സർവ്വവും ഭവാനർപ്പിച്ചിരിപ്പതും,
ധർമ്മനിഷ്ഠനാമങ്ങിന്നറിഞ്ഞതിൽ
മർമ്മഭേദകഖേദം വഹിയ്ക്കയാം!!

III

ദുഷ്ടദാമ്പത്യഘോരാന്ധകാരത്തിൽ-
പ്പെട്ടുപോയവൾതന്നെഞാൻ; എങ്കിലും
പ്രേമസമ്പത്തു ദുർവ്യയംചെയ്യൊരു
കാമകിങ്കരയായ്കഴിച്ചില്ലനാൾ.

താവമനോഹരരൂപമാണിന്നോള-
മെന്മനസ്സിൽപ്പതിഞ്ഞോരുവിഗ്രഹം
ജീവനാഥാ! ഭവൽഭൃത്യയായിനി-
ജ്ജീവശേഷം കഴിച്ചുകൊള്ളട്ടെയോ?

IV

അല്ല; പാടില്ല,പവാദലോലുപ-
മല്ലയോ വ്യാജരംഗമീലോകവും?
നിഷ്കളങ്കപ്രണയലതികകൾ
ശുഷ്കമീ മരുഭൂവിൽവളരുമോ?

പക്ഷേ, എൻഹതജീവിത,മങ്ങേയ്ക്കും
തൽക്ഷണം മാനഭംഗത്തിനായ് വരാം.
ആകയാലന്ത്യയാത്രയ്ക്കനുമതി—
യേകണംപിഴയൊക്കെപ്പൊറുത്തുടൻ!!

V

കൃത്രിമാചാരലോകനിയമങ്ങൾ
എത്തുകില്ലാത്തൊരാനന്ദഭൂമിയിൽ,
പ്രേമനൈരാശ്യസന്തപ്തമാനസം
ക്ഷേമമമാളുന്ന മോഹനവാടിയിൽ


ചെന്നു കാത്തു വസിയ്ക്കാം ഇനിബ് ഭവാൻ
വന്നുനാം വീണ്ടുമൊന്നിച്ചു ചേരുവാൻ!
ജീവനാഥനേ സ്വീകരിച്ചീട്ടവൻ
സാവധാനമൊരുങ്ങിയിരുക്കുവൻ!!

---

സമർപ്പിച്ച മെമ്മോറാണ്ടങ്ങളിലും പ്രസ്പഷ്ടമായി ദൃശ്യമാകുന്നുണ്ടെന്ന് ഇംഗ്ലണ്ടിലെ ഒരു സാഹിത്യപണ്ഡിതൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ഭരണസംബന്ധമായും സാഹിത്യപരമായും വിശേഷിച്ചു ഇംഗ്ലീഷ് ചരിത്രത്തിൽ ഒരു ഗണനീയമായ പാത്രമായും മി ചർച്ചിലിനെപ്പോലെ അദ്ദേഹത്തിന്റെ കാലത്തെ ഒരു മന്ത്രിയും പ്രവർത്തിച്ചിട്ടില്ലെന്നാണു കാണുന്നതു്. ബുദ്ധിസാമർത്ഥ്യം, വാത്സല്യം, നേരംപോക്കു ഇവകൾക്കു ഇരിപ്പിടവും, ഒരുത്തമസ്നേഹിതനും, ഉദാരനായ ഒരു എതിരാളിയും, വാദമുഖങ്ങളെ പിടിച്ചപിടിയിൽതന്നെ അടിക്കുന്നവനും, നിരാശയെ പുഞ്ചിരികൊണ്ടു ഹനിക്കുവാൻ ശ്രമിക്കുന്നവനും, വിജയത്തിൽ ക്രമാതീതമായി ആഹ്ലാദിക്കുന്നവനുമായ ഒരു ഗംഭീരാശയനാണ് മി. ചർച്ചിൽ.

യുദ്ധകാര്യമന്ത്രി, വ്യോമയാനമന്ത്രി, പുത്രികാരാജ്യസ്റ്റേററുസെക്രട്ടറി എന്നീ ഉദ്യോഗങ്ങളിൽ 1921-ൽ മി. ചർച്ചിൽ നിയമിതനായി 1924-ൽ ദ്രവ്യകാര്യമന്ത്രിയായി അദ്ദേഹത്തെ നിയമിച്ചു. ഏറെക്കാലം ഉദ്യോഗപ്രാഭവങ്ങളിൽ ലാലസിച്ചതിനുശേഷം ഇപ്പോൾ ഒരനുദ്യോഗസ്ഥമെമ്പറായി ഒരപ്രതിഷേധ്യനേതാവായി പരിലസിച്ചിട്ടും ബാലിശസ്വഭാവം അദ്ദേഹത്തെ വിട്ടുമാറിയിട്ടില്ലെന്നുള്ളതു പ്രത്യേകം സ്മർത്തവ്യമത്രെ.

## "ചിത്രനഗരം"



ശ്രീ ചിത്രതിരുനാൾ മഹാരാജാവുതിരുമനസ്സിലെ കിരീടധാരണസ്മാരകമായി ഒരു ഹോമിയോപ്പതിആശുപത്രി സ്ഥാപിക്കുന്നതിലേക്കു ധനശേഖരം ചെയ്യുന്നതിന് തിരുവനന്തപുരത്തുവച്ചു നടത്തുന്ന അഖില ഭാരതപ്രദർശനം സംബന്ധിച്ചു തയ്യാർചെയ്യപ്പെട്ടിട്ടുള്ള "ചിത്രനഗരം" ഇതു് സെൻട്രൽറെയിൽവേസ്റ്റേഷൻകാമ്പൗണ്ടിലാണ് സ്ഥിതിചെയ്യുന്നതു്.

Krishnan Nair Bros., Trivandrum.

# "കമ."

ആയാംകുടി പി. ആർ. ശംകരപ്പിള്ള.

ജ്യോതിഷം, ജ്യോതിസ്സുകളെ അധികരിച്ചു നിർമ്മിയ്ക്കപ്പെട്ടിട്ടുള്ള ഒരു ശാസ്ത്രമാണല്ലോ. ഇതിൻെറ അടിസ്ഥാനം കണക്കാകുന്നു. കണക്കു്, സംഖ്യാപ്രധാനമാകയാൽ അക്കങ്ങളെക്കൊണ്ടുള്ള കൈകാര്യം ഇതിൽ ഏററവും പ്രധാനമത്രെ. ശബ്ദങ്ങളെ ഓർമ്മിക്കുന്നതുപോലെ സംഖ്യകളെ സ്മരണയിൽ നിലനിറുത്തുകഎന്നതു് അത്ര സുകരമല്ല. തൻമൂലം പൂർവികന്മാർ അക്ഷരങ്ങൾക്കു് അക്കങ്ങൾ സങ്കല്പിച്ചു സംഖ്യകൾക്കു പേരിടുന്നതിനു കണ്ടുപിടിച്ചിട്ടുള്ള മാർഗ്ഗമാണു പരല്പേരു്. പരൽ (കവിടി)കൊണ്ടു കണക്കാക്കി സംഖ്യകൾക്കു പേരിടുന്നതിൽ പരല്പേരു് എന്ന നാമധേയം ഇതിനു സിദ്ധമായി. ജ്യോതിഷത്തിൽ ഇതിൻെറ ആവശ്യം ഏററവും അപരിത്യാജ്യമത്രെ. സംഖ്യകൾ ഓർമ്മിക്കുന്നതിനു പകരം ചില പേരുകൾ ഓർമ്മിക്കുകയെന്നുള്ളതു് ഏററവും എളുപ്പമാണു്.

പല പ്രാചീനകൃതികളിലും കലിദിനസംഖ്യയെ കുറിയ്ക്കുന്ന പ്രയോഗങ്ങൾ കാണപ്പെടുന്നുണ്ടു്. നാരായണീയത്തിലെ "ആയുരാരോഗ്യസൌഖ്യം" ഇതിനുദാഹരണമാണു്. "ക്ഷത്രത്രയീഹതാദ്യ"മുതലായ പ്രസിദ്ധകലിദിനസംഖ്യകൾ വേറേയുമുണ്ടു്. ചില പ്രാചീനകൃതികളുടെ ആവിർഭാവകാലത്തേയും അവയുടെ കർത്താക്കന്മാരേയും നിർണ്ണയിക്കുന്നതിനു ഇങ്ങനെയുള്ള പരല്പേരുകൾ സഹായിക്കുന്നു. പക്ഷേ ആധുനികകാലത്തു് ഈ സമ്പ്രദായം പാടെ പരിത്യജിക്കപ്പെട്ടിരിക്കുന്നതിനാൽ ഭാവിസന്താനങ്ങൾക്കു പ്രസ്തുത വിഷയത്തിൽ നേരിടുന്ന വിഷമം ചില്ലറയായിരിക്കയില്ല. ഒരു പക്ഷേ ഇനി രണ്ടോ മൂന്നോ ശതാബ്ദംകഴിയുമ്പോൾ ഇന്നത്തെ ചില കൃതികളുടെ കർതൃത്വം അക്കാലത്തുള്ളവർ കേവലം അന്യരൽ ആരോപിച്ചുവെന്നും വരാം. വിവാദകോടിയിൽപെട്ട ചില കൃതികൾ ഇന്നു നമ്മുടെയിടയിലുമുണ്ടല്ലൊ. അക്കാലത്തു മദലനമറിയത്തിൻെറ കർത്താവു് ഒരു മി. നാനനും കാൽവരിയിലെ കല്പപാദപത്തിൻെറകർത്താവു ഒരു മി. പാപ്പനുമായി മാറി എന്നുവരാം. നാരായണൻനാനനും, പത്മനാഭൻ—പപ്പു—പാപ്പുവുമാകുന്നതു വലിയ ഒരു മാററവുമല്ല. മാക്സ്സുമുള്ളർക്കു മോക്ഷമൂല്യരും വാസ്സോടിഗാമായ്ക്കു വാസറ കോടികാമനുമാകാമെങ്കിൽ മുൻപറഞ്ഞ മാററം എന്തുകൊണ്ടു സംഭവിച്ചുകൂടാ.?

സംഖ്യകളെ ഓർമ്മിക്കുന്നതിനുള്ള വിഷമത്തെ പരിഹരിയ്ക്കുന്നതിനുവേണ്ടിയാണു് പ്രാചീനന്മാർ

"കൊല്ലത്തിൽ തരളാംഗത്തെ
കൂട്ടിയാൽ കലിവത്സരം
കൊല്ലത്തിൽ ശരജംകൂട്ടി
കൃസ്താബ്ദം കണ്ടുകൊള്ളണം."

എന്നും മററുമുള്ള ചില കൗശലങ്ങൾ കണ്ടുപിടിച്ചിരിക്കുന്നതു്.

"നദീപുഷ്ടിരഹസ്യാനു
നഹ്യസാരംപയോജനി
നിജാൽകടീരാൽ സായാഹ്നേ
നഷ്ടാത്ഥാഃ പ്രയയുജ്ജനാഃ"

മേപ്പത്തൂരിൻെറ പ്രസിദ്ധമായ ഈ പദ്യം ഒരു വെള്ളപ്പൊക്കത്തിൻെറ ഉപദ്രവത്തേയും അതുണ്ടായകാലത്തേയും കുറിക്കുന്നതാണല്ലോ.

മേപ്പത്തൂർ, കുറെ പ്രായമാകുന്നതുവരെ കേവലം ഒരു അജ്ഞനും വിടനുമായിരുന്നുവെന്നാണല്ലൊ കേട്ടിട്ടുള്ളതു്. ഒരിക്കൽ അദ്ദേഹത്തിൻെറ ആചാര്യനായ പിഷാരോടി സ്വശിഷ്യന്മാരോടു ഒരു സംഖ്യയ്ക്കു പേരിടുവാൻ ആജ്ഞാപിച്ചു അപ്പോൾ അടുത്തു്—പിഷാരത്തു്—ഭാര്യയുടെ അറയിൽ മുറുക്കി രസിച്ചുകൊണ്ടിരുന്ന ഭട്ടതിരി ഒരു പേരിട്ടു. അതു കുറെ പച്ചയായിപ്പോയെന്നു പിഷാരോടി പറഞ്ഞയുടനെ അതേസംഖ്യയ്ക്കുതന്നെ ആ രസികൻ ഉടനെ "ബാലകളത്രം സൌഖ്യം" എന്നു നാമകരണംചെയ്കതായും കേട്ടിട്ടുണ്ടു്. പിന്നീടു ഭട്ടതിരി, പിഷാരോടിയുടെ നിർബന്ധവും നിർദ്ദേശവുമനുസരിച്ചു് അദ്ദേഹത്തിൻെറ ശിഷ്യത്വം സ്വീകരിച്ചു വിദ്യാഭ്യാസംചെയ്തു വിദ്വാനായിത്തീർന്നുവെന്നാണു് ഐതിഹ്യം

പഴയകാലത്തു സാഹിത്യത്തിലെന്നപോലെ ഈ വിഷയത്തിലും വിരുതന്മാരായിരുന്നതു രസികന്മാരായ നംപൂതിരിമാർതന്നെയാണു്. ഒരിക്കൽ ഒരു മുറജപക്കാലത്തു തിരുവനന്തപുരത്തു ശാസ്ത്രകോവിദന്മാരായ പല നംപൂതിരിമാരുംകൂടിയകൂട്ടത്തിൽ ഒരു വിദ്വാൻ ഒരുസംഖ്യയ്ക്കു പെട്ടെന്നു പേരിടണമെന്നു ആവശ്യപ്പെട്ടു. തൽക്ഷണം വിദ്വാനും കവിയും രസികനും ജ്യോതിശ്ശാസ്ത്രജ്ഞനുമായിരുന്ന ഇടവക്കാട്ടു--ഇടവെട്ടിക്കാട്ടു്–നംപൂതിരി "ഭണ്ഡാരംകക്കാം" എന്നു പേരുകൊടുത്തു. ഇതുകേട്ടുകൊണ്ടു സമീപത്തുതന്നെനിന്നിരുന്ന അദ്ദേഹത്തിൻെറ സഹോദരൻ ഉടനെ "വല്ലോരുംകേക്കും" എന്നുപറഞ്ഞു. വാസ്തവത്തിൽരണ്ടും ആ സംഖ്യയ്ക്കുള്ള പേരുകൾതന്നെയായിരുന്നു. ഇവരിൽ അനുജൻനംപൂതിരി ഒരു സ്ത്രൈണനായിരുന്നു. ഒരിക്കൽ ജ്യേഷ്ഠൻ അനുജൻെറ വിടത്വത്തെ അനുസ്മരിച്ചുകൊണ്ടു ഒരു ഭിത്തിയിൽ

"ആപൻമൂലംഖലയുവതയസ്സന്നി
മിത്തോവമാന
സ്ഥാസാംതാവത്സലിലലഹരീഭംഗ-
രഃപക്ഷപാതാ.

ഇങ്ങനെ രണ്ടുവരിഎഴുതിയപ്പോഴേക്കും അനുജൻ വരുന്നതുകണ്ടു് തൽക്ഷണം അവിടെനിന്നു പൊയ്ക്കളഞ്ഞു അനുജൻ പദ്യഭാഗംകണ്ടു കാര്യംഗ്രഹിച്ചു. അനന്തരം അതിനെ ഇങ്ങനെ പൂരിപ്പിച്ചു.

"അപ്യേവംഭോ!പരിണതശരച്ചന്ദ്ര-
ബിംബാഭിരാമം
ദൂരീകർത്താവദനകമലംനാല-
മസ്മൽപ്രിയായാഃ"

പഴയകാലത്തു വിദ്വാന്മാരുടെയിടയിൽ പല മത്സരപരീക്ഷകളും നടപ്പുണ്ടായിരുന്നു ഇപ്പോൾ ആവക വിദ്യകളൊക്കെ വെറും "സമയംകൊല്ലികളും" രസശൂന്യങ്ങളുമാണെന്നുപറഞ്ഞു ആളുകൾ അവഹേളിച്ചുതുടങ്ങിയിരിക്കയാണു്. ജനങ്ങൾക്കു ക്ലേശസഹിഷ്ണുത ദിനംദിനം കുറഞ്ഞുവരുന്നതാണു് ഇതിനു കാരണമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇന്നു് ദീർഘങ്ങളൊ നാളികേരപാകത്തിലുള്ളവയൊആയ കൃതികളെത്തന്നെ ആളുകൾ ആദരിക്കുന്നില്ല. ധർമ്മരാജാപോലുള്ള ആഖ്യായികകളും ഉമാകേരളംപോലുള്ള മഹാകാവ്യങ്ങളും ഇനി സാഹിത്യലോകത്തിൽ അവതരിക്കുമോഎന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

പരല്പേരിൻെറ സമ്പ്രദായം എങ്ങനെയെന്നു് ഏറക്കുറെ ഏവർക്കും അറിവുള്ളതാകയാൽ അക്കാര്യം ഇവിടെ വിവരിക്കണമെന്നു വിചാരിക്കുന്നില്ല. ഇതേവരെ നമ്മുടെ ലേഖനത്തിനു വിഷയമായ "കമ" എന്നശബ്ദത്തെക്കുറിച്ചു യാതൊന്നും പ്രസ്താവിക്കയുണ്ടായില്ല. ഇനി നമുക്കു അതെന്താണെന്നു ചിന്തിക്കുകതന്നെ.

ആദികാലത്തു നമ്മുടെഭാഷയിൽ അമ്പത്തിയൊന്നു് അക്ഷരമാണുണ്ടായിരുന്നതു്.

അമ്പത്തൊന്നക്ഷരാളീകലിതതനുലതേ
വേദമാകുന്നശാഖി—
ക്കൊമ്പത്തമ്പോടുപൂക്കുംകുസുമതതിയിലേ—
ന്തുന്നപൂന്തേൻകുഴമ്പേ!
ചെമ്പൊൽത്താർബാണഡംഭപ്രശമനസുകൃതോപാത്ത സൌഭാഗ്യലക്ഷ്മീ—
സമ്പത്തേകുമ്പിടുന്നേൻ കഴലിണവലയാ-
ധിശാരിവിശാനാഥേ!"

ഈ പദ്യം അതിനു ലക്ഷ്യമാണു്. പിന്നിട്ടു് ഴ–ണ എന്നു രണ്ടെണ്ണംകൂടിച്ചേർത്തു് ഇപ്പോൾ അൻപത്തിമൂന്നു ആക്കിയിരിക്കയാണു .

"ഞാൻ അവനോടു് 'കമ' എന്നു ശബ്ദിച്ചിട്ടല്ല, അവൻ എന്നെ ശകാരിച്ചതു്; അവൻ എന്നെ കണ്ടിട്ടു 'കമ' എന്നുപോലും മിണ്ടിയില്ല."

എന്നിങ്ങനെ നാം സാധാരണ സംസാരിക്കാറുണ്ടു്. ഈ 'കമ' കേവലം അത്ഥമില്ലാത്തശബ്ദമല്ല. പരപ്പേറുന്ന പരല്പേരിൻപ്രകാരം 'ക' ഒന്നും 'മ' അഞ്ചുമാണു്. അപ്പോൾ കമ എന്നതിനു ൫൧ എന്നു സി

ഥിക്കുന്നു. മററുസംഖ്യകളെപ്പോലെ സാധാരണ ഇടത്തുനിന്നു വലത്തോട്ടല്ല, പരല്പേരിലെ അക്കങ്ങളെ കണക്കാക്കുന്നതു്. വലത്തുനിന്നും ഇടത്തോട്ടാണു്. അപ്പോൾ ൧൪ എന്നതു് ൪൧ എന്നാകുന്നു. കമ എന്നുശബ്ദിച്ചില്ല എന്നുപറഞ്ഞാൽ ൪൧ അക്ഷരത്തിൽ ഒന്നും ഉരിയാടിയില്ലെന്നത്ഥം. അതായതു മൌനം ഭിക്ഷിച്ചു എന്നു ഭാവം. പക്ഷെ കമ എന്നുള്ളതിനു ഈ അത്ഥമാണെന്നു ഗ്രഹിച്ചുകൊണ്ടാണോ എല്ലാവരും അതിനെ ഉപയോഗിക്കുന്നതെന്നു നിശ്ചയമില്ല. അക്ഷരമാലയിൽ ൫൨ അക്ഷരങ്ങൾ ആവിർഭവിക്കുന്നതിനുമുമ്പാണു് കമ ഉത്ഭവിച്ചിട്ടുള്ളതെന്നു മുമ്പു സൂചിപ്പിച്ചതിൽനിന്നു വ്യക്തമാകുന്നുണ്ടു്.

---


## കാമകലാസഞ്ചികകൾ

| | | |
|---|---|---|
| സ്ത്രീപുരുഷബന്ധം | അണ. | 4 |
| സ്ത്രീപുരുഷതത്വം | ,, | 3 |
| പുരുഷധർമ്മം | ,, | 3 |
| വശ്യം അഥവാ ധാതുപുഷ്ടി | ,, | 4 |
| കൃത്രിമമായ ഇന്ദ്രിയസുഖം | ,, | 4 |
| വന്ധ്യതയും നിവാരണമാർഗ്ഗങ്ങളും | ,, | 4 |
| ജനനനിയന്ത്രണം | ,, | 4 |

പ്രസ്തുത ഗ്രന്ഥങ്ങൾ ശരിയായി വായിച്ചറിഞ്ഞാൽ മനുഷ്യജീവിതം പരമസുഖപ്രദം. അല്ലെങ്കിൽ ദുഃഖഭാരം. ദമ്പതിമാർ അനുഷ്ഠിക്കേണ്ട ശ്രദ്ധതത്വങ്ങൾ എല്ലാം അടങ്ങിയിരിക്കുന്നു

ഏഴിനുംകൂടി 1 രൂ. 8 ണ.

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം.

പണ്ഡിററു് ഡി. ഗോപാലാചാർലുവിൻെറ

# ജീവാമൃതം

ആധുനികകാലത്തെ ജോലിക്കൂടുതൽ നിങ്ങളുടെ ആരോഗ്യത്തെ സാവധാനത്തിൽ ഹനിക്കുന്നു; തൽഫലമായി നിങ്ങൾക്കു ക്ഷീണം, സ്വരകൾ സംബന്ധിച്ചുള്ള രോഗങ്ങൾ, തലവേദന, വേഗത്തിൽ കോപം വരുക മുതലായവ ഉണ്ടാകുന്നു. ഇവ സ്ഥിരമായി നിങ്ങളെ ബാധിക്കുന്നതിനു മുമ്പായി അവയെ അകററേണ്ടതു ആവശ്യമാണു്; അതിനു ഉത്തമമായ മാർഗ്ഗം **ജീവാമൃതം** ഉടൻതന്നെ സേവിച്ചുതുടങ്ങുകയത്രേ. ഫലപ്രദമായ ഈ ഔഷധം നിങ്ങളുടെ രക്തത്തെ വദ്ധിപ്പിക്കുകയും, സിരകളെ ബലവത്താക്കുകയും, നഷ്ടമായിത്തിന്ന ഉന്മേഷത്തെ വീണ്ടെടുക്കുകയും, നിങ്ങൾമുമ്പുഇരുന്നതുപോലെ ചുറുശതമാനം ആരോഗ്യമുള്ള ഒരു മനുഷ്യനാക്കിത്തീക്കുകയുംചെയ്യും.

എല്ലാസ്ഥലത്തും ലഭിക്കും.

വലുതു് 3 ക. 4 ണ. ചെറുതു് 1 ക. 12 ണ.

നിമ്മാതാക്കൾ

ആയുവ്വേദാശ്രമം

പോസ്റ്റ്ബാക്സ് 287, മദ്രാസ്.

# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah o Travancore.)

**CHAIRMAN:- K. C. PANDALA B. SC. (LOND.)**

| | | |
|---|---|---|
| Subscribed Capital | :- | 15,60,400. |
| Capital Paid up | :- | 7,93,589 3 - 11. |
| Reserve and other Funds | :- | 2,23,500. |

## HEAD OFFICE:- ALLEPPEY.

**Branches· TRIVANDRUM. CHANGANACHERRY, COCHIN & QUILON.**

**SUB-OFFICES: ERNAKULAM, KAYAMKULAM & KOTTAYAM.**

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted

For Particulars apply to

**C. KRISHNA MENON M.A.**
MANAGER ALLEPPEY.

or to the
CHAIRMAN
**COLLEGE BUILDINGS**
ESPLANADE, MADRAS

# ഭാവനാസ്വർഗ്ഗം.

എൻ. ലളിതാംബിക അന്തർജ്ജനം.

സുവർണ്ണകാന്തിയാലിനനുയർന്നുവന്നിടുംനേര-
മവർണ്ണനീയസൌഭഗമതിലിരിക്ഷിക്കിൽ,
വിരിഞ്ഞുവന്നിടും ചാരുകുസുമങ്ങൾകണ്ടാലതിൻ
മരന്ദമെൻഹൃദയത്തിൽ നിറഞ്ഞൊഴുകിൽ,
കരങ്ങൾനീട്ടിയന്യോന്യം കളിച്ചിടുന്നൊരു ചെറു-
തരംഗിണി കണ്ടാൽ ചിത്തം തരളമാകിൽ,
മലയമാരുതനേറേ റവലയുംപൂമരമാന്ന
മലയുടെമുന്നിലെൻകൈ മുകുളമാകിൽ,
ശ്രദ്ധയാൻചിരനാളായ്നിശ്ചിതനിലയുമില്ലും
വാർദ്ധിതന്നഗാധതയിൽമുഴുകിയെങ്കിൽ,
പൃഥ്വിതന്നപാരതയേ പ്രസ്ഫുരിപ്പിച്ചറിയിക്കും
ചക്രവാളരേഖയേപ്പോൽ സമഗ്രമാകിൽ,
വളർവെള്ളിമേഘംകണ്ടാലതിൽകേറിവാനത്തിലേ
നിറവെള്ളിക്കതിർപോലെ ചരിക്കാനോക്കിൽ,
ശിശിരരശ്മികൾതൂകും ശശിയുടെകലയോടു
കുശലങ്ങളോരോന്നുഞാൻ ചിരിച്ചുരയ്ക്കിൽ,
സ്വച്ഛനീലമായിട്ടുന്നൊരംബരത്തേനോക്കിനോക്കി-
യുൾത്തടമതിങ്കൽതന്നെ ലയിച്ചുപോകിൽ,
മെച്ചമോടി മഹിയുടെ മടിയിലിളകിമിന്നും
പച്ചപ്പട്ടിൽകിടന്നുഞാൻ പുളകമേൽക്കിൽ,
കൊച്ചുപുല്ലിൻതലതോറും തിളങ്ങും തുഷാരബിന്ദു
വജ്രമെന്നോർത്തണിയുവാൻ കനിഞ്ഞിടുകിൽ,
അച്ഛമാകും ഭാവനയാലഖിലവുമൊരു മായാ-
സ്വർഗ്ഗമെന്നപോലെകണ്ടുഭ്രമിക്കുമെങ്കിൽ,
അതുമതിനിരന്തരമതുലമാംസുഖാസ്പദ-
മതുമതി മമജീവസുഖസ്ഫുരണം
ക്ഷിതിയിതിലേതിങ്കലുംസമഹൃദയതചാംകാണു-
മതുമാത്രംമതിനിത്യം—സഹൃദയതചം.

---

# ശ്രീമഹാഭക്തചരിതാമൃതം.

## കേരളഭാഷാഗദ്യം.

ഭക്തജനങ്ങളുടെ അമോഘമായ സമ്പത്ത്.

ഭക്തിപീയൂഷം വഴിഞ്ഞൊഴുകുന്ന ഈ പ്രബന്ധവിശേഷത്തിൽ നൂററിഒന്നു പുണ്യാത്മാക്കളുടെ ചരിത്രങ്ങൾ അടങ്ങിയിരിക്കുന്നു. അവാസ്തവങ്ങളായ ഐതിഹ്യങ്ങളെക്കൊണ്ടു ഗ്രന്ഥം സ്ഥൂലമാക്കിയിട്ടില്ല.

ഗ്രന്ഥം മുഴുവൻ എഴുതി തീരുംമുമ്പായി ഗ്രന്ഥകർത്താവിനു സാക്ഷാൽ പാണ്ഡരീപുരേശനായ ഭഗവാൻ ശ്രീകൃഷ്ണന്റെ ദർശനം ലഭിച്ചുവെന്ന അപൂർവസംഭവത്തെ വിശ്വസിക്കുവാൻ വിഷമമെന്നു തോന്നുന്നുണ്ടെങ്കിൽ ഈ ഗ്രന്ഥം ശ്രദ്ധാപൂർവം ഒരാവർത്തി വായിച്ചു സ്വാനുഭവത്താൽ ബോദ്ധ്യപ്പെടുവിൻ.


മലയാളഭാഷയിൽ 50-ൽ ശിഷ്ടം ഭക്തന്മാരുടെ ചരിത്രമേ ഇതേവരെ ഗ്രന്ഥരൂപത്തിൽ പുറത്തുവന്നിട്ടുള്ളു. 101-പേരുടെ ചരിത്രമടങ്ങിയ ഈ ഗ്രന്ഥം അതിൽ കുറഞ്ഞവിലയ്ക്കു കിട്ടുന്നു.

1-ാംഭാഗം വില രൂപാ 1. 2-ാംഭാഗം വില രൂപാ 1.
3-ാംഭാഗം വില രൂപാ 1. 4-ാംഭാഗം വില രൂപാ 1.


നാലുഭാഗങ്ങളും ഒന്നായി വാങ്ങുന്നവർക്ക് 3-രൂ. 8-ണ.

മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ കൊല്ലം.


സൈൻറിഫിക്ക്
സ്വർണ്ണാഭരണങ്ങൾ
—*—
(തനി സ്വർണ്ണത്തിനു പകരമുള്ളതു്)
ഹൈക്കോടതിജഡ്ജിമാർ, ഗവമെൻറിൻെറ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പല മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു്




പുതിയ ക്യാററലാഗ് ഇനാം.
**The Scientific Gold Bangles Co., Ltd,**
Head Office:- 43, Byragimatam Street,.
Post Box No. 203. MADRAS




ഇവിടെ എല്ലാത്തരം ടൈപ്പ്റൈററിങ്ങ് മെഷീൻസുകളും ചുരുങ്ങിയനിരക്കിൽ ക്ലിപ്തസമത്തു റിപ്പെയർചെയ്തുകൊടുക്കപ്പെടും.

റെമിങ്ങ്ടൺ, അൺഡർഉഡ്ഡ്, റോയൽ, ഓലിവർ, കൊറോണ, ബോർലോക്ക്, എംപയർ, എൽ. ഡി സ്മിത്ത്, പോർട്ടബിൾസു ഇവകളുടെ റിപ്പെയർസാമഗ്രികളും ഞങ്ങളുടെപക്കൽഎപ്പോഴും വില്പനയ്ക്കു തയ്യാറുണ്ട്. ആവശ്യക്കാർ താഴെക്കാണുന്ന മേൽവിലാസത്തിൽ എഴുതുക.

ജനറൽ കൊമേഴ്ഷ്യൽകമ്പനി,
ഉഡ്സ്റോഡ്,
മൌണ്ട്റോഡ് മദ്രാസ്

**1935**
12 താൾ കലണ്ടർ.
ഇനാം!
**PURE SILK.**
2½ വീതി 5 മുഴം ഒന്നാന്തരം ഗ്യാറൻറിയുള്ള
ശുദ്ധപട്ടുവസ്ത്രം ഒന്നുക്കു Rs. 4.
30-1 35 വരെ
വില കുറച്ചിരിക്കുന്നു.
ഡസൻകണക്കിനു വാങ്ങുന്നവർക്കു ഡസനു് Rs. 25.
പട്ടുജവുളിത്തരങ്ങളുടെ
ക്യാററ്ലാഗ് സൗജന്യം:
ടി. ആർ. ലൂംസ്കമ്പനി,
205 ഈസ്റ്റുവെളിസ്റ്റ്റീറു മധുര.
**T. R. LOOMS Coy.,**
205 East Veli St. MADURA.

ചരിത്രപംക്തി.

# ഫർദികോട്ട.

ചിറയിൻകീഴ് പി. വാസുദേവൻപിള്ള.

കേരളീയർക്ക് സുപരിചിതമല്ലാത്ത എത്രഎത്ര ചെറുരാജ്യങ്ങൾ ഭാരതഖണ്ഡത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്നുള്ളതിന്നു കണക്കില്ല. മുഗൾചക്രവർത്തികളുടെ ചെങ്കോലിൻകീഴിൽ ഉൾപ്പെട്ടിരുന്ന സാമന്തരാജാക്കന്മാരുടെ ഭരണവിക്രിയകളാലോ ഭരണപാടവത്താലോ നാമാവശേഷമായി തീൎന്നിട്ടുള്ള രാജ്യങ്ങളും കുറവല്ല. അന്നും ഇന്നും ജനങ്ങളുടെ നിത്യാരാധനയ്ക്കു പാത്രീഭൂതമായും രാജപുംഗവന്മാരുടെ നിസ്തുല്യമായ ഭരണനിർവഹണത്തിന് വിധേയമായും തീൎന്നിട്ടുള്ള രാജ്യങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു രാജ്യമാണ് ഫർദികോട്ട. ഈ ഫർദികോട്ട ഫിറോസിപ്പൂർജില്ലയുടെ തെക്കുഭാഗത്തുകിടക്കുന്ന പഞ്ചാബിൽ ഉൾപ്പെട്ട ഒരു സംസ്ഥാനമാണ്. സിക്കുവംശജന്മാരാണ് അധികമായി ഇവിടം അധിവസിച്ചുവരുന്നത്. ഈ സംസ്ഥാനത്തിന്റെ ആകപ്പാടെയുള്ള ചുററളവു 643-ചതുരശ്രമയിലാണ്. 1931-ൽ എടുക്കപ്പെട്ട സെൻസസ്സ്കണക്കിൻപ്രകാരം 164346-ജനങ്ങൾ അധിവസിച്ചുവരുന്നു. 18-ലക്ഷംരൂപാ ഈ സംസ്ഥാനത്തുനിന്നും പല ഇനങ്ങളിലായി മുതലെടുപ്പുണ്ട്. പാട്ടിയാലാ, നാബാ, ജിൻഡ് എന്നീ മൂന്നുസംസ്ഥാനങ്ങളും കൂടിച്ചേൎന്നു ഭരിക്കുന്ന രാജാവിനെ "ഫൂൽക്കിയൻചീഫ്" എന്നാണ് വിളിച്ചുവരാറുള്ളത്. ഫർദികോട്ടയിലെ രാജാവും മേൽവിവരിച്ച "ഫൂൽക്കിയൻചീഫ്‌"വംശത്തിൽ ഉൾപ്പെട്ട ആളാണ്. 16-ാം നൂററാണ്ടിന്റെ ആദ്യഘട്ടത്തിൽ ബ്രാർവംശത്തിലെ 10-ാമത്തെ തലമുറക്കാരനായിരുന്ന ചൗദ്രിശംകരനാണ് ഫർദികോട്ടസംസ്ഥാനം രാജസ്ഥാനമായി സംസ്ഥാപിച്ചത്. ചൗദ്രിശംകരന്റെ പുത്രനും ധൈൎയ്യവാനും ബലിഷ്ഠനുമായിരുന്ന ചൗദ്രിഭല്ലനെ ഫിറോസിപുരത്തിനും ഭാററിൻഡക്കും മദ്ധ്യേയുള്ള വിസ്തൃതമായ ഒരു സ്ഥലത്തിന്റെ നായകനായി മുഗൾചക്രവർത്തിയായിരുന്ന അക്ബർ നിയമിച്ചു. ആദ്യത്തെ സിക്കുയുദ്ധത്തിൽ ഫർദികോട്ടയിലെ അന്നത്തെ നായകനായിരുന്ന ചൗദ്രിപാഹാർസിംഗ്സാഹിബ്ബ് ബ്രിട്ടീഷുഗവർമ്മെന്റിന്നുനൾകിയ അതുല്യസഹായസഹകരണങ്ങൾക്കു പ്രതിഫലമായി അദ്ദേഹത്തിനു രാജാവെന്ന നാമധേയം നൾകി. രണ്ടാമത്തെ സിക്കുയുദ്ധത്തിനും 1857-ലെ ശിപായിലഹളയ്ക്കും ചൗദ്രിചംഹാർസിംഹന്റെ മകനും അന്നത്തെ ഭരണാധികാരിയുമായിരുന്ന രാജാവാസ്യർസിംഗ്സാഹിബ്ബ് ബ്രിട്ടീഷുകാൎക്ക് നിരവധി സഹായങ്ങൾചെയ്തതിനാൽ അതീവസന്തുഷ്ടരായ ഇംഗ്ലീഷുസൈന്യനേതാക്കന്മാരുടെ പ്രേരണയാൽ ഇംഗ്ലീഷുചക്രവർത്തി രാജാവിനും രാജകുടുംബത്തിലെ അനന്തരാവകാശികൾക്കും "ഫർബാൻസ്‌രാജാസഹിബ്ബ്ബഹദൂർ" എന്ന അഭിധാനം കല്പിച്ചുസമ്മാനിച്ചു. അനന്തരകാലങ്ങളിൽ ഇതുപോലെ പലപ്പോഴും ആവശ്യപ്പെട്ട സന്ദർഭങ്ങളിലെല്ലാം തന്റെ കുതിരപ്പടകളേയും കാലാൾപ്പടകളേയും അയച്ചു ഇംഗ്ലീഷുകാരെ സഹായിച്ചതിലേക്കു അന്നത്തെ രാജാവായ "രാജാബൈക്രാംസിംഗ്സാഹിബ്ബിന് "ഫർസാൻധിസാധററ്നിഷാംഹാസ്സററികൈസരിഹിൻഡ്" എന്ന ബഹുമതി ഇംഗ്ലീഷുകാർ നൾകി. ഈ കഴിഞ്ഞ ലോകമഹായുദ്ധത്തിനും തന്റെ പൂർവികന്മാർചെയ്തിട്ടുള്ളതുപോലെസൈന്യങ്ങളെക്കൊണ്ടും മററും അന്നത്തെ രാജാവായിരുന്നു പരേതനായ മേജർ മഹാരാജാബ്രിജ്ഇന്ദ്രാർസിംഗ് സാഹിബ്ബ്ബഹദൂർ ഇംഗ്ലീഷുകാൎക്കു നിരുപമമായ സഹായങ്ങൾ നൽകുകയുണ്ടായിട്ടുണ്ട്. 191[illegible]-അക്ടോബറിൽ സംസ്ഥാനത്തുള്ള എല്ലാ ഖനനവേലക്കാരേയും ബ്രിട്ടീഷുഗവർമ്മെന്റിന്റെ ആവശ്യപ്രകാരം ഈസ്റ്റാഫ്രിക്കയിൽ അയച്ചു. മൂന്നിൽപരംവർഷം അവർ അവിടെ താമസിച്ചു ബ്രിട്ടീഷുകാൎക്കു വേണ്ടസഹായങ്ങൾ ചെയ്തു. ലോകമഹായുദ്ധകാലത്തു നിരവധിധനവും, ആയുധസാമഗ്രികളും ഭടന്മാരേയും അയച്ചു ഇംഗ്ലീഷുകാൎക്കു വേണ്ടസഹായങ്ങൾചെയ്തതിനുപുറമെ യുദ്ധക്കടത്തിലേക്കും സംസ്ഥാനനിവാസികൾ ഔദാൎയ്യപൂർവം സഹായിച്ചിരുന്നു. ഈ സഹായസഹകരണങ്ങൾക്കായി അന്നത്തെ രാജാവും ഇപ്പോൾ പരേതനുമായ ബ്രിജിഇന്ദ്രാർസിംഗ്സാഹിബ്ബിന് മഹാരാജാവു എന്ന സ്ഥാനവും മേജർ എന്ന സ്ഥാനവും ബ്രിട്ടീഷുചക്രവർത്തിനൾകി. ഇതു ഇംഗ്ലീഷുവർഷം 1918-ൽ ആണ്. ഈ സ്ഥാനമാനങ്ങൾക്കു പുറമെ ഫർദികോട്ടമഹാരാജാക്കന്മാൎക്ക് 11 ആചാരവെടിയും ദത്തു എടുക്കാനുള്ള അധികാരവും പ്രദാനംചെയ്തു മഹാരാജാവിന് ചേംബർ ആഫ് പ്രിൻസസിൽ ഒരു മെമ്പർസ്ഥാനവും നൾകി. ഫർദികോട്ട സംസ്ഥാനത്തിലെ ജനങ്ങളെ കൊലക്കുററത്തിനു വധശിക്ഷകല്പിക്കാൻ അധികാരമുണ്ടായിരുന്നില്ല. അതിലേക്കും അനുവാദംനൾകി. ഇൻഡ്യാസാമ്രാജ്യത്തിലെ സൈനികസംരക്ഷണനിബന്ധനപ്രകാരം രണ്ടു പ്ളാറ്റൂൺകാലാൾപ്പടയും ബാർഡിഗാർഡിനു ഒരു സൈന്യവും മിലിററിബാൻഡിനു പ്രത്യേകം ഒരു സൈന്യവും ഉൾപ്പെടെ 300 ഭടന്മാരെ 1½-ലക്ഷം രൂപാ ചിലവുചെയ്തു സംരക്ഷിക്കാൻ അനുവാദംകൊടുത്തു. ഇപ്പോഴത്തെ രാജാവു "രാജാ ഹരീന്ദ്രസിംഗ് സാഹിബ്ബ് ബഹദൂരാണ്. ഇദ്ദേഹം 1915-ജനുവരി 28-ാനു-ജാതനായി. ഇദ്ദേഹത്തിന്റെ പിതാവു 1918 ഡിസംബർ 23-ാംതീയതി പരേതനായി. അടുത്തദിവസം രാജാ ഹരീന്ദ്രസിംഗ്സാഹിബ്ബ് ബഹദൂർ രാജാവായി അഭിഷേകംചെയ്യപ്പെട്ടു. മഹാരാജാവു മൈനർആയിരുന്നതിനാൽ മൈനാറിററികാലം മുഴുവനും സംസ്ഥാനത്തിന്റെയും മഹാരാജാവിന്റെയും അഭ്യുദയത്തിലും അഭിവൃദ്ധിയിലും അതീവതല്പരനായിരുന്ന ബഹുമാനപ്പെട്ട സർ ജയിംസ് ഫിററ്സ്പേട്രിക്ക് കെ. സി. ഐ. ഈ, സി. ഐ. ഈ, സി. ബി. ഈ, ഐ. സി. എസ്സ്. അദ്ധ്യക്ഷനായും പ്രസിഡന്മാരായ മററു നാലുപേർ അംഗങ്ങളായുമുള്ള ഒരു കൗൺസിലിന്റെ ഉപദേശാനുസരണം രാജ്യഭരണം നടത്തിവന്നു. പ്രസിഡന്റിന്റെ ശ്രദ്ധ മഹാരാജാവിന്റെ പഠിത്തത്തിലും ക്ഷേമൈശ്വൎയ്യങ്ങളിലും പ്രത്യേകം പതിഞ്ഞിരുന്നു. ഈ കഴിഞ്ഞ 16-വർഷകാലങ്ങളായി വിശ്വസ്തതയോടും രാജഭക്തിയോടും ചക്രവർത്തിയുടെഗവർമ്മെന്റും സംസ്ഥാനവും തമ്മിൽ ഉള്ള ബന്ധത്തെ പരിരക്ഷിച്ചും ജനക്ഷേമകരങ്ങളായ പല പരിഷ്കാരങ്ങളും രാജ്യത്തിൽ വരുത്തിയും ഭരണം നിസ്തുലമായവിധത്തിൽ നടത്തിവരുന്നു. മൈനർമഹാരാജാവും അമ്മമഹാറാണിയും ഇളയസഹോദരനും മാതൃസഹോദരനായ കർണ്ണൽ രാമസിംഗുംകൂടി മഹാരാജാവിന്റെ ശരീരാരോഗ്യത്തിനു അവശ്യകരണീയങ്ങളായ ഉപദേശങ്ങൾ ഐറോപ്യൻഡാക്ടരന്മാരോടു സമ്പാദിക്കാനായി 1923-ഏപ്രിൽമാസത്തിൽ ഇംഗ്ലണ്ടിലേക്കു കപ്പൽകയറുകയും ഫെബ്രുവരിമാസംവരെ അവിടെ താമസിക്കയും ചെയ്തു. ഇംഗ്ലണ്ടിൽനിന്നും വന്നതിൽപിന്നെ മഹാരാജാവും സഹോദരനും ലാഹൂരിലെ അററിച്ചിസ്സൺകാളേജിൽ ചേൎന്നു പഠിത്തം തുടൎന്നു. മഹാരാജാവിന്റെ പഠിത്തത്തിലുള്ള ചൊടിചൊടിപ്പും ഉന്മേഷവും പ്രശംസാർഹമായിരുന്നു. കാളേജുപ്രിൻസിപ്പാലും പ്രൊഫസ്സർമാരും മഹാരാജാവിന്റെ പഠിത്തത്തിലുള്ള പാടവത്തെ നിഗ്രഢമായി സ്തുതിച്ചുകൊണ്ടിരുന്നു. മഹാരാജാവിന് ബാല്യകാലത്തിൽതന്നെ മതപരമായ കൎമ്മാനുഷ്ഠാനങ്ങളിൽ അതിയായ നിഷ്ഠയും വിശ്വാസവും ഉണ്ടായിരുന്നു. ജാതിമതഭേദംകൂടാതെ എല്ലാ മതസ്ഥരുടേയും ക്ഷേമത്തെ സംരക്ഷിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രധാനമായ ലക്ഷ്യം എന്നു സംഭാഷണത്തിൽ പ്രസ്പഷ്ടമാക്കിയിരുന്നു. വേട്ട, വള്ളംകളി, പോളോകളി എന്നിത്യാദികളിലായിരുന്നു മഹാരാജാവിന് ഏററവും സന്തോഷകരമായ വിശ്രമസുഖങ്ങൾ. പഠിത്തം പൂൎത്തിയായ ഉടൻ ഭരണകാൎയ്യങ്ങൾ പഠിക്കാൻതുടങ്ങി. അതിലേക്കു സഹകരിച്ചതു മിസ്റ്റർ എം. എച്ച്. ജോൺസ് ഐ. സി. എസ്സ്. ആയിരുന്നു. തന്റെ പ്രജകളുടെ സുഖദുഃഖങ്ങളെ നേരിട്ടു മനസ്സിലാക്കാനായി മഹാരാജാവു രാജ്യത്തിന്റെ വിവിധഭാഗങ്ങളിലും രണ്ടു ദീർഘസഞ്ചാരങ്ങൾ ചെയ്തു. പ്രജകൾക്കു മഹാരാജാവിനോടുള്ള ഭയഭക്തി അനിതരസാധാരണമാകുന്നു ഈ കഴിഞ്ഞ വേനൽക്കാലത്തു മഹാരാജാവുതിരുമനസ്സുകൊണ്ടു സുഖവാസത്തിനായി സിംലായിൽ പോയിരുന്നപ്പോൾ സിംലായിലെ ഡിപ്ടികമ്മീഷണരുടെ മേൽനോട്ടത്തിൽ മജിസ്ത്രേട്ടുഉദ്യോഗം വഹിച്ചു കേസുകേൾക്കയും തീൎപ്പുചെയ്കയും ഉണ്ടായി. മേൽവിവരിച്ചപ്രകാരമുള്ള പ്രശസ്തമായ അഭ്യാസനവും സ്വാതന്ത്ര്യസിദ്ധമായ വിശാലാശയവും ദീനാനുകമ്പയും ഉള്ള മഹാരാജാവ് കീൎത്തിമാനായി സ്വപ്രജകളുടെ കണ്ണുണ്ണിയായി പ്രശോഭിക്കുമെന്നുള്ളതിൽ പക്ഷാന്തരത്തിനു വകയില്ലല്ലോ.

# വർഷകാലവർണ്ണന.

ഗ്രാമത്തിൽ കോയിത്തമ്പുരാൻ.

(യമകം.)

കവിസഭാരതിഭാരതിയേറെമേ-
ഏളിപരന്നുപരന്നുരസിപ്പതാം
യമകവാക്കിനെവാക്കിനൊടുക്കുവാൻ
തെളികമാമകമാമകതാരതിൽ. 1

തറയുറപ്പുകുറഞ്ഞൊരുകേരളം
പരിതപിക്കുവതിന്നിടയാകൊലാ
ഇതിമഴക്കിടയേറെയെടുക്കുവാൻ
ഭൃഗുതപസ്സുതപസ്സുകുറച്ചഹോ. 2

സസുരകാർമുകകാർമുകളിൽപരം
മൃഴിമയക്കുന്ന മിന്നലുമിന്നലും
ചെവിതകർന്നിടിയുന്നിടിയുമ്പെരു-
മ്മഴവരാനിടവന്നിടവത്തിലെ. 3

സഗൃഹമേഗൃഹമേധികളെത്തുവാൻ
സകലസംകലരുന്നുപരിഭ്രമം
ഇതിതിരിച്ചുതിരിച്ചുസരസ്സിലേ-
ക്കെതിരെയന്നരയന്നഖഗങ്ങളും. 4

കൊടുസമീരസമീരണയോടുക്രു-
ടിടയ വൃക്ഷിയിരുണ്ടുപുകഞ്ഞെഴും
നെടിയകാറുകൾകണ്ടുമദിച്ചവൻ-
മലയിൽനമ്മയിൽ നന്മയിലാടിനാൻ 5

അമൃതദീധിതികൈവശരാവുതെ-
ല്ലപഹരിച്ചുദിനത്തൊടുചേക്കയാൽ
ഘനതിരസ്കൃതനായ്മുകൽരാവുമായ്
വരവിലാരവി ലാഘവമേററഹോ 6

നവകളായകളായനറുമ്മലർ-
ക്കലകൾതൻെറനിറത്തിൽനിരത്തിടും
മുകിൽവിയത്തുമുഴക്കമുഴക്കയാൽ
ദ്രുതമിരട്ടിമിരട്ടിയിരുട്ടുകൾ 7

ജനവിയപ്പൊടുക്രുടിമുതിന്നെഴും
കരിമുകിൽപ്രകരംവിരളങ്ങളാം
പെരിയമത്തുകളൊത്തകണങ്ങളെ
വിതറവേതറവേവുമുയൻടൻ 8

കനകകേതകപൂപ്പൊടിവാടക്രു-
ടതിനെയോത്തുവെടിഞ്ഞുവരുന്നുവോ
ഇടിഭയത്തെയയത്തുഫണീന്ദ്രരാ
പ്പൊടിമണത്തെമണത്തെവിടത്തിലും 9

നിലവിടാൻതുനിയുന്നിതുപൊയ്കയൊ-
ന്നലസലാംസ്ഥിതിയെന്നുനിനയ്ക്കയാൽ
സിതസരോജകലാംകമിൾവേഷമായ്-
കൃതരസംകരയേക്കരയേറിയോ 10

മഴമുകിൽപ്പെരുവർഷധാററടിയാൽപത-
ഞ്ഞിളകിമുററിമറിഞ്ഞെഴമാഴിയിൽ
ഉടനയൻകഴിഞ്ഞുകടപ്പുറം
മെഴുകുമാറലമാമലസന്നിഭം 11

കരിമുകിൽപ്രകരംപുതുമാരിയാൽ
കരിമരുന്നുകൾപൂപ്പൊരിപോലവേ
വിരവിനോടുയരുംശലഭങ്ങൾതൻ
ചിറകുതിത്തുകതിത്തുനിലങ്ങളെ 12

അതിഭയങ്കരമാകിയവേനലിൽ
പ്രതിദിനംവെയിലേററുകരിഞ്ഞിടും
ലതമരപ്രകരാദിതളിത്തുനി-
ന്നതിതരാമഴകായ്മഴകാലവും 13



പരേതനായ ഗ്രാമത്തിൽ രാമവർമ്മകോയിത്തമ്പുരാൻ.

കേരളത്തിലെ അന്യാപദേശകവികളിൽ അഗ്രഗണ്യനായ ഇദ്ദേഹം അന്യാപദേശമാല, കുചേലവൃത്തം മണിപ്രവാളം, മീനകേതനചരിതം ചമ്പു (അച്ചടിച്ചിട്ടില്ല), രസസദുപണം (അച്ചടിച്ചിട്ടില്ല) പ്രസ്തീനാചരിത്രം നാടകം (അച്ചടിച്ചിട്ടില്ല) അനവധി ഒററശ്ലോകങ്ങൾ, എന്നതുകളുടെ കൎത്താവാകുന്നു.

മഴചൊരിഞ്ഞുനിറഞ്ഞുജലാശയം
കമലരാശിയളിഞ്ഞുനശിക്കയാൽ
കമലബാണനുമാനസതാരിനെ
ക്കവരുവാൻവരുവാനിടവന്നുപോൽ 14

ചെറുതരപ്പടിപച്ചകപ്പുച്ചെടി-
ക്കലകലുക്കിമരുത്തുനടക്കവെ
വിരഹിണീജനമാനസതാരുതൻ
ദളമുതിൻമുതിൻമനോജമാൽ. 15

വലിയവേനലുകൊണ്ടുവരണ്ടുപോ-
യടമുറിഞ്ഞൊഴുകാത്തസരത്തുകൾ
കരയടിച്ചുതകൎത്തുമരങ്ങൾവേർ
തവറുമാർവരുമാറുചമഞ്ഞുതേ. 16

ഇടവിടാതധരാപ്പുകലൊന്നിയേ
മഴയടിച്ചുപിടിച്ചുതകക്കയാൽ
പറവജാതികൾക്രൂട്ടിനകത്തുതാ-
നുപവസിച്ചുവസിച്ചുസദായ്പൊഴും 17

മിഥുനയാത്രയിലാരവിയാതിരേ-
ടിടയിലാണ്ടതുകൊണ്ടുസുധാനിധേഃ
വളരുമാധിയിൽമാറുപൊളിഞ്ഞെഴും
നവസുധാവസുധാംപ്രതിചോൻദേവാ 18

പ്രമദമാർമദമാൻമണാളരെ
നിപുണരായ്പുണരാസ്സനിമിത്തമായ്
സ്മരനുതാനിടയാനിടയ കുമെ-
ന്നളികളോത്തുവിളമ്പിവിളംബരം 19

ചെറിയകാനകനാറിമണത്തിനാ-
ലുലകുലച്ചുകുലച്ചുനെന്നതെ
കുസുമവില്ലനുതന്നുടെവില്ലിനെ
യുവകുലയ്ക്കുകുലയ്ക്കുകയായഹോ. 20

* പകപ്പുവകാശം ഗ്രന്ഥകൎത്താവിൻെറ കുടുംബത്തിലേക്ക്.


## പ്രകാശം സ്വർണ്ണാഭരണങ്ങൾ.




സ്വർണ്ണത്തിനു പകരമുള്ള
ഒരു യഥാർത്ഥ സാധനം
സ്വർണ്ണമുദ്രകളും, സാക്ഷിപത്രങ്ങളും ലഭിച്ചവ.
വളകൾ ജോടി ഒന്നിനു രൂപാ 3.
കാററ്ലാഗ് ഇനാം.
ആർ. എസ്സ്. പ്രകാശം ആൻഡ് കമ്പനി,
മെററൽജ്വലറിവർക്സ്, 187 മൈനാബസ്സാർറോഡ്,
ജി. റി. മദ്രാസ്.

## നാളികേരമാർക്ക

(കോക്കൊനട്ട്ബ്രാൻറ്.)

"ലോട്ടസ്ഹണി." കഴിഞ്ഞ കറാച്ചി കാൺഗ്രസ്സ്പ്രദർശനത്തിൽ മെഡലുകളും സർട്ടിഫിക്കററുകളും ലഭിച്ചതു്. ഇതു ഒരു പ്രകൃതിലബ്ധമായ ഔഷധമാണ്. സകല നയനരോഗങ്ങളേയും ശമിപ്പിക്കുന്നു. തിമിരം, ഗ്ലാക്കോമാ മുതലായവപോലും ശസ്ത്രക്രിയകൂടാതെ ഭേദമാകുന്നു ഡ്രാമിനു 2 രൂ. വിലകൂടാതെ കിട്ടുന്ന പുസ്തകത്തിനു അപേക്ഷിക്കുക.

**New Formula Co Kandi, Bengal.**

എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽ ആയിരിക്കണം.

കുഷ്ഠം, പാണ്ഡു മുതലായ
ത്വക്‌രോഗങ്ങൾക്കു്.

എത്ര കഠിനമായാലും ഭേദപ്പെടാത്തതായാലും എത്ര വ്യാപിച്ചിരുന്നതായാലും പഴക്കമുള്ളതായാലും, നാലാഴ്ചയ്ക്കകം നിശ്ശേഷം എന്നെന്നേക്കും സുഖപ്പെടുത്തുന്നതാണ്. വിജയം ഗാറൻറി ചെയ്യുന്ന വിവരങ്ങൾക്കു ആവശ്യപ്പെടുക.

Kamala Works, Panchpota
(M. Q.) Bengal.

# ചുണ്ണാമ്പ്.

എസ്സ്. എ. പിള്ള, കടയ്ക്കൽ.

കഴിഞ്ഞ ഒരുലക്കംചിത്രവാരികയിൽ ചുണ്ണാമ്പിനെക്കുറിച്ച് ഒരു രസകരമായ ലേഖനം ഈയുള്ളവനും ഒരു നോക്കുകാണുവാനിടയായി. അതിൽ അടങ്ങീട്ടില്ലാത്തതും എന്നാൽ അവശ്യം അറിഞ്ഞിരിക്കേണ്ടവയുമായ ചില സംഗതികൾകൂടി ഇവിടെ പ്രസ്താവിക്കുന്നതു് വാരികാവായനക്കാൎക്കു് രസപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ചുണ്ണാമ്പില്ലാത്ത സ്ഥാനം വളരെ കുറവു് തന്നെ. അതിനു "നൂറു"എന്ന അപരനാമം സിദ്ധിച്ചതു് എങ്ങനെയെന്നറിയുന്നില്ല. നീറു് എന്നതു് മാറി നൂറായിത്തീൎന്നതാണെന്നാണു് എനിക്കുതോന്നുന്നതു്. കക്കാ നീററി ചുണ്ണാമ്പാക്കുന്നതുകൊണ്ടു നീറു് എന്ന നാമധേയത്തിനും ചുണ്ണാമ്പു് അവകാശിയായിരിക്കാൻ ന്യായമുണ്ടു്. അതു് എങ്ങിനേയോ ഇരിക്കട്ടെ.

വെററിലമുറുക്കി (മുറുക്കു എന്ന പദം നന്നല്ലെന്നും അൎത്ഥവത്തല്ലാ എന്നും മുന്നൊരുലക്കം വാരികയിൽനിന്നും ഗ്രഹിക്കാൻ ഇടയായിട്ടുണ്ടു്. എങ്കിലും സൎവ്വസാധാരണമായി— നാടോടിയായിത്തീൎന്നുപോയിരിക്കുന്ന ഒരുവാക്കു് ഞാൻഅറിയാതെതന്നെ വന്നുപോയതാണു്) ന്റെ ആവശ്യം കടന്നുകൂടാത്തവീടുകൾ ഇക്കാലത്തു് ദുൎല്ലഭമായിത്തീൎന്നിരിക്കുന്നതിനാൽ എല്ലാവീടുകളിലുംചുണ്ണാമ്പിനു് സ്ഥാനം ലഭിച്ചുകഴിഞ്ഞിരിക്കുന്നു. ഇതിനു വില വളരെ കുറവാണെങ്കിലും ഇതിന്റെ ഉപയോഗം ആലോചിക്കുന്നപക്ഷം ഗുരുതരമാകുന്നു. സമുദ്രത്തിൽ കിടക്കുന്ന കക്കാ വാരിഎടുത്തു് നീററിയാണല്ലൊ ചുണ്ണാമ്പുണ്ടാക്കുന്നതു്. കക്കാനീററുന്നിടത്തുനിന്നു പുറപ്പെടുന്ന ദുൎഗ്ഗന്ധം ഇന്നതരത്തിലെന്നു് വൎണ്ണിക്കുക അസാധ്യമത്രെ. വെററിലമുറുക്കുമ്പോൾ ഇതേപ്പററി വല്ലതും ആലോചിക്കാറുണ്ടോ?

വൈദ്യശാസ്ത്രപ്രകാരം ഇതിനെക്കുറിച്ചു് ഒരു ഗുണദോഷനിരൂപണം ചെയ്യുന്നപക്ഷം സ്പൎശത്തിൽ വളരെ തണുത്തതാണെന്നും, എന്നാൽ വീൎയ്യത്തിൽ അത്യുഷ്ണമാണെന്നുംതന്നെയാണു കല്പിക്കേണ്ടതു്. "ഉഷ്ണം ഉഷ്ണേനശാന്തി" എന്നുള്ള തത്വംയഥാൎത്ഥമെങ്കിൽ ഉഷ്ണവീൎയ്യത്താൽ ഉൽഭൂതമാകുന്ന പല വ്യാധികളേയും പരിഹരിക്കുന്നതിനു് ചുണ്ണാമ്പു് ഒരു ദിവ്യൗഷധമായിരിക്കണമല്ലൊ. വാസ്തവവും അങ്ങനെതന്നെ. വാതരോഗശമനത്തിനു് ഒരു കൈകണ്ട മരുന്നാണു ചുണ്ണാമ്പെന്നു അഭിപ്രായമുണ്ടു്. അതുപോലെതന്നെ രക്തപ്രവാഹംമുതലായ രക്തവികാരങ്ങളെ ജയിക്കുന്നതിനും ഈ സാധനത്തിനുള്ള ശക്തി അത്ഭുതാവഹമത്രെ. തീപ്പൊള്ളലിനു് ഒരു കൈമരുന്നായി ഇതിനു് സ്ഥാനംലഭിച്ചിട്ടു കാലം വളരെയായിരിക്കുന്നു. സാമാന്യമായുള്ള ഏതു തീപ്പൊള്ളലിനും ചുണ്ണാമ്പുകലക്കി തെളിഞ്ഞവെള്ളം ഏകദേശം പത്തുമിനിററുനേരം ധാരവീഴ്ത്തുന്നപക്ഷം വളരെ ഗുണംലഭിച്ചുകണ്ടിട്ടുണ്ടു്. ഇതിലേക്കു കാൽറാത്തൽചുണ്ണാമ്പു് മൂന്നിടങ്ങഴിവെള്ളത്തിൽ ശരിയായികലക്കി രണ്ടുമണിക്കൂൎനേരം അടച്ചുവച്ചിരുന്നു് വെള്ളം തെളിച്ചെടുക്കണമെന്നാണു് നിയമം. എന്നാൽ തീപ്പൊള്ളൽ വിചാരിച്ചിരിക്കാതെ പെട്ടെന്നു സംഭവിക്കുന്ന ഒന്നാകയാൽ ഇത്രയും സമയം പ്രതീക്ഷിച്ചിരുന്നു മരുന്നുണ്ടാക്കി ഉപയോഗിക്കുന്നതിനു് സാധിക്കയില്ലല്ലൊ. അതിനാൽ ചുണ്ണാമ്പു് വെള്ളത്തിൽ ശരിയായി കലക്കി, അതിന്റെ അംശങ്ങൾ അടിയിൽ ഉറഞ്ഞുകഴിഞ്ഞാൽ ഉടൻ വെള്ളം തെളിച്ചെടുത്തുകൊള്ളുന്നതിൽ വിഷമമില്ല. ഇതിലേക്കു കഷ്ടിച്ചു അഞ്ചുമിനിററുതന്നെ വേണ്ടിവരികയില്ല. തീപ്പൊള്ളലിനു ചുണ്ണാമ്പുകൊണ്ടുള്ള ഒരു ദിവ്യൗഷധം കണ്ടുപിടിച്ചിട്ടുണ്ടു്. ഇതു വളരെനാൾ കേടുകൂടാതെ തയ്യാറാക്കി സൂക്ഷിച്ചുവച്ചുകൊള്ളാൻ സാധിക്കുന്നതുമാകുന്നു.

ചുണ്ണാമ്പുവെള്ളത്തിന്റെ തെളിയും അതിൽഇരട്ടി വെളിച്ചെണ്ണയും (ഉടനടി ഉപയോഗിക്കുന്നതിനാണെങ്കിൽ തേങ്ങയുടെതനിപ്പാൽ ഉത്തമമാകുന്നു) ചേൎത്തു ഒരുകുപ്പിയിലാക്കി ഒരുമണിക്കൂൎനേരം ഇടവിടാതെ ശരിയായി കുലുക്കി യോജിപ്പിച്ചു തൊട്ടുപിരട്ടിയാൽ തീപ്പൊള്ളലിനു് അത്യുത്തമമായ ഒരൗഷധമാകുന്നു. ഇതു് അനുഭവത്തിൽ ധാരാളം അറിഞ്ഞിട്ടുമുണ്ടു്. ഇതു തൽക്ഷണം ഉണ്ടാക്കി ഉപയോഗയോഗ്യമാക്കിത്തീൎക്കുന്നതിനു സാധ്യമല്ലാത്തതിനാൽ മുൻകൂട്ടി തയാറുചെയ്തു വീടുകളിൽ സൂക്ഷിച്ചിരിക്കേണ്ടതു് അത്യാവശ്യമാകുന്നു. ഇതു പാകപ്പെടുത്തി വച്ചിരുന്നാൽ വളരെനാൾ യാതൊരു കേടും കൂടാതെയിരിക്കുന്നതുമാണു്. ഉപയോഗിക്കുന്ന അവസരത്തിൽ ഒന്നുകൂടി കുലുക്കി യോജിപ്പിച്ചുകൊണ്ടാൽമാത്രംമതിയാകും.

രണ്ടുമണിക്കൂൎസമയംകൊണ്ടു ചുണ്ണാമ്പുകലക്കിതെളിച്ചെടുത്തിട്ടുള്ള വെള്ളം കുപ്പികളിലാക്കി സൂക്ഷിക്കുന്നതു് നന്നാണു്. ഇതുകൊണ്ടു പല ഉപയോഗങ്ങളും ഉണ്ടു്. ചെറുതരം മുറിവുകളിൽ ചുണ്ണാമ്പുതേച്ചാൽ ആശ്വാസം ലഭിക്കയും രണ്ടുമൂന്നുദിവസത്തിനകം മുറിവു ഉണങ്ങുകയും ചെയ്യുന്നുണ്ടു്. പക്ഷെ അതു പ്രയോഗിക്കുമ്പോഴത്തെ അതിവേദന സഹിക്കുന്നതിനു അല്പം വിഷമമുണ്ടു്. ചുണ്ടയ്ക്കാ, വഴുതനങ്ങാ, വാഴയ്ക്കാമുതലായ ചില കറിപദാൎത്ഥങ്ങളുടെ കാറൽകളഞ്ഞു് ശുദ്ധമാക്കുന്നതിനു ചുണ്ണാമ്പു അത്യന്താപേക്ഷിതമാകുന്നു. ഇതുചേൎത്തു ശുദ്ധിചെയ്യുന്ന പദാൎത്ഥങ്ങൾപിന്നീടു രണ്ടുമൂന്നുപ്രാവശ്യം ശുദ്ധജലത്തിൽ ശുദ്ധമാക്കിക്കൊള്ളേണ്ടതുമാണു്. ഇതിൽനിന്നും ചുണ്ണാമ്പിനു ശുദ്ധീകരണശക്തി കൂടുതലുണ്ടെന്നു വ്യക്തമാകുന്നു.

ഇത്രയും പറഞ്ഞതിൽനിന്നും ചുണ്ണാമ്പിന്റെ ബാഹ്യോപയോഗങ്ങൾ ഏതാണ്ടു വ്യക്തമായിട്ടുണ്ടല്ലൊ. എന്നാൽ ചില വ്യാധികളിൽ ഇതു് ഉള്ളിൽ ഉപയോഗിക്കുന്നതിനു പററിയ ഒരു ഔഷധമാണെന്നു പ്രസിദ്ധ ചികിത്സാനിപുണനായിരുന്ന ഡാക്ടർ വാറിംഗ്സായ്പവർകൾ എഴുതീട്ടുള്ള ഒരു വൈദ്യഗ്രന്ഥത്തിൽ കാണുന്നു. "കടൈമരുന്തുകളും അവററിൻ ഉപയോഗവും" എന്നത്രെ ആ തമിഴ്ഗ്രന്ഥത്തിന്റെ പേരു്. അതിൽ പല ഔഷധങ്ങളെക്കുറിച്ചും അവയുടെ വിലതീരാത്ത ഉപയോഗങ്ങളെക്കുറിച്ചും സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. അതിൽ ഒന്നാണു് "ചുണ്ണാമ്പുതണ്ണീർ" (Lime Water). അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ചുണ്ണാമ്പുവെള്ളം തയാറാക്കേണ്ടതു് ഇപ്രകാരമാകുന്നു:– "പുതിയ അരറാത്തൽ ചുണ്ണാമ്പിൽ കുറേശ്ശക്കുറേശ്ശയായി ആറിടങ്ങഴി ശുദ്ധജലം ഒഴിച്ചു് അല്പമായി ഒന്നു കലക്കി ഒരുഭാഗത്തു അടച്ചു സൂക്ഷിക്കണം. ചുണ്ണാമ്പു മുഴുവൻ അടിയിൽ ഉറഞ്ഞു വെള്ളം തെളിഞ്ഞുകിട്ടുന്നതിനു കുറഞ്ഞതു രണ്ടുമണിക്കൂർ സമയമെങ്കിലും ഇപ്രകാരം അടച്ചു സൂക്ഷിക്കേണ്ടതാകുന്നു. അത്രയും സമയം കഴിയുമ്പോൾ ശുദ്ധസ്ഫടികനിറത്തിൽ മീതെ തെളിഞ്ഞുനിൽക്കുന്ന വെള്ളം ഒരു ശുദ്ധമായ തുണിയിൽ അരിച്ചെടുത്തു കൎക്കാക്കുള്ള കുപ്പികളിൽ സൂക്ഷിക്കണം. എന്നാൽ പെട്ടെന്നു വേണ്ടിവരുന്ന അത്യാവശ്യഘട്ടങ്ങളിൽ ഇത്രയും സമയംകൊണ്ടു സാവധാനത്തിൽ തയാറാക്കിഎടുക്കുക എന്നതു് ക്ഷന്തവ്യമായ ഒരു കാൎയ്യമല്ലായിരിക്കാം. അപ്രകാരമുള്ള വേളയിൽ അരമണിക്കൂൎസമയംകൊണ്ടു് മേൽപ്രകാരം കുറഞ്ഞ അളവിൽ തൽക്കാലോപയോഗത്തിനു മാത്രം ചുണ്ണാമ്പുവെള്ളം തയാറാക്കിക്കൊള്ളണമെന്നും അദ്ദേഹം തന്റെ ഗ്രന്ഥത്തിൽ വിധിച്ചിട്ടുണ്ടു്. കുലയെരിവു്, ഉഷ്ണാധിക്യം, എരക്കുടൽവേദന, പുളിച്ച ഏമ്പക്കം, കൂടുതലായ അജീൎണ്ണം, ഛൎദ്ദി, ഉഷ്ണത്താലുണ്ടാകുന്ന മഞ്ഞമൂത്രം മുതലായ അനേകം വ്യാധികൾക്കു മേൽപ്രകാരം തയാറാക്കിട്ടുള്ള ചുണ്ണാമ്പുവെള്ളത്തിൽ രണ്ടു ഔൺസു് എടുത്തു് അതിൽ രണ്ടു ഔൺസു പശുവിൻപാലുകൂടി ചേൎത്തു ഒരുനേരമായി ഉപയോഗിക്കണം. ദിവസം മൂന്നുപ്രാവശ്യം വീതം ഇപ്രകാരം പ്രയോഗിച്ചാൽ ഈ വ്യാധികൾക്കു ഗണ്യമായ ശമനം ഉണ്ടാകുന്നതാണു്. ഇതുപോലെതന്നെ കൂടുതലായ വയറുകടിക്കും (രക്തക്കടുപ്പു്) ഉപയോഗിക്കാവുന്നതാണു്. കുഞ്ഞുങ്ങൾക്കുണ്ടാകുന്ന വയറുകടിക്കും, വയറിളക്കത്തിനും ഒരു ടീസ്പൂൺ ചുണ്ണാമ്പുവെള്ളം രണ്ടു ടീസ്പൂൺ പാലിൽ ചേൎത്തു മൂന്നോ നാലോ നേരം കൊടുത്താൽ ശമനം ലഭിക്കുന്നതുമാകുന്നു. ഇപ്രകാരം അനേകം വ്യാധികൾക്കു ഒരു ശമനനായി ശുദ്ധീകരണശക്തനായി ചുണ്ണാമ്പു് ഓരോ വീടുകളിലും പരിലസിക്കുമാറാകട്ടെ.

---

# ശ്രീരാമവിലാസം ബുക്ക്ഡിപ്പോ—കൊല്ലം.

ബ്രാഞ്ചുകൾ—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.

## നോവലുകൾ.

| | ക. | ണ. | സ. |
|---|---|---|---|
| അഹിഭയം അഥവാ കേരളകാളിദാസൻ. | 1 | 8 | 0 |
| സത്യഗ്രാഹി. | 1 | 8 | 0 |
| വിജയലക്ഷ്മി. | 0 | 4 | 0 |
| ചമ്പകമാല അഥവാ വനേശരാജ്യത്തിലെ ഒരു ഘാതകൻ. | 0 | 10 | 0 |
| ദേവകി. | 0 | 8 | 0 |
| അംഗനാചുംബനം ഒന്നാംഭാഗം. | 0 | 12 | 0 |
| രണ്ടാംഭാഗം. | 0 | 12 | 0 |
| മൂന്നാംഭാഗം. | 1 | 0 | 0 |
| മൂന്നുഭാഗങ്ങളും ചേൎന്നതിന് | 2 | 4 | 0 |
| അരമനരഹസ്യം. | 1 | 0 | 0 |
| താരാഭായി. | 1 | 0 | 0 |
| കാലൻെറ കൊലയറ ഒന്നാംതരം. | 1 | 4 | 0 |
| രണ്ടാംതരം | 1 | 0 | 0 |
| മരതകമണി. | 0 | 12 | 0 |
| പ്രേമധാമം അഥവാ സുവൎണ്ണകുമാരി | 0 | 12 | 0 |
| മലയൻ അഥവാ മലേഷ്യയിലെ കമുദപ്രിയതമൻ. | 0 | 12 | 0 |
| കമലാഭായി. | 1 | 0 | 0 |
| നാഗേശ്വരൻ അഥവാ കപടരാജാവ്. | 1 | 0 | 0 |
| വീരകേസരി. | 1 | 0 | 0 |
| ചിത്രലേഖ | 0 | 12 | 0 |
| അമരസിംഹൻ | 0 | 12 | 0 |
| ഡൊരത്ഥിണി മുഴകാലിക്കോബയൻറു് | 1 | 0 | 0 |
| സാധാരണബയൻറു്. | 0 | 12 | 0 |
| കുസുമോത്സവം. | 1 | 8 | 0 |
| ഇന്ദിര. | 1 | 0 | 0 |
| പ്രണയപാശം. | 1 | 0 | 0 |
| വാസിനി. | 0 | 12 | 0 |
| മേനിക്കടലാസ്. | 1 | 0 | 0 |
| അവളുടെ അത്ഭുതപ്രേമം. | 0 | 8 | 0 |
| പ്രണയപ്രതികാരം. | 1 | 0 | 0 |
| ബാങ്കർ ചന്ദ്രശേഖരൻ. | 0 | 12 | 0 |
| കഷ്ടം അഥവാ സെസിലിയുടെ പ്രണയം | 0 | 4 | 0 |
| മായാമണ്ഡലം. | 1 | 8 | 0 |
| കനകമംഗലം. | 1 | 0 | 0 |

## ജീവചരിത്രങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശ്രീരാമകൃഷ്ണദേവൻ. | 0 | 12 | 0 |
| വിവേകാനന്ദസ്വാമികൾ | 0 | 4 | 0 |
| മഹാത്മാഗാന്ധി. | 0 | 2 | 0 |
| ശ്രീമച്ഛങ്കരാചാൎയ്യർ. | 0 | 4 | 0 |
| ഗുരുനാനാക്ക്. | 0 | 4 | 0 |
| ലാലാലജപതറായി. | 0 | 4 | 0 |
| പണ്ഡിതമോതിലാൽനെഹ്റു. | 0 | 8 | 0 |
| ഹെൻറിഫോർഡ്. | 0 | 8 | 0 |
| മുഹമ്മദുനബി. | 2 | 0 | 0 |
| ജനറൽ ഗാർഫീൽഡ് അഥവാ സാൎവഭൗമനായിത്തീൎന്ന കൃഷകബാലൻ. | 0 | 4 | 0 |
| ഡാക്ടർ ലിവിംഗ്സ്റ്റൺ. | 0 | 4 | 0 |
| ബുദ്ധിമാനായ അഹിക്കർ. | 0 | 4 | 0 |
| വിക്ടോറിയാമഹാറാണി. | 0 | 8 | 0 |

## ചെറുകഥകൾ.

| | ക. | ണ. | സ. |
|---|---|---|---|
| കഥാവല്ലരി ഒന്നാംഭാഗം. | 0 | 4 | 0 |
| ബാഷ്പാങ്കുരം | 0 | 8 | 0 |
| മുരളീഗാനം മുതലായ ചെറുകഥകൾ. | 0 | 4 | 0 |
| രാധാറാണി. | 0 | 3 | 0 |
| വൃദ്ധാചലൻ. | 0 | 4 | 0 |
| സുഭദ്ര. | 0 | 4 | 0 |
| ബട്ട്ളർ പപ്പൻ. | 0 | 4 | 0 |

## വ്യാകരണഗ്രന്ഥങ്ങൾ.

| | ക. | ണ. | സ. |
|---|---|---|---|
| ശബ്ദമുക്താവലി മലയാളം പാക്കറ്റുനിഘണ്ടു | 1 | 4 | 0 |
| ശബ്ദരൂപാവലി പ്രഥമഭാഗം. | 0 | 3 | 0 |
| അമരകോശം മൂന്നുകാണ്ഡം സാരാൎത്ഥബോധിനി എന്ന വ്യാ: സഹിതം | 1 | 0 | 0 |
| കുമാരസംഭവം സവ്യാഖ്യാനം. | 1 | 0 | 0 |
| സിദ്ധരൂപം | 0 | 3 | 0 |
| പ്രയോഗദീപിക | 1 | 8 | 0 |

---

ശ്രീരാമവിലാസം പ്രസ്സിനോട് അനുബന്ധിച്ചിട്ടുള്ള "ശ്രീരാമവിലാസം"

# ഫൈൻ ആർട്ട്സ് സ്റ്റുഡിയോയിൽ

ഹാഫ്ടോൺബ്ളാക്കുകൾ, ലൈൻബ്ളാക്കുകൾ, വിവിധവൎണ്ണമഷികളിലടിക്കാവുന്ന ബ്ളാക്കുകൾ മുതലായവ പരിഷ്കൃതരീതിയിൽ കൃത്യസമയത്ത് കുറഞ്ഞ റേറ്റിൽ ചെയ്തുകൊടുക്കുന്നതാണ്.

തിരുവിതാംകൂറുകാരുടെ വകയായ ഏക

# ബ്ളാക്കുനിൎമ്മാണശാല ഇതുമാത്രം.

അപേക്ഷിക്കേണ്ടും മേൽവിലാസം,— ശ്രീരാമവിലാസം ഫൈൻ ആർട്ട്സ് സ്റ്റുഡിയൊ—കൊല്ലം

THE MALAYALA RAJYAM

31st DEC. 1934. CHITRAVARIKA. Vol. VII No 17

# ബാംബെ മെഡിക്കൽഹാൾ, കൊല്ലം.

ഞങ്ങളുടെ ചില സിദ്ധൌഷധങ്ങൾ.

അനവധി സർട്ടിഫിക്കററുകൾ ലഭിച്ച
ആരോഗ്യസുധ എന്ന

## കാമബാണരസായനം



രക്തശുദ്ധിക്കും ശുക്ലവൎദ്ധനയ്ക്കും ദേഹപുഷ്ടിക്കും ശ്രേഷ്ഠവും മറെറല്ലാ രോഗങ്ങളെയും ശമിപ്പിക്കുന്നതിന്ന് അദ്വിതീയവുമായ സിദ്ധയോഗം. ധാതുപുഷ്ടിക്ക് ഇത്ര നല്ല ഔഷധം വേറെ ഇല്ല. അമിതഭോഗത്താലോ പ്രകൃതിവിരുദ്ധങ്ങളായ ആഭാസപ്രവൃത്തികളാലോ ഉണ്ടാകുന്ന മൂത്രച്ചുടിൽ, അസ്ഥിസ്യുരുക്കം, മേഹപ്പോക്ക്, പഴുപ്പുപോക്ക്, സ്വപ്നസ്ഖലനം, മൂത്രം ഒഴിച്ചതിന്ന മുമ്പും പിമ്പും ഉണ്ടാകുന്ന ശുക്ലസ്രാവം, ശുക്ലം മൂത്രത്തിൽ കലൎന്നുപോകുക, ഉഷ്ണപ്പുണ്ണ മുതലായ കഷ്ടാൽകഷ്ടതരങ്ങളായ ഭയങ്കരവ്യാധികളെ നിശ്ശേഷം മാററി ശരീരത്തിന്ന് ഓജസ്സും തേജസ്സും നൽകി, കോമളന്മേഷമായുളളത പ്രദാനം ചെയ്യുന്നതിന്ന് ഇത്ര ശക്തിയുളള ഔഷധം വേറെ അറിയപ്പെട്ടിട്ടില്ല.

സ്നേഹിതന്മാരേ!

മേൽ പറഞ്ഞ രോഗങ്ങൾ പിടിപെട്ടവർ, കണ്ണുകുഴിഞ്ഞു്, കവിളൊട്ടി, തോൾ ഇടിഞ്ഞുതാണു് കയ്യും കാലും മെലിഞ്ഞു്, വിളറിവെളുത്തു് എല്ലുംതോലുമായി, വിളവുകൾക്ക കണ്ണുപെടാതെ നാട്ടിനിറുത്തുന്ന കോലംപോലെ വിലക്ഷണരൂപികളായിത്തീരുന്നു. പഴുപ്പുപോക്കാണെങ്കിൽ അതിന്റെ ദുൎഗ്ഗന്ധവും, ക്ഷീണവും, ദേഹത്തിന്റെ ചുടിച്ചിലും, നടക്കാനോ നിൽക്കാനോ ഇരിക്കാനോ നല്ലപോലെ സംസാരിക്കാനോ ശക്തിയില്ലായ്കയാലുളള വിഷമവും ഒരുവനാൽ സഹിക്ക സാദ്ധ്യമോ? തന്നിലും പ്രായംകുറഞ്ഞ ബാലന്മാരും തന്റെ സമപ്രായക്കാരും ഒരിക്കൽ തന്നേക്കാൾ എത്രയോ ശക്തികുറഞ്ഞവരായിരുന്നിട്ടും ഇപ്പോൾ അവരോട്ട് അടുത്തുനിന്നു സംസാരിക്കാൻകൂടി ശേഷിയില്ലാത്ത ആ സ്ഥിതി എത്ര വ്യസനകരം!

ഇതോടുകൂടി ൨ രൂപാ വിലയുളള മാൻകൊമ്പുഭസ്മം കൂടി വരുത്തി ഉപയോഗിക്കണം.

15 ദിവസം 30 നേരം സേവിക്കാനുളള ടിൻ ഒന്നുക്കു
വില രൂപാ 2.
(അഞ്ചൽകൂലി പുറമെ.)

## പിത്തകുലാന്തകൻ.

പിത്തരോഗികൾക്കു് ഒരു വലിയ
അനുഗ്രഹം.



അതിദാഹം, ശരീരത്തിന്റെ മഞ്ഞളിപ്പ്, ദേഹം എല്ലായ്പോഴും വിയർക്കുക, ശരീരത്തിന്ന ചൂടുണ്ടാകുക, ക്ഷീണം, കോപശീലം, വായിൽ നിന്നും പുളിപ്പും കൈപ്പും ഉളള വെളളം ഊറുക മുതലായ പിത്തസംബന്ധമായ രോഗങ്ങളെ ഈ മരുന്നു നിശ്ശേഷം നശിപ്പിക്കുന്നതാണു്. കണ്ണിന്റെ മലക്കം, ഹൃദയത്തിന്റെ അസ്വാസ്ഥ്യം, ശരീരത്തിന്റെ വേദന, കണ്ണിൽകാണുന്ന സാധനങ്ങൾ മഞ്ഞനിറത്തോടുകൂടി ചലിക്കുന്നതുപോലെ തോന്നുക, എപ്പോഴും കിടക്കത്തക്കവണ്ണം ശരീരത്തിന്ന തളച്ച് ബാധിക്കുക, എപ്പോഴും മയക്കം ഉണ്ടാവുക. ഉറക്കത്തിൽ ദുഃസ്വപ്നം കാണുക, മൂത്രം മഞ്ഞളിച്ചു പോവുക, കൈകാൽകഴപ്പ്, നടക്കാൻ വൈഷമ്യം തോന്നുക, ഭക്ഷണത്തിൽ അരുചി തോന്നിക്കുക മുതലായ പിത്തസംബന്ധമായ മററു സുഖക്കേടുകൾക്കും ഈ ഔഷധം കൈകണ്ട ഫലത്തെ ചെയ്യുന്നതാണു്.

30 നേരം സേവിക്കാനുളള മരുന്നടങ്ങിയ ഡപ്പി ഒന്നുക്കു
വില രൂപാ 2.

## ശ്രീ ശല്യതിലകാഗകല്പിതം

ശരീരസന്ധികൾ, അസ്ഥി, മജ്ജ ഇവകളെ ആശ്രയിച്ചതും മാംസം, ത്വക്ക് ഇവയെ ബാധിച്ചതുമായ രക്തദോഷം, കുഷ്ഠം, ഞരമ്പുകൾക്കുളളിലുണ്ടാകുന്നതായ നാളീവ്രണം, അൎബ്ബുദം ഭഗന്ദരം, ഗണ്ഡമാല, പാദചക്രം, പാദകണ്ടകം, വാതരക്തം മുതലായവകളേയും വിശിഷ്യ, കഴുത്തിന്മുകളിലുണ്ടാകുന്ന രക്തദുഷ്യവ്രണങ്ങളേയും ശമിപ്പിക്കും. ക്ഷയം, അരുചി, പീനസം, കാസം, ശോഷം, അൎശസ്സ്, ശ്വാസംമുട്ട്, മേഹം, ക്ഷതം ഇവകളേയും ശമിപ്പിക്കും.

4 ഔൺസു കുപ്പി ഒന്നുക്കു വില രൂപാ 1. അണ 4.

കൂടുതൽ വിവരം അറിയേണ്ടവർ 12 കാശു് (തപാലിൽ ഒരു അണ.) സ്റ്റാമ്പുസഹിതം അപേക്ഷിക്കുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ബാംബെ മെഡിക്കൽഹാൾ, കൊല്ലം—തിരുവിതാംകൂർ.

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.